നിലവിലുള്ള ഭരണസംവിധാനത്തിന് കാതലായ മാറ്റം വരുത്തി ജനങ്ങൾക്ക് സേവനം ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സിവിൽസർവീസ് ഗുണകരമായി മാറ്റുന്നതിനും വേണ്ടിയുള്ള സർക്കാരിന്റെ ഇച്ഛാശക്തിയെയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് നടപ്പാക്കാനുള്ള സർക്കാർ നിലപാടിനെയും യൂണിയൻ സ്വാഗതം ചെയ്യുന്നു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം സംബന്ധിച്ച യൂണിയൻ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം കേരളത്തിന്റെ വിശാല താൽപര്യവും, സമഗ്രവികസനവും പരിഗണിച്ചു വേണം.

2 ഐ.എ.എസിലേക്ക് കടന്നുവരുന്നതിനുള്ള കേവല സംവിധാനമായി ഇതിനെ സങ്കുചിതമായി പരിമിതപ്പെടുത്തരുത്. ഐ.എ.എസ്. കേഡറിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് മാത്രമാകരുത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്.

3 മൂന്നാം ഭരണപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് എല്ലാ വകുപ്പുകളിലേക്കും അർഹരായ ജീവനക്കാർക്ക് നിയമനം ലഭിക്കാവുന്ന തരത്തിൽ സുതാര്യമായ സ്റ്റേറ്റ് സിവിൽസർവീസ് രൂപീകരിക്കണം. എന്നാൽ ഇപ്പോഴത്തെ ഉത്തരവിൽ പതിനെട്ട് വകുപ്പുകളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന സിവിൽസർവ്വീസിലെ മിഡിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് രൂപം നൽകുമ്പോൾ പതിനെട്ടു വകുപ്പുകൾ മാത്രമല്ല, സിവിൽസർവ്വീസിലെ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തണം. അതോടൊപ്പം പൊതുഭരണം, ധനം, നിയമം ഉൾപ്പെടെയുള്ള സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളെയും കെ.എ.എസിൽ ഉൾപ്പെടുത്തണം. എല്ലാ വകുപ്പുകളിലെയും മിനിസ്റ്റീരിയൽ/ടെക്നിക്കൽ/നോൺ ടെക്നിക്കൽ/പ്രൊഫഷണൽ വ്യത്യാസമില്ലാതെ രണ്ടാമത്തെ ഗസറ്റഡ് തസ്തികയുടെ പത്തുശതമാനം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തണം.

4 തസ്തികയുടെ എണ്ണം കുറവുള്ള കാറ്റഗറികളിലും വകുപ്പുകളിലും നിലവിലുള്ള പ്രമോഷൻ ആനുകൂല്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന തീരുമാനം എടുക്കണം.

5 കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ എൻട്രി കേഡർ അണ്ടർ സെക്രട്ടറിക്കും ഹയർഗ്രേഡ് ഡെപ്യൂട്ടി സെക്രട്ടറിക്കും സീനിയർ ഗ്രേഡ് ജോയിന്റ് സെക്രട്ടറിക്കും സെലക്ഷൻ ഗ്രേഡ് അഡീഷണൽ സെക്രട്ടറിക്കും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിക്കും തുല്യമാക്കേണ്ടതാണ്. ഈ തസ്തികകളിൽ റേഷ്യോ പ്രമോഷൻ ഉറപ്പാക്കണം.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ എൻട്രി കേഡറിലേക്കുള്ള നിയമനം 1:1 എന്ന അനുപാതത്തിൽ തസ്തിക മാറ്റം മുഖേനയും നേരിട്ടുള്ള നിയമനത്തിലൂടെയും നടത്തണം. ആകെയുള്ള തസ്തികകളിൽ 50% ഉൾപ്പെടുത്തിയ വകുപ്പുകളിലെ ഒന്നാമത്തെ ഗസറ്റഡ് തസ്തികയിൽ നിന്നും തസ്തികമാറ്റം മുഖേന നിയമിക്കപ്പെടണം. ബാക്കി 50 ശതമാനം നേരിട്ടുള്ള നിയമനമായിരിക്കണം. നേരിട്ടുള്ള നിയമനത്തിന് നീക്കിവയ്ക്കുന്ന തസ്തികകളിൽ പകുതി (ആകെ തസ്തികയുടെ 25%) കാറ്റഗറി ഭേദമന്യേ സംസ്ഥാന സിവിൽസർവ്വീസിലെ നിശ്ചിത യോഗ്യതയുള്ള ജീവനക്കാർക്ക് നീക്കിവയ്ക്കണം.

7 കെ.എ.എസ് ലേക്കുള്ള നിയമനം പി.എസ്.സി. മത്സര പരീക്ഷയിലൂടെ നിശ്ചയിക്കണം.

8 യോഗ്യത ബിരുദമായി നിശ്ചയിക്കണം. പി.എസ്.സി യുടെ നിലവിലുള്ള സംവരണ തത്വങ്ങളും നിയമനത്തിനുള്ള പ്രായപരിധിയും ബാധകമാക്കണം.

9 ഓരോ വർഷവും ഒഴിവുകൾ കണക്കാക്കി നിയമനം നൽകുന്ന രീതി ഉറപ്പാക്കണം.

10 നേരിട്ടുള്ള നിയമനത്തിന്റെ പ്രായപരിധി 28 എന്നത് 33 ആക്കി ഉയർത്തി നിശ്ചയിക്കണം. സംവരണ വിഭാഗത്തിന്റെ പ്രായപരിധി 40 ആക്കണം.

ജനറൽ സെക്രട്ടറി

കേരള റവന്യൂ ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ

KRDSA

സംസ്ഥാന കമ്മിറ്റി

ജോയിന്റ് കൗൺസിൽ ബിൽഡിംഗ്, തിരുവനന്തപുരം-1
E-mail: krdsa.co.cc@gmail.com

ഫോൺ: 0471-2330731
ഫാക്സ് : 0471-2330731

ജയശ്ചന്ദ്രൻ കല്ലിംഗൽ
പ്രസിഡന്റ്
ഫോൺ : 9895755693

എ. സുരേഷ്കുമാർ
ജനറൽ സെക്രട്ടറി
ഫോൺ : 9447824561

ബി. അശോക്
വൈസ് പ്രസിഡന്റ്

ബിന്ദു രാജൻ
വൈസ് പ്രസിഡന്റ്

എ. ഹരിശ്ചന്ദ്രൻ നായർ
സെക്രട്ടറി

ജി. ജയകുമാർ
സെക്രട്ടറി

ജി.കെ. പ്രദീപ്
സെക്രട്ടറി

ജി. സുധാകരൻ നായർ
ഖജാൻജി

നമ്പർ: 137/2016 തീയതി: 15.10.2016

പ്രിൻസിപ്പൽ സെക്രട്ടറി
ഭരണപരിഷ്കാര വകുപ്പ്

സർ,

വിഷയം : **കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആശങ്കകളും പരിഹാര നിർദ്ദേശങ്ങളും സംബന്ധിച്ച്: -**

സൂചന : **സർക്കാരിന്റെ 31.08.2016 ലെ 803512/ AR- 12 (1)/2016/ P&ARD നമ്പർ കത്ത്**

അഖിലേന്ത്യാ സിവിൽ സർവ്വീസിനും താഴെ തട്ടിലുള്ള സർവ്വീസുകൾക്കും ഇടയിൽ ഒരു മിഡിൽ മാനേജ്മെന്റ് എന്ന നിലയിൽ കേരള സിവിൽ സർവ്വീസിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ അരനൂറ്റാണ്ടായി തുടർന്നു പോരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുമ്പോൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട വിഷയമാണിതെന്ന വസ്തുതയുമുണ്ട്. നിലവിലെ ഉത്തരവിൽ പറയുന്ന 18 സർവ്വീസുകളിലെ 7012 ആദ്യ ഗസറ്റഡ് തസ്തികയിലുള്ളവരുടെ തുടർ പ്രൊമോഷൻ സംബന്ധിച്ച ആശങ്കയാണ് ഇതിൽ പ്രധാനം. അതിൽ തന്നെ നേരിട്ടു നിയമനം നടത്തുന്ന ഉയർന്ന പോസ്റ്റുകൾ ഉള്ള സർവ്വീസും ഇല്ലാത്ത സർവ്വീസുമുണ്ട്. റവന്യൂ, സിവിൽ സപ്ലൈസ്, ട്രഷറി, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ നേരിട്ടു നിയമിക്കപ്പെടുന്ന ഒന്നാം ഗസറ്റഡ് തസ്തികയില്ല. അതുകൊണ്ട് തന്നെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഈ വകുപ്പുകളെ സംബന്ധിച്ച് വളരെ പ്രാധാന്യമേറിയതാണ്.

റവന്യൂ വകുപ്പിനെ സംബന്ധിച്ച് താഴെപറയുന്ന ആശങ്കകൾ പരിഹരിയ്ക്കപ്പെടണം.

1. ചീഫ് സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന ഭാഗത്ത് 2-ാം ഖണ്ഡികയിൽ 'KAS may be set up with the departments listed Annexure III and the second gazetted posts in these departments may be declared equivalent to the post of Deputy Collectors and may be designated as Kerala Administrative Service.'

നിലവിൽ 18000 വരുന്ന റവന്യൂ മിനിസ്റ്റീരിയൽ വിഭാഗത്തിന് ആകെ രണ്ടു ഗസറ്റഡ് തസ്തിക യാണ് ഉള്ളത്. തഹസിൽദാർ തസ്തികയിലും ഡെപ്യൂട്ടി കളക്ടർ തസ്തികയിലുമായി ആകെ 500 ൽ താഴെ എണ്ണമാണുള്ളത്. ഇതിൽ 123 തസ്തികകൾ ഡെപ്യൂട്ടി കളക്ടർമാരുടേതാണ്. കെ.എ. എസിന്റെ ഭാഗമായി മറ്റു വകുപ്പുകളിലെ രണ്ടാം ഗസറ്റഡു തസ്തികകൾ ഡെപ്യൂട്ടി കളക്ടർ തസ്തി കയ്ക്ക് തുല്യമാക്കുമ്പോൾ റവന്യൂ വകുപ്പിന്റെ നാമമാത്രമായ പ്രൊമോഷൻ നഷ്ടമാകുന്ന സ്ഥിതി ഉണ്ടാകരുത്. 123 ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 12 എണ്ണം കെ.എ.എസിനു മാറ്റിവച്ചാൽ ബാക്കി 90% വരുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികകളും വകുപ്പിന്റെ പ്രൊമോഷൻ തസ്തികയായി തന്നെ നിലനിറുത്തണം. മറ്റു വകുപ്പുകളിൽ നിന്നുമുള്ള രണ്ടാം ഗസറ്റഡ് തസ്തികകൾ ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് തുല്യമാകുമ്പോൾ ആ തസ്തികയിലിരിക്കുന്നവർക്കും റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് വരാവുന്ന സ്ഥിതി ഉണ്ടായാൽ റവന്യൂ സർവ്വീസിൽ ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കും.

2. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വന്നാൽ നിലവിലുള്ള ഡെപ്യൂട്ടി കളക്ടർ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി നേരിട്ടു നിയമന വ്യവസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

3. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമന രീതിയിൽ 1:1 എന്ന അനുപാതത്തിൽ നേരിട്ടു നിയമനവും സ്ഥാനകയറ്റം മൂലവും ആണല്ലോ ശുപാർശ. ഇതിൽ സ്ഥാനക്കയറ്റ നിയമന ത്തിന് 52 പരമാവധി പ്രായമായി നിജപ്പെടുത്തിയിരിക്കുന്നു. റവന്യൂവകുപ്പിനെ സംബന്ധിച്ചിടത്തോളം ഒരു ഉദ്യോഗസ്ഥനുപോലും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് അപേക്ഷിക്കാനാകാത്ത സ്ഥിതി വരും. നിലവിലെ പ്രൊമോഷൻ സ്ഥിതി പരിശോധിച്ചാൽ 50 വയസ്സു കഴിഞ്ഞവരാണ് ഭൂരിഭാഗം തഹസിൽദാർമാരും. അതുകൊണ്ടുതന്നെ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് എത്തപ്പെടാൻ വിദൂര സാധ്യത മാത്രമേ കാണുന്നുള്ളു. അതിനാൽ തന്നെ റവന്യൂ വകുപ്പിൽ നിന്നു ആരും തന്നെ കെ.എ.എസിലേക്ക് എത്തില്ല. ഈ സ്ഥിതി ഒഴിവാക്കുന്നതിനായി ഒന്നാം ഗസറ്റഡ് തസ്തികയ്ക്ക് താഴെയുള്ള തസ്തികയിൽ ജോലി ചെയ്യുന്നവരെ (ഡെപ്യൂട്ടി തഹസിൽദാർ / ജൂനിയർ സൂപ്രണ്ട്) കൂടി കെ.എ.എസിന് അപേക്ഷി യ്ക്കാവുന്നവരുടെ ഗണത്തിൽ ഉൾപ്പെടുത്തണം.

4. സർക്കാർ ജീവനക്കാർക്ക് നേരിട്ടു കെ.എ.എസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 35 ആയിട്ടാണ് ശുപാർശ.പി.എസ്.സിയുടെ മത്സരപരീക്ഷ കഴിഞ്ഞ സർവ്വീസിൽ പ്രവേശിക്കുന്നവർ ഭൂരിഭാഗവും 35 വയസ്സുകഴിഞ്ഞവരാണ്. അതിനാൽ ഈ പ്രായപരിധി 50 ആയി ഉയർത്തണം. 50 വയസ്സിനകത്തുള്ള എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും കെ.എ.എസിലേക്ക് അപേക്ഷിക്കാം എന്ന തലത്തിൽ ഭേദഗതി ഉണ്ടാകണം.

5. സെക്രട്ടേറിയറ്റ് സർവീസിനെപ്പോലെയുള്ള ഉയർന്ന യോഗ്യത നിർണ്ണയിക്കപ്പെട്ടിട്ടുള്ള സർവ്വീസു കളെയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഉദ്ദേശിക്കുന്ന തരത്തിലുള്ള ഗുണപരമായ മാറ്റം സിവിൽ സർവ്വീസിന് ഉണ്ടാകു.

വിശ്വസ്തതയോടെ

ജയശ്ചന്ദ്രൻ കല്ലിംഗൽ

KLRSA കേരള ലാൻറ് റവന്യൂ സ്റ്റാഫ് അസോസിയേഷൻ

(22.03.91 ലെ ജി.ഒ (ആർ.ടി) നമ്പർ 95/91 ഭ.പ. വകുപ്പ്)

സംസ്ഥാന കമ്മിറ്റി

റവന്യൂ ഭവൻ, ശ്രീകണ്ഠേശ്വരം, ഫോർട്ട്. പി.ഒ, തിരുവനന്തപുരം – 695 023,

ഫോൺ : 2470563, ഫാക്സ് : 0471 2470563

കെ.ആർ. രവീന്ദ്രൻ
പ്രസിഡൻറ്
മൊബൈൽ : 9388700529

എം.കെ. കൃഷ്ണൻ നമ്പൂതിരി
ജനറൽ സെക്രട്ടറി
മൊബൈൽ : 9495220326

PUBLIC (GENERAL AND ADMINISTRATIVE REFORMS DEPT.)
7933
14 OCT 2016
SECRETARIAT, TVPM.

നമ്പർ

തീയതി: 14/10/2016

ബഹുമാനപ്പെട്ട ഉദ്യോഗസ്ഥ ഭരണപരിഷ്കരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ

കേരള ലാൻറ് റവന്യൂ സ്റ്റാഫ് അസോസിയേഷൻ (അദ്ധ്യാപക – സർവ്വീസ് സംഘടന, ഐക്യവേദി) സമർപ്പിക്കുന്നത്.

വിഷയം : കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് സംഘടനകളുടെ അഭിപ്രായം അറിയിക്കുന്നത്

സൂചന : അങ്ങയുടെ 31.08.2016 ലെ 803512/AR-12(1)/2016/P & ARD ാം നമ്പർ കത്ത്.

G.O. (MS) No. 1/2015/ GAD dt. 5.1.15

സർ,

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. സെക്കൻറ് ഗസറ്റഡ് തസ്കികയിലെ 10 ശതമാനം തസ്തികകൾ എന്ന് നിജപ്പെടുത്തിയും സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തിയും ജീവനക്കാരുടെ പ്രൊമോഷൻ അവസരങ്ങൾ നഷ്ടപ്പെടുത്താതെയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനെ ലാൻറ് റവന്യൂ വകുപ്പിലെ സ്വതന്ത്ര സംഘടനയായ കേരള ലാൻറ് റവന്യൂ സ്റ്റാഫ് അസോസിയേഷൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. എന്നിരുന്നാലും റവന്യൂ വകുപ്പിനെ ബാധിക്കുന്ന ചില വസ്തുതകൾ ചൂണ്ടികാണിക്കുന്നു.

നിലവിൽ ഡെപ്യൂട്ടി കളക്ടർ ആയി നേരിട്ട് നിയമനം ലഭിച്ചിട്ടുള്ള ആളുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തി അവരുടെ

EL 039828138 IN 217
15-10-2016



പ്രേഷകൻ

ചന്ദ്രൻ.R

'സൂര്യ'-ARA-16(273 A), അഗരത്ത്വിള

വ്ളാങ്ങാമുറി, നെയ്യാറ്റിൻകര-695121

സ്വീകർത്താവ്

ബഹു.പ്രിൻസിപ്പൽ സെക്രട്ടറി

പെഴ്സണൽ &അഡ്മിനിസ്ട്രേറ്റീവ്റിഫോംസ്(എ.ആർ-12) വകുപ്പ്

സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

സർ,

വിഷയം :കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം-അഭിപ്രായങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്

സൂചന : അങ്ങയുടെ 31/08/16 ലെ 80512/AR-12(1)/2016/P&ARD നം. കത്ത്

കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണ നടപടികളുമായി മുന്നോട്ടു പോകുന്ന ബഹു. സർക്കാരിന് അഭിവാദ്യങ്ങൾ. ശർവ്വീസ് സംഘടനകളുടെ അഭിപ്രായമാണ് സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നതെങ്കിലും ഈ അപേക്ഷ കൂടി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു

സർ,നിലവിലെ ശുപാർശ പ്രകാരം സർക്കാർ സർവ്വീസിലുള്ളവർക്ക് 35 വയസ്സു വരെയാണ് സ്റ്റേറ്റ്സിവിൽസർവ്വീസ് പരീക്ഷക്ക് അപേക്ഷിക്കാനുള്ള പ്രായ പരിധി. ആയത് 45 വയസ്സാക്കണമെന്ന് അപേക്ഷിക്കുന്നു.

കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണത്തിലുണ്ടായ കാലതാമസം മൂലം നിലവിൽ താഴ്ന്ന തസ്തികകളിൽ ജോലിചെയ്യുന്നവർക്കുണ്ടായ അവസര നിഷേധത്തിന് ഇത് പരിഹാരമാകും.ആദ്യഗസറ്റഡ് തസ്തികയിലുള്ളവർക്ക് 52 വയസ്സുവരെ അവസരമുണ്ടെങ്കിലും മിക്ക വകുപ്പുകളിലും പ്രമോഷൻ കുറവാണ്.ഗസറ്റഡ് തസ്തികയിൽ എത്താൻ കഴിയാതെ വിരമിക്കുന്നവരാണ് ഭൂരിഭാഗം

ക്ളറിക്കൽ /മറ്റ്താഴ്ന്ന തസ്തികയിൽ ജോലിചെയ്യുന്നവർ. ആദ്യഗസറ്റഡ് തസ്തിക യിൽ നേരിട്ട് നിയമനം ലഭിക്കുന്ന പഞ്ചായത്ത് സെക്രട്ടറി, ബി.ഡി.ഒ ,അസി.എൻജി നീയർ തുടങ്ങിയ തസ്തികയിലുള്ള ചെറുപ്പക്കാരോട് 52 വയസ്സുള്ള പ്രമോട്ടീസിന് പിടിച്ചു നിൽക്കാൻ കഴിയില്ല.

സർ, താഴ്ന്ന തസ്തികകളിൽ നല്ല കഴിവുള്ള ധാരാളം ജീവനക്കാരുണ്ട്. മത്സര പരീക്ഷയിൽ യോഗ്യത നേടി മുൻപിൽ വരാൻ കഴിവുള്ളവരുണ്ടെങ്കിൽ അവർക്കും ഒരവസരം നൽകേണ്ടതല്ലേ. സർക്കാരിനു വേണ്ടി ഏറ്റവും ആത്മാർത്ഥ മായി പണിയെടുക്കുന്നവരാണവർ. പരിശോധിച്ചാൽ അങ്ങേക്ക് അത് ബോധ്യമാകും.

ഒരുറിട്ട. ഉദ്യോഗസ്ഥനായ എന്റെ ഈ അപേക്ഷകൂടി സജീവമായി പരി ഗണിക്കണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

നെയ്യാറ്റിൻകര

13/10/2016

വിശ്വസ്തതയോടെ

R. Ashokan

201/

KERALA SECRETARIAT ASSOCIATION

PRESIDENT : **J. BENCY** (9447363385)

GENERAL SECRETARY : **T. SREEKUMAR** (9446449063)

Ref. No. 50/KSA/2016 Date 15.X.2016

To The Principal Secretary
P&ARD
Sir,

Sub:- Kerala Administrative Service- reg.

Ref:- (1) Letter No.803512/AR-12(1) 2016/P&ARD. dated 31.8.2016 from the Principal Secretary.

(2) Our representation dated 19.9.2016 submitted Principal Secretary, P&ARD.

Attention is invited to the Captioned Subject. We are submitting our considered opinion regarding the constitution of Kerala Administrative Service. We are once again request you to hear our Association in this regard ~~required~~ seperately for submitting our apprehensions.

Thanking you,

Yours faithfully

T Sreekumar

T.C. XXVI / 250 - 251, Secretariat Association Buildings, Near Contonment Police Station,
Thiruvananthapuram - 695 039. Phone : 0471 - 2518185

കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ

റ്റി.സി. 28/1086, തിരുവനന്തപുരം - 695 001. ഫോൺ : 2518160, 2334523
Fax :0471 - 2334523, E-mail: kseags@gmail.com website : www.ksea.in

പ്രസിഡന്റ് : **എൻ. വിജയകുമാർ** 9447764894

ജനറൽ സെക്രട്ടറി : **എം. എസ്. ബിജുക്കുട്ടൻ** 9447021034

സൂചന:

തീയതി 14.10.2016

പ്രിൻസിപ്പൽ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

AS (P&ARD)

സർ,

വിഷയം : **കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം – അഭിപ്രായം അറിയിക്കുന്നത് സംബന്ധിച്ച്**

സൂചന : **താങ്കളുടെ 31.8.2016 ലെ 86512/AR12 (1)/ 16/ P&ARD നമ്പർ കത്ത്**

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നിർദ്ദിഷ്ട അഡ്മിനിസ്ട്രേറ്റീവ് സർവീസിനെക്കുറിച്ച് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുന്നു.

1. നിർദ്ദിഷ്ട കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഏറ്റവും സാരമായി ബാധിക്കാൻ പോവുന്നത് സെക്രട്ടേറിയറ്റ് സർവീസിന്റെ ഘടനയെയും അസ്തിത്വത്തെയുമാണ്. ഭരണഘടനയുടെ 166-ാം അനുച്ഛേദമനുസരിച്ച് റൂൾസ് ഓഫ് ബിസിനസിന്റെ അടിസ്ഥാനത്തിൽ ഭരണ നിർവഹണത്തിനായും നിയമ നിർമ്മാണത്തിനായും അർധ ജുഡീഷ്യൽ സ്വഭാവത്തോടെ വ്യക്തമായ അധികാരത്തോടെയും സവിശേഷമായ ഘടനയോടെയും നിലനിൽക്കുന്നതാണ് സെക്രട്ടേറിയറ്റ് സർവീസ് സംവിധാനം. അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്നതിനാധാരമായി ഉള്ളടക്കം ചെയ്തിരിക്കുന്ന പഠന റിപ്പോർട്ട് സമഗ്രവും പൂർണവുമല്ല. വിഷയങ്ങളെ ആഴത്തിൽ പഠിക്കാതെ തീർത്തും ഉപരിപ്ലവമായാണ് പഠന റിപ്പോർട്ടിലൂടെ കെ.എ.എസ് അവതരിപ്പിക്കപ്പെടുന്നത്. ആയതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

2. ഇതിനെ സംബന്ധിച്ച് **സെക്രട്ടേറിയറ്റിലെ അംഗീകൃത സർവീസ് സംഘടനകളുമായി പ്രത്യേകം ചർച്ച നടത്തുക.**

3. **ഐ.എ.എസ് തസ്തികയിലേക്ക് പ്രമോഷൻ വഴി കടന്നുവരേണ്ടവരുടെ അഭാവം കാരണമാണ്** കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്നതെന്ന വാദം യുക്തിക്ക് നിരക്കുന്നതല്ല. നിലവിൽ ഐ.എ.എസ് കൺഫർ ചെയ്തു നൽകുന്നത് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കാണ്. സർക്കാരിന്റെ പ്രധാന വരുമാന വകുപ്പുകളെല്ലാം ഒരൊറ്റ വകുപ്പായി 'റവന്യൂ'വിൽ ആയിരുന്ന ഘട്ടത്തിലെ രീതിക്കനുസരിച്ചാണ് ഈ കീഴ്വഴക്കം സൃഷ്ടിക്കപ്പെട്ടത്. എന്നാൽ ആ വകുപ്പിൽ നിന്നും മറ്റു പല വകുപ്പുകളും സൃഷ്ടിക്കപ്പെട്ടതോടെ ശോഷിച്ചുപോയ റവന്യൂ വകുപ്പിൽ നിന്നും തന്നെയാണ് ഇപ്പോഴും മേൽ സൂചിപ്പിച്ച ഐ.എ.എസ് പ്രൊമോഷൻ പ്രക്രിയ നടക്കുന്നത്. റവന്യൂ വകുപ്പിൽ, 8 വർഷം സേവനം പൂർത്തീകരിച്ച ഒരു ഡെപ്യൂട്ടി കളക്ടറെ ഇത്തരം പ്രൊമോഷന്

പരിഗണിക്കുന്ന രീതി ഇതര വകുപ്പുകൾക്ക് കൂടി ബാധകമാക്കി കേരള സിവിൽ സർവീസ് (എക്സിക്യുട്ടീവ്) സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ ഒഴിവുണ്ടെന്ന് പറയുന്ന ഐ.എ.എസ്. തസ്തികകളിലേക്ക് ഉദ്യോഗസ്ഥരെ കണ്ടെത്താൻ കഴിയുന്നതാണ്. നിർദ്ദിഷ്ട അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഉൾപ്പെടുത്തണമെന്ന് കണ്ടെത്തിയിരിക്കുന്ന മുഴുവൻ വകുപ്പുകളിലെയും യോഗ്യരായ ജീവനക്കാരെ കണ്ടെത്തി പ്രൊമോഷൻ പ്രക്രിയ നടത്തിയാൽ ഈ പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാവുന്നതാണ്. ഇപ്പോൾ ഒഴിവുണ്ടെന്ന് പറയുന്ന ഐ.എ.എസ് തസ്തികകളിലേക്ക് 8 വർഷം നിബന്ധന വച്ചാൽ പോലും നിർദ്ദിഷ്ട സിവിൽ സർവ്വീസിലൂടെ കടന്നുവരുന്ന ഉദ്യോഗസ്ഥൻ പരീക്ഷയെഴുതി, തെരഞ്ഞെടുക്കപ്പെട്ട്, 2 വർഷത്തിൽ കുറഞ്ഞ ട്രെയിനിംഗിന് വിധേയനായി ഏതാണ്ട് 11-13 വർഷങ്ങൾ കഴിഞ്ഞ് മാത്രമേ ആയതിന് യോഗ്യത നേടുകയുള്ളു. ഇതിൽ നിന്നും ഇപ്പോൾ നിലവിലുള്ള ഐ.എ.എസ് തസ്തികകളിലേക്കുള്ള ഒഴിവ് നികത്താനാണ് കെ.എ.എസ് രൂപീകരിക്കുന്നതെന്ന വാദം അർത്ഥ രഹിതമാണ്. **സർവ്വീസ് ക്വാട്ടയിൽ നിന്നും കെ. എ. എസിലേക്ക് തെരഞ്ഞടുക്കാൻ സാദ്ധ്യത യുള്ളവരുടെ ശരാശരി പ്രായം 45 വയസ്സ് ആയതുകൊണ്ട് ഇത്തരത്തിൽ ഐ. എ. എസ് ലഭിക്കുന്ന വർക്ക് ശേഷിക്കുന്ന സർവ്വീസ് കാലം തുലോം തുച്ഛമായിരിക്കും.** ഇതിൽ നിന്നും ഐ.എ.എസ് തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനായുള്ള തടസ്സം ഒഴിവാക്കുന്നതിനുള്ള ഉപാധിയായി അന്വേഷണ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്ന കെ.എ.എസ് രൂപീകരണമല്ല മറിച്ച് കേരള സിവിൽ സർവീസ് (എക്സിക്യുട്ടീവ്) സ്പെഷ്യൽ റൂളിൽ ഭേദഗതിയാണ് വേണ്ടതെന്ന് നിസ്സംശയം വെളിവാകുകയാണ്.

4. **കൂടുതൽ ചെറുപ്പക്കാർ കടന്നുവന്ന് സിവിൽ സർവീസ് ഊർജ്ജസ്വലമാവുമെന്നും കാര്യക്ഷമതാ രാഹിത്യം ഒഴിവാക്കാൻ കെ.എ.എസ് പര്യാപ്തമാവുമെന്നുമുള്ള വാദവും** പരിശോധിക്കപ്പെടേണ്ടതുണ്ട്. നിലവിൽ ഏതാണ്ട് എല്ലാ മത്സരപരീക്ഷകളിലും 26 നും 35 നും ഇടയ്ക്ക് പ്രായമുള്ള ചെറുപ്പക്കാർ തന്നെയാണ് ഉദ്യോഗം നേടി സർവീസിൽ പ്രവേശിക്കുന്നത്. മത്സരപരീക്ഷയുടെ കാഠിന്യം മൂലം ഇപ്പോഴിത് ഏതാണ്ട് 23-30 വയസ്സ് വരെയായിട്ടുണ്ട്. ഇത്തരത്തിൽ കടന്നുവരുന്ന ചെറുപ്പക്കാർ താഴെതട്ടിലെ സർവീസ് വഴി ആർജിച്ച അനുഭവപരിജ്ഞാനവും പരിചയസമ്പന്നതയും പ്രമോഷനിലൂടെ മധ്യതലത്തിൽ കടന്നു വരുകയും ആയത് മധ്യതലത്തിൽ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നതോടുകൂടിയാണ് യഥാർത്ഥത്തിൽ സർവീസിന്റെ കാര്യക്ഷമത ഉയരുന്നത്. പുതുതായി സർവീസിൽ വരുന്നവരിൽ ചെറുപ്പത്തിന്റെ ഊർജസ്വലത ഉണ്ടെങ്കിലും സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും ഭരണസംവിധാനത്തെക്കുറിച്ചും ഇവർ തീർത്തും അജ്ഞരായിരിക്കും. തൽഫലമായി കർശനശിക്ഷണങ്ങളും ട്രെയിനിംഗും നൽകിയാൽ മാത്രമേ ഇവരുടെ സേവനം പൂർണ്ണരീതിയിൽ ഉപയോഗിക്കാനാവൂ. നിലവിൽ ഐ.എ.എസ് പരീക്ഷ വിജയിച്ച് വരുന്ന ഉദ്യോഗസ്ഥരെയും താഴെതട്ടിൽ നിയമിച്ച് ഭരണപരിചയം നൽകിയിട്ടാണ് മുകൾത്തട്ടിലേക്ക് വിടുന്നത് ഇതിൽ നിന്നും യാന്ത്രികമായി ചെറുപ്പക്കാരെ മധ്യതലത്തിലേക്ക് നേരിട്ടു റിക്രൂട്ട് ചെയ്യപ്പെടുന്നതിലൂടെ കാര്യക്ഷമത കൈവരിക്കാനാവില്ലെന്ന് വ്യക്തമാകുകയാണ്. ഇവിടെയാണ് കടുത്ത മത്സരപരീക്ഷയിലൂടെ സർവീസിന്റെ അടിത്തട്ടിൽ കടന്നുവന്ന് വർഷങ്ങൾ നീണ്ട ഭരണപരിചയത്തിലൂടെ പ്രമോഷൻ വഴി മധ്യതലത്തിൽ എത്തിച്ചേരുന്ന ഉദ്യോഗസ്ഥരുടെ പ്രസക്തി. കൂടാതെ നിലവിൽ സർവീസിൽ പ്രവേശിക്കുന്നവർക്ക് പ്രീ സർവീസ് ട്രെയിനിംഗ് നൽകി കാര്യക്ഷമതയും സർവീസ് ഡെലിവറിയും കൂടുതൽ മെച്ചപ്പെടുത്താവുന്നതേയുള്ളു.

അതിസങ്കീർണ്ണമായ സർവീസ് പ്രശ്നങ്ങളിലും കോടതി നിർദ്ദേശിക്കുന്ന വിഷയങ്ങളിലും കക്ഷികളെ നേരിൽകേട്ട് തീരുമാനമെടുക്കുകയും നയപരമായ വിഷയങ്ങളിൽ സർക്കാരിനെ തീരുമാനമെടുക്കാൻ സഹായിക്കുകയും ചെയ്യുന്ന ഗവ. സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി തലങ്ങളിൽ ഇത്തരത്തിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ തന്നെയാണ് വേണ്ടതെന്ന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിസ്സംശയം ബോധ്യപ്പെടുന്നതാണ്. കാര്യക്ഷമതാരാഹിത്യം പരിഹരിക്കുന്നതിന് കെ.എ.എസ് കാരണമാവുമെന്ന വാദവും നിലനിൽക്കുന്നതല്ല. കാര്യക്ഷമതാ രാഹിത്യത്തിന്റെ കാരണം വേറിട്ട് പരിശോധിക്കേണ്ടതാണ്. മിടുക്കൻമാരെന്ന് പറയുന്ന ഐ.എ.എസ് കാരിൽ തന്നെ കാര്യക്ഷമതയുള്ളവരും ഇല്ലാത്തവരുമുണ്ടെന്നതുപോലെ ഈ വിഷയത്തിന്റെ കാര്യകാരണങ്ങളിലേക്ക് കൂടുതൽ ഗഹനമായി പോകേണ്ടതുണ്ട്. അക്കാര്യത്തിൽ സർക്കാരിന്റെ സഹായത്തോടെ ജീവനക്കാരെ കൂടുതൽ കർമ്മോത്സുകരാക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നത്.

5. **കൂടുതൽ കഴിവുള്ളവരും പ്രതിഭാശാലികളും കെ.എ.എസ് വഴി വരുമെന്ന വാദവും** പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിൽ ഡെപ്യൂട്ടി കളക്ടർ തസ്തിക കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആകർഷണീയതയുള്ള തസ്തികയാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്. ലക്ഷക്കണക്കിനുപേർ പരീക്ഷയെഴുതുമ്പോൾ ഏതാണ്ട് 1000 പേർ മാത്രമാണ് ലിസ്റ്റിലിടം പിടിക്കുന്നതും അതിൽ കുറച്ച് പേർ സെക്രട്ടേറിയറ്റ് സർവീസിൽ കടന്നു വരുന്നതും. ഇവരാരും മിടുക്കന്മാരെല്ലെന്ന് ആർക്കും അഭിപ്രായമുണ്ടാവാൻ വഴിയില്ല. ഉയർന്ന നിലവാരത്തിലുള്ള പരീക്ഷ നടത്തിയാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ബി.ഡി.ഒ., പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയ തസ്തികകളെക്കാൾ കൂടുതൽ ആകർഷണീയത ഉള്ളതിനാൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയ്ക്ക് ഏതാണ്ട് ഡെപ്യൂട്ടി കളക്ടർ പരീക്ഷയ്ക്ക് തുല്യമായ പ്രാധാന്യമാണ് നൽകപ്പെടുന്നത്. വേറൊരു രൂപത്തിൽ പറഞ്ഞാൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് പട്ടികയിലെ ഏറ്റവും ഉയർന്ന റാങ്കുകാർ തന്നെയാവും ഒരു പക്ഷെ പുതുതായി നിർദ്ദേശിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സർവീസ് വഴിയും കടന്നുവരാൻ ഇടയാവുക. ഇതിൽ നിന്നും കൂടുതൽ മികച്ചവർ കെ.എ.എസ് വഴി കടന്നുവരുമെന്ന വാദം സെക്രട്ടേറിയറ്റ് സർവീസിനെ സംബന്ധിച്ച് നിലനിൽക്കുന്നതല്ല.

6. **സ്പെഷ്യലിസ്റ്റുകളുടെ അഭാവമാണ്** കെ.എ.എസ് രൂപീകരിക്കുന്നതിന് ഒരു കാരണമായി പറയുന്നത്. പ്രത്യേക വിഷയങ്ങളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ കണ്ടെത്തി അതാത് മേഖലയിൽ ഉപയോഗിക്കുക എന്ന കാഴ്ചപ്പാടാണ് ഇതിലൂടെ ഉന്നയിക്കപ്പെടുന്നത്. കെ.എ.എസിലൂടെ എളുപ്പത്തിലിത് നടപ്പിലാക്കാമെന്ന് പറയപ്പെടുന്നു. ഐ.എ.എസ് തസ്തികയ്ക്ക് പോലും അപേക്ഷിക്കാനുള്ള അടിസ്ഥാനയോഗ്യത ഡിഗ്രിയാണെന്നിരിക്കെ ഏത് മാനദണ്ഡമനുസരിച്ചാണ് ഇത്തരം വാദങ്ങളുയർന്നുവരുന്നതെന്ന് വ്യക്തമല്ല. നിലവിൽ കേരളത്തിലെ ഒട്ടുമിക്ക വകുപ്പുകളിലും ഓഫീസ് അറ്റന്റന്റ് ജോലിയിൽ പോലും പ്രൊഫഷണൽ യോഗ്യതയടക്കമുള്ള ബിരുദധാരികളോ മാസ്റ്റർ ബിരുദധാരികളോ ആണ് പണിയെടുക്കുന്നത്. ഇനി സ്പെഷ്യലിസ്റ്റുകളെ ഭരണരംഗത്ത് ഉപയോഗിച്ചാൽ തന്നെ പ്രൊഫഷണലിസം കൈവരുമെന്ന വാദവും നിരർത്ഥകമാണ്. ഇനി പ്രൊഫഷണലുകളോ പ്രത്യേക സ്പെഷ്യലിസ്റ്റുകളോ മത്സരപരീക്ഷ വഴി കടന്നുവന്നാലും അവരുടെ ശേഷി തെളിയിക്കാൻ പറ്റിയ ബന്ധപ്പെട്ട വകുപ്പുകൾ തന്നെ നിലവിലുള്ള സാഹചര്യത്തിൽ ലഭിക്കണമെന്നുമില്ല. കെ.എ.എസ് എന്നാൽ സംസ്ഥാന ഭരണസംവിധാനത്തിലെ ഏതു മേഖലയിലും സേവനമനുഷ്ഠിക്കാൻ ബാദ്ധ്യസ്ഥരാണ് എന്നതുകൊണ്ട് Specialisation എന്നത് സാങ്കേതികം മാത്രമാണ്. ഒരു മേഖലയിൽ സ്പെഷ്യലൈസ് ചെയ്ത ഒരാൾ മറ്റൊരു മേഖലയിൽ പ്രഗത്ഭനാവണം എന്നില്ല. മറിച്ച് സെക്രട്ടേറിയറ്റിൽ ആണെങ്കിൽ അനേകവർഷം സർവീസിലൂടെ

വിവിധ വകുപ്പുകളുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട് ആർജിച്ച അനുഭവ പരിജ്ഞാനത്തിലൂടെ മാത്രമേ മെച്ചപ്പെട്ട ഉദ്യോഗസ്ഥ സംവിധാനം ഉണ്ടാക്കാൻ കഴിയൂ. **സ്പെഷ്യലൈസേഷൻ എന്നതാണ് കെ.എ.എസ് കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കേണ്ട സെക്രട്ടേറിയറ്റിൽ കെ.എ.എസ്. ഒരിക്കലും പ്രായോഗികമായിരിക്കില്ല.**

7. **കെ.എ.എസ് അഴിമതി കുറയ്ക്കുമെന്ന വാദവും** പരിശോധിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ സമകാലിക സാഹചര്യത്തിൽ അഴിമതിയുടെ സ്വാധീനം സിവിൽ സർവീസിൽ വ്യാപകമാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അഴിമതിയെയും കെടുകാര്യസ്ഥതയെയും സംബന്ധിച്ചുള്ള ചർച്ചകളിൽ പൊതുവായി ഉയരുന്നത് ജനങ്ങൾക്ക് നേരിട്ട് സേവനം നൽകുന്ന മേഖലകളിലെ ജീവനക്കാരെക്കുറിച്ചുള്ളതാണ്. ഐ.എ.എസ് / ഐ.പി.എസ് തലങ്ങളിൽ നടക്കുന്ന വമ്പൻ അഴിമതിയെ സംബന്ധിച്ച വാർത്തകൾക്കും ക്ഷാമമില്ല. നിർദ്ദിഷ്ട സിവിൽ സർവീസ് വഴി കടന്നു വരുന്നവരിലും ഇതിനുള്ള സാധ്യത ഉണ്ടായിരിക്കെ, കെ.എ.എസ് വഴി അഴിമതി കുറയുമെന്ന വാദത്തിന്റെ നിരർത്ഥകതയും പരിശോധിക്കപ്പെടേണ്ടതായിട്ടുണ്ട്. മിഡിൽ ലെവൽ മാനേജ്മെന്റ് സംവിധാനം ഫലപ്രദമാവുമെന്ന് സൂചിപ്പിച്ചുകൊണ്ട് അവതരിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ അഴിമതിക്കുള്ള സാധ്യത കുറവാണെന്ന് പറയുന്ന യുക്തിയുടെ അടിസ്ഥാനം വ്യക്തമല്ല. വേറൊരു രൂപത്തിൽ പറഞ്ഞാൽ അഴിമതി വിരുദ്ധ മേഖലയായ സെക്രട്ടേറിയറ്റ് സർവീസിന്റെ വ്യത്യസ്തതയും വ്യതിരിക്തതയും ഇല്ലാതാക്കാൻ മാത്രമേ നിർദ്ദിഷ്ട അഡ്മിനിസ്ട്രേറ്റീവ് സർവീസ് കൊണ്ട് കഴിയൂ.

8. **വിവര സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് കേരളത്തിലെ സിവിൽ സർവീസ് വളർന്നിട്ടില്ലെന്ന റിപ്പോർട്ടിലെ പരാമർശവും** പരിശോധിക്കേണ്ടതായിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ വിപുലമായ ഭരണപരിചയത്തോടെ സർവീസിന്റെ മധ്യതലത്തിലേക്ക് എത്തിച്ചേരുന്ന ജീവനക്കാർക്ക് കൃത്യമായ പരിശീലനം നൽകേണ്ടതും പുതിയ സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ അനുഭവവേദ്യമാക്കേണ്ടതും സർക്കാരാണ്. എന്നാൽ ഇക്കാര്യത്തിൽ കോടികൾ മുടക്കിയെങ്കിലും സൃഷ്ടിപരമായ തലത്തിലേക്ക് കേരളത്തിന്റെ സിവിൽ സർവീസിനെ ഉയർത്താൻ വിവിധ വകുപ്പുകൾക്ക് നേതൃത്വം കൊടുക്കുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വേണ്ടത്ര പരിശോധിക്കപ്പെട്ടിട്ടില്ല. മതിയായ പരിശോധനയോ പഠനമോ നടത്താതെ ചില ഏജൻസികൾ കൊണ്ടുവന്ന ചില പദ്ധതികൾ യാന്ത്രികമായി നടപ്പാക്കി കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയതൊഴിച്ചാൽ ഇതുവഴിയുള്ള മുന്നേറ്റം ഇപ്പോഴും കടലാസിലൊതുങ്ങുകയാണ്. ഇത് താഴെത്തട്ടിലുള്ള ജീവനക്കാരന്റെ കുഴപ്പം കൊണ്ടല്ല മറിച്ച് ഇത്തരം പദ്ധതികൾക്ക് നേരിട്ട് നേതൃത്വം കൊടുക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഉന്നത ഉദ്യോഗസ്ഥതലത്തിലെ വീഴ്ച കൊണ്ടാണെന്ന് നിഷ്പ്രയാസം കാണാൻ കഴിയും. വിവരസാങ്കേതിക വിദ്യയും, വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയിട്ടുള്ള സേവനങ്ങളും മനസിലാക്കുന്നതിലും, ആയത് കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം നേടുന്നതിലും സെക്രട്ടേറിയറ്റ് ജീവനക്കാർ എന്നും മുൻപിൽ തന്നെയാണെന്ന വസ്തുത നിസ്തർക്കമാണ്. പേപ്പർലെസ് ഓഫീസ് ലക്ഷ്യമിട്ടുള്ള ഇ-ഓഫീസ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയതുതന്നെ സെക്രട്ടേറിയറ്റിലാണ്. കാലഹരണപ്പെട്ട നിയമങ്ങളും മാനുവലുകളും പരിഷ്കരിച്ച് സേവനപ്രദായനം കൂടുതൽ വേഗത്തിലാക്കുവാൻ വേണ്ട നടപടികളാണ് കാലഘട്ടത്തിന്റെ ആവശ്യം.

മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഇത്തരത്തിൽ സിവിൽ സർവീസ് രൂപീകരിക്കപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. പക്ഷെ ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ള സിവിൽ സർവീസ് പോലുള്ള സർവീസാണോ ഇതര സംസ്ഥാനങ്ങളിലുള്ളതെന്ന് ഇനിയും പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതര സംസ്ഥാനങ്ങളിലെ സിവിൽ സർവീസും കേരളത്തിന്റെ സിവിൽ സർവീസും തമ്മിലുള്ള സവിശേഷമായ വ്യത്യസ്തത തിരിച്ചറിയാതെ ഇത്തരത്തിലുള്ള ഒരു താരതമ്യപഠനത്തിന് പ്രസക്തിയില്ലെന്ന് പ്രത്യേകം പറയേണ്ടതായിട്ടില്ല. റിപ്പോർട്ടിൽ പരാമർശിക്കുന്ന സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് സിവിൽ സർവീസിന്റെ ഘടനയനുസരിച്ചല്ല നിർദ്ദിഷ്ട സംസ്ഥാന സർവീസ് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചിട്ടുള്ള മിക്ക സംസ്ഥാനങ്ങളിലും സെക്രട്ടേറിയറ്റിനെ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാന സിവിൽ സർവീസ് രൂപീകരിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെ ഭരണനിർവഹണ ശേഷിയും അഴിമതി രാഹിത്യവും എത്രത്തോളമുണ്ടെന്ന് പ്രത്യേകം പരിശോധിക്കേണ്ടതായിട്ടുണ്ട്. കേരളത്തിന് ഇന്നുള്ള പുരോഗതിയും, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം തുടങ്ങി സമസ്ത മേഖലകളിലും വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന തരത്തിലുള്ള നിലവാരവും നേടിയെടുത്തത് ഇപ്പോൾ നിലവിലുള്ള സിവിൽ സർവീസ് എസ്റ്റാബ്ലിഷ്മെന്റ് ഉപയോഗിച്ചു കൊണ്ടാണെന്നുള്ള വസ്തുത വിസ്മരിക്കരുത്.

10. നാലാം ഭരണപരിഷ്കാര കമ്മീഷൻ സംസ്ഥാനത്ത് നിലവിൽ വന്നിരിക്കുകയാണ്. സ്വാഭാവികമായും സംസ്ഥാന സിവിൽ സർവീസിൽ സമഗ്രമായ ഒരു മാറ്റം ലക്ഷ്യമിടുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പോലുള്ള ഒരു വിഷയം ആ കമ്മീഷന്റെ പരിഗണനയ്ക്കും പരിശോധനയ്ക്കും ശേഷം കൈകാര്യം ചെയ്യുന്നതായിരിക്കും ഉചിതം. **മേൽസാഹചര്യത്തിൽ നിർദ്ദിഷ്ട കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം നിലവിലെ ഭരണപരിഷ്കാര കമ്മീഷന് വിടണമെന്ന് അഭ്യർത്ഥിക്കുന്നു.**

മേൽവിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സിവിൽ സർവീസ് രൂപീകരണവും ആയതിൽ സെക്രട്ടേറിയറ്റ് സർവീസിനെ ഉൾപ്പെടുത്താനുള്ള നിർദ്ദേശവും പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സാധ്യതാ പഠനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രൊഫഷണൽ സർവീസിന്റെ ആവശ്യകതയിൽ ഊന്നിക്കൊണ്ട് തന്നെ സെക്രട്ടേറിയറ്റ് സർവീസും ആ വിധത്തിൽ മാറ്റിത്തീർക്കാനുള്ള ശ്രമം സർക്കാരിന് പരിശോധിക്കാവുന്നതാണ്. സെക്രട്ടേറിയറ്റ് സർവീസിനെ അത്തരത്തിൽ മാറ്റിത്തീർക്കുന്നതിനും സിവിൽ സർവീസിന്റെ നട്ടെല്ലായി സാമൂഹികബോധമുള്ള ചലനാത്മകമായ ഒരു മേഖലയായി അതിനെ പരിവർത്തിപ്പിച്ചെടുക്കാനും ഞങ്ങൾ പരിശ്രമിക്കുമെന്ന് ഇത്തരുണത്തിൽ ഉറപ്പു നൽകുന്നു. മികച്ച നയരൂപീകരണം, പ്രതിബദ്ധതയും രാഷ്ട്രീയ ഇച്ഛാശക്തിയുമുള്ള ഭരണനേതൃത്വം തുടങ്ങിയവ സിവിൽ സർവീസിന്റെ കാര്യക്ഷമതയുമായി ഒത്തുപോകുമ്പോഴാണ് മികച്ച ഭരണം ഉണ്ടാവുന്നത്. ഇതിനാവശ്യമായ എല്ലാവിധ സന്നാഹങ്ങളും നിലവിൽ സെക്രട്ടേറിയറ്റ് സർവീസിനുണ്ടെന്നും ആയത് വ്യക്തമായ ദിശാബോധത്തോടെ പരുവപ്പെടുത്തിയെടുത്താൽ മതിയെന്നും ആയതിനു വേണ്ടിയുള്ള ഏത് സർക്കാർ നിർദ്ദേശത്തോടും ഞങ്ങൾക്ക് യോജിപ്പാണെന്നും അഭിപ്രായപ്പെടുന്നു.

വിശ്വസ്തതയോടെ

എം. എസ്. ബിജുക്കുട്ടൻ
ജനറൽ സെക്രട്ടറി

KERALA SECRETARIAT ASSOCIATION

PRESIDENT : **J. BENCY** (9447363385)

GENERAL SECRETARY : **T. SREEKUMAR** (9446449063)

Ref. No. 49/2016/KSA

Date 15.X.2016

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ സമർപ്പിക്കുന്ന അഭിപ്രായക്കുറിപ്പ്

പരാമർശ വിഷയം സംബന്ധിച്ച് 31.08.2016 ൽ പി & എ ആർ ഡി, പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ കത്തും ഉള്ളടക്കം ചെയ്തിരുന്ന ഉത്തരവുകളും ബീഹാർ, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് സിവിൽ സർവ്വീസിലേയ്ക്കുള്ള നിയമന രീതികളെ സംബന്ധിച്ച വിജ്ഞാപനങ്ങളും പരിശോധിച്ചതിൽ നിന്നും ബോദ്ധ്യമായ വസ്തുതകൾ താങ്കളുടെ ശ്രദ്ധയ്ക്കും പരിഗണനയ്ക്കുമായി താഴെ ചേർക്കുന്നു.

ജെ. ബെൻസി
പ്രസിഡന്റ്.

ടി. ശ്രീകുമാർ
ജനറൽ സെക്രട്ടറി.

To

ചീഫ് സെക്രട്ടറി.

ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ്.

T.C. XXVI / 250 - 251, Secretariat Association Buildings, Near Contonment Police Station,
Thiruvananthapuram - 695 039. Phone : 0471 - 2518185

49/2016/KSA

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.)

കെ. എ.എസ്. രൂപീകരണത്തിനായി പറയുന്ന കാരണങ്ങൾ

(1) 1963 മുതൽ ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ പദവി നൽകി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഐ.എ.എസ്. കാഡറിലേക്ക് പ്രമോഷൻ നൽകി വരുന്നതായും, സമയബന്ധിതമായും സ്ഥിരമായും ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് നിയമനം നടത്താത്ത സാഹചര്യത്തിൽ യോഗ്യരായ ഡെപ്യൂട്ടികളക്ടർമാരുടെ അഭാവത്തിൽ 2016- ൽ 36 തസ്തികകൾ ഒഴിഞ്ഞു കിടക്കുമെന്നും ഇത് ഭരണപരമായ സ്തംഭനം സംസ്ഥാനത്ത് ഉണ്ടാക്കാൻ ഇടയുണ്ട് എന്നും ഇത് പരിഹരിക്കുന്നതിന് നിലവിലെ സ്റ്റേറ്റ് സിവിൽ സർവ്വീസിൽ 18 വകുപ്പുകളെ കൂടി ഉൾപ്പെടുത്തി കെ.എ.എസ് എന്ന ഒരു സർവ്വീസ് രൂപീകരിക്കണമെന്നാണ് നിർദ്ദേശം.

(2) കേരളത്തിൽ ശക്തമായ സ്റ്റേറ്റ് സിവിൽ സർവ്വീസില്ലാത്തതിനാൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷം തികയുന്ന മുറയ്ക്ക് ഐ.എ.എസ്സിലേയ്ക്ക് കയറ്റം ലഭിക്കുന്നു. കെ. എ. എസ്. രൂപീകരണം പുതുരക്തത്തെ സർവ്വീസിൽ കൊണ്ടുവരും.

നിലവിലുള്ള യഥാർത്ഥവസ്തുതകളും അസോസിയേഷന്റെ അഭിപ്രായവും

(1) ഐ.എ.എസ് കാഡറിലേയ്ക്ക് പ്രമോഷനായി പരിഗണിക്കുന്നതിന് യോഗ്യരായ ഡെപ്യൂട്ടി കളക്ടർമാരുടെ അഭാവം ഉണ്ടായത് കാലാകാലങ്ങളിൽ പി.എസ്.സി. റിക്രൂട്ട്മെന്റ് നടത്താത്തതുകൊണ്ടാണ്. 2016- ൽ 36 തസ്തികയിൽ വരുന്ന ഒഴിവ് നികത്തുന്നതിന് മാത്രമായി കെ.എ.എസ്. എന്ന പുതിയൊരു സർവ്വീസ് രൂപീകരണം എന്ന ആശയം ന്യായീകരിക്കത്തക്കതല്ല. പി.എസ്. സി. റിക്രൂട്ട്മെന്റിൽ വരുന്ന കാലതാമസം എന്തെന്ന് മനസ്സിലാക്കി, അവ പരിഹരിച്ച് ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് വർഷാവർഷമോ അല്ലെങ്കിൽ 2 വർഷത്തിലൊരിക്കലോ റിക്രൂട്ട്മെന്റ് നടത്തി പ്രശ്നം പരിഹരിക്കാവുന്നതാണ്. ഐ.എ.എസ് കാഡറിലേയ്ക്ക് പ്രമോഷനുള്ള ഒഴിവുകളുടെ ആധിക്യം പൊടുന്നനെ ഉണ്ടായ പ്രതിഭാസമല്ല. ഇക്കാര്യം ഭരണപരമായ ഉൾക്കാഴ്ചയോടെ മുൻകൂട്ടി കണ്ട് പരിഹരിക്കാതെ, അവസാന നിമിഷത്തിൽ പ്രായോഗികമല്ലാത്ത ആശയങ്ങൾ അവതരിപ്പിച്ച് സിവിൽ സർവ്വീസ് കലുഷിതമാക്കുന്നത് ഉത്തമമായ പൊതുഭരണത്തിന്റെയോ മാനേജ്മെന്റിന്റെയോ തത്വങ്ങൾക്ക് നിരക്കുന്നതല്ല എന്നു അസോസിയേഷന് അഭിപ്രായമുണ്ട്.

(2) മറ്റ് സംസ്ഥാനങ്ങളിൽ ഐ.എ.എസ്. കാഡറിൽ പ്രമോഷൻ ലഭിച്ച് All India Service ലേക്ക് വരണമെങ്കിൽ 15 മുതൽ 20 വരെ വർഷം എടുക്കുന്നതായി പഠന റിപ്പോർട്ടിൽ പരാമർശിക്കുന്നു. ഈ വസ്തുത തന്നെ കെ. എ.എസ്. രൂപീകരണം സർവ്വീസിൽ പുതുര

(3) കെ.എ.എസ്. രൂപീകരണത്തിന് ആധാരമായി പറയുന്ന മറ്റൊരു സംഗതി സർവ്വീസിൽ സ്പെഷ്യലിസ്റ്റുകളെ സൃഷ്ടിക്കുക എന്നുള്ളതാണ്.

(4) നിർദ്ദേശിക്കപ്പെട്ട സ്റ്റേറ്റ് സിവിൽ സർവ്വീസിൽ 18 വകുപ്പുകളെ ഉൾപ്പെടുത്തുന്നത് കൂടാതെ സെക്രട്ടേറിയറ്റിനെയും ഉൾപ്പെടുത്തണം.

ക്തത്തെ കൊണ്ടുവരാൻ വേണ്ടിയല്ല എന്ന് വ്യക്തമാക്കുന്നു.

(3) സിവിൽ സർവ്വീസിനെ സംബന്ധിച്ച്

സ്പെഷ്യലിസ്റ്റുകളെ സൃഷ്ടിക്കുക എന്നത് തികച്ചും അമൂർത്തമായ ആശയമാണ്. ആരോഗ്യ സെക്രട്ടറിയ്ക്ക് മെഡിസിനിൽ ഉന്നതബിരുദവും ഐ.ടി. സെക്രട്ടറിയ്ക്ക് കമ്പ്യൂട്ടർ വിജ്ഞാനത്തിൽ ഡോക്ടറേറ്റും വേണമെന്ന് പറയുന്നത് പോലെ ബാലിശമാണിത്. എന്നു മാത്രമല്ല ഇവിടെ മറ്റൊരു ചോദ്യവും പ്രസക്തമാണ്. മദ്ധ്യനിരയിൽ മാത്രം സ്പെഷ്യലിസ്റ്റുകളെ സൃഷ്ടിച്ചാൽ മതിയോ? അങ്ങനെ സൃഷ്ടിച്ചാൽ തന്നെ അവർക്ക് എന്ത് അധികാരമാണ് / പ്രവർത്തന സ്വാതന്ത്ര്യമാണ് ലഭിക്കാൻ പോകുന്നത്. ഒരു വിഷയത്തിന്റെ നിയമപരമായ ഭരണപരമായ / സാമ്പത്തികമായ വശങ്ങളാണ് സെക്രട്ടേറിയറ്റിൽ പരിശോധിക്കപ്പെടുന്നത്. അതിന് സാമാന്യജ്ഞാനം മതി. ഡിഗ്രി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള അസിസ്റ്റന്റിന് അതൊക്കെ പരിശോധിക്കാനുള്ള ശേഷിയുണ്ട് എന്നു തന്നെയാണ് നാളിതുവരെയുള്ള അനുഭവം പകർന്നു നൽകുന്നത്. ആരോഗ്യം, പി. ഡബ്ല്യു. ഡി, കൃഷി തുടങ്ങി സാങ്കേതിക വിവരം ആവശ്യമുള്ള ഒട്ടനവധി വകുപ്പുകളുടെ അധിപന്മാർ ഐ.എ.എസ്സിന്റെ ബലത്തിൽമാത്രം ഭരണം നടത്തുന്നവരാണെന്ന വസ്തുതയും നമ്മുടെ മുന്നിലുണ്ട്. ഇവരെല്ലാം സ്പെഷ്യലിസ്റ്റുകളാവണമെന്നും കാഴ്ചപ്പാട് അസോസിയേഷനില്ല.

(4) നിർദ്ദിഷ്ട കെ.എ.എസിൽ സെക്രട്ടേറിയറ്റ് സർവ്വീസിനെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി ശ്രീ. ഭരത്

ഭൂഷൺ സെക്രട്ടേറിയറ്റിലെ എല്ലാ സർവ്വീസ് സംഘടനകളുമായും ഔദ്യോഗിക ചർച്ച നടത്തിയതാണ്. പ്രസ്തുത ചർച്ചയിൽ സെക്രട്ടേറിയറ്റിലെ എല്ലാ സംഘടനകളും നിർദ്ദിഷ്ട കെ.എ.എസ്സിൽ സെക്രട്ടേറിയറ്റ് സർവ്വീസിനെ ഉൾപ്പെടുത്തരുത് എന്ന് ശക്തമായി ആവശ്യപ്പെട്ടിരുന്നു. അസ്സോസിയേഷൻ ഈ നിലപാടിൽ തന്നെ ഉറച്ചു നിൽക്കുന്നു.

എന്ത് കൊണ്ട് സെക്രട്ടേറിയറ്റിനെ KAS ൽ നിന്നും ഒഴിവാക്കണം ?

(എ) സെക്രട്ടേറിയറ്റ് സർവ്വീസ് മറ്റ് സർവ്വീസുകൾ പോലെയല്ല എന്ന് ജോലിയുടെ സ്വഭാവവും നിയമന രീതിയും പരിശോധിച്ചാൽ മനസ്സിലാകും. സർക്കാരിനെ നയരൂപീകരണത്തിൽ സഹായിക്കുക, സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിക്കുകയും അവ ശരിയായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുക, നിയമനിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുക, സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് നന്നായി നടത്തുക, ചട്ടങ്ങൾ നിർമ്മിക്കുകയും ആവശ്യമായി വന്നാൽ അതിൽ ഇളവ് അനുവദിക്കുകയും ചെയ്യുക, തുടങ്ങിയവയാണ് ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ പ്രധാന ചുമതലകൾ. ഇത് നിർവ്വഹിക്കുവാനുള്ള വർക്ക് ഫോഴ്സിനെ കടുത്ത ഒരു മത്സരപരീക്ഷയിലൂടെ പി.എസ്.സി.വഴിയാണ് തിരഞ്ഞെടുക്കുന്നത്. ബിരുദമാണ് അടിസ്ഥാന യോഗ്യതയും. എന്നാൽ ഇന്ന് സർവ്വീസിൽ കടന്നുവരുന്നവർ കൂടുതലും ബിരുദാനന്തരബിരുദധാരികളും, ഡോക്ടറേറ്റ് നേടിയവരും എഞ്ചിനിയറിംഗ് പോലുള്ള സാങ്കേതിക യോഗ്യതകൾ നേടിയവരുമാണെന്ന വസ്തുതയും

വിസ്മരിച്ചു കൂടാ.

എന്നാൽ +2 അടിസ്ഥാന യോഗ്യത നിശ്ച യിച്ച് പി.എസ്.സി. റിക്രൂട്ട്ചെയ്യുന്ന മറ്റ് ലൈൻ ഡിപ്പാർട്ടുമെന്റിലെ ക്ലാർക്കുമാർ, വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചെയ്യുന്നത്, പദ്ധതി നിർവ്വഹണവും അത് മായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കലുമാണ്. ഇവിടെ ജോലിയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ "മാന്വൽ ഓഫ് ഓഫീസ് പ്രൊഡിസി യർസ്"(MOP) എന്ന രേഖയിൽ അടങ്ങിയി ട്ടുണ്ടെങ്കിൽ സെക്രട്ടേറിയറ്റിൽ അതിന് തത്തു ല്യമായ രേഖ സെക്രട്ടേറിയറ്റ് മാനുവലും സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷനുമാണ്. കൂട്ട ത്തിൽ ഭരണഘടനാനുസൃതമായി നിർമ്മിക്ക പ്പെട്ട ചട്ടങ്ങൾ അടങ്ങിയ "റൂൾസ് ഓഫ് ബിസിനസ്സും". ഇതെല്ലാം വിസ്മരിച്ച് സെക്ര ട്ടേറിയറ്റിനെ മറ്റ് വകുപ്പുകൾക്കൊപ്പം കൂട്ടി കെട്ടി, കെ.എ.എസ്. രൂപീകരിച്ച്, സിവിൽ സർവ്വീസിനെ കുത്തഴിഞ്ഞ പുസ്തകംപോ ലെയാക്കുന്നതിന് പിന്നിൽ മറ്റെന്തോ അജ ണ്ടയുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

(ബി) കേരളത്തിൽ 1964 - ൽ എം.കെ.വള്ളോ ടിയുടെ നേതൃത്വത്തിലുള്ള രണ്ടാം ഭരണപ രിഷ്ക്കാര കമ്മിറ്റി തന്നെ കെ.എ.എസ്. രൂപീകരിക്കണമെന്ന നിർദ്ദേശം മുന്നോട്ടു വച്ചിരുന്നുവെങ്കിലും നാളിതുവരെ ഇവിടെ നടപ്പാക്കാതിരുന്നത് ഈ സംസ്ഥാനത്ത് നില വിലുള്ള സിവിൽ സർവ്വീസിനെ അത് മുറി വേൽപ്പിക്കും എന്നത് കൊണ്ടുതന്നെയാണ്. അല്ലാതെ ഏതെങ്കിലും പ്രത്യേക വിഭാഗം ജീവനക്കാരുടെ എതിർപ്പുകൊണ്ടല്ല. ഇവിടെ നിർദ്ദേശിക്കപ്പെടുന്നതു പോലെ സിവിൽ പോസ്റ്റുകൾക്ക് വേണ്ടി മാത്രം സ്റ്റേറ്റ് സിവിൽ സർവ്വീസ് മറ്റേതെങ്കിലും സംസ്ഥാനത്ത് നില

വിലുള്ളതായി അറിവില്ല. അതുപോലെ മറ്റേ തെങ്കിലും സംസ്ഥാനത്തെ സ്റ്റേറ്റ് സിവിൽ സർവ്വീസിൽ അണ്ടർ സെക്രട്ടറി തസ്തികയെ ഉൾപ്പെടുത്തിയതായും അറിവില്ല.

(5) യുവരക്തത്തെ സിവിൽ സർവ്വീസിൽ പ്രതിഷ്ഠിച്ച് സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിനാണ് കെ.എ.എസ്.

(5) ഇപ്പോൾ തന്നെ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നേരിട്ടുള്ള നിയമനം നിലവിലുണ്ട്. എന്ത് കാര്യക്ഷമതയാണ് ആ വകുപ്പിന് സിവിൽ സർവ്വീസിന് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുള്ളത്. ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള രവീന്ദ്രൻപട്ടയം ഉൾപ്പെടെയുള്ള അഴിമതി ആരോപണങ്ങൾ ആ വകുപ്പിൽ നിന്നുമല്ലേ പുറത്തുവന്നിട്ടുള്ളത്. ചട്ടങ്ങളെപ്പറ്റിയും നടപടി ക്രമങ്ങളെപ്പറ്റിയും ഒരു ഗ്രാഹ്യവുമില്ലാതെ കുറെ ആൾക്കാരെ മദ്ധ്യവർഗ്ഗ തസ്തികകളിൽ പ്രതിഷ്ഠിച്ചാൽ അവർക്ക് എന്ത് കാര്യക്ഷമതയാണ് ഉണ്ടാക്കാൻ സാധിക്കുന്നത്. ജനക്ഷേമകരമായ എന്ത് പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുക. ഇവരെ ചട്ടങ്ങളും നിയമങ്ങളും പഠിപ്പിക്കുന്ന ജോലിഭാരം കൂടി താഴെതട്ടിലുള്ളവരുടെ ചുമലിലായിത്തീരും. സെക്രട്ടേറിയറ്റിനെ സംബന്ധിച്ചിടത്തോളം അസിസ്റ്റന്റിന് അടിസ്ഥാനവിദ്യാഭ്യാസയോഗ്യത ഡിഗ്രിയാണ്. അവർ പതിനഞ്ചോ ഇരുപതോ വർഷം കഴിഞ്ഞ് സെക്ഷൻ ഓഫീസർ ആകുന്നു. ചട്ടങ്ങളെപ്പറ്റിയും നടപടിക്രമങ്ങളെപ്പറ്റിയും ഒരു ഗ്രാഹ്യവുമില്ലാതെ പുതുതായി നേരിട്ട് നിയമിക്കപ്പെടുന്ന അണ്ടർ സെക്രട്ടറിയെ എന്തിന് അനുസരിക്കണമെന്ന മാനസികാവസ്ഥ തന്നെ ഉടലെടുത്താൽ കാര്യക്ഷമത കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത്?

16 വർഷം പൂർത്തിയാക്കുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർക്കാണ് സെക്രട്ടറി ഗ്രേഡ് ലഭിക്കുന്നത്. ചുരുക്കത്തിൽ വളരെ സീനിയർ

ഐ.എ.എസ് ഉദ്യോഗസ്ഥരാണ് സെക്രട്ടേറിയറ്റിൽ സെക്രട്ടറിയായി നിയമനം ലഭിക്കാൻ യോഗ്യത നേടുന്നതും നിയമിക്കപ്പെടുന്നതും. സർവ്വതലസ്പർശിയായ ട്രെയിനിംഗിലൂടെ കടന്ന് വന്ന് പല വകുപ്പുകൾ കൈകാര്യം ചെയ്ത് ദീർഘനാളത്തെ അനുഭവപരിജ്ഞാനവുമായാണ് അവർ സെക്രട്ടേറിയറ്റിൽ നിയമിക്കപ്പെടുന്നത് എന്നതുകൊണ്ടുതന്നെ നടപടിക്രമങ്ങളും ചട്ടങ്ങളും ഏറെക്കുറെ ഹൃദിസ്ഥമാക്കിയിരിക്കും. എന്നാൽ സർവ്വീസുമായി ബന്ധപ്പെട്ട ഒരു പരിചയവും ഇല്ലാത്തവർ പുതുരക്തം എന്ന നിലയ്ക്ക് അണ്ടർ സെക്രട്ടറിയായി പ്രതിഷ്ഠിക്കപ്പെട്ടാൽ എന്താണ് നേട്ടം എന്നത് ദീർഘവീക്ഷണത്തോടെ ചിന്തിക്കേണ്ട ഏറ്റവും പ്രസക്തമായ വിഷയമാണ്.

(6) കെ.എ.എസ്. കാര്യക്ഷമത കൂട്ടും.

(6) മുൻപ് സൂചിപ്പിച്ച കാര്യങ്ങളിൽ നിന്നു തന്നെ ഈ വാദത്തിന്റെ പൊള്ളത്തരം മനസ്സിലാകും. മൂന്നാം ഭരണപരിഷ്ക്കാര കമ്മീഷൻ ചൂണ്ടിക്കാണിച്ചത് സെക്രട്ടേറിയറ്റിൽ 'വർക്ക് ലോഡ്' വളരെ കൂടുതലാണെന്നാണ്. മാനുവലിൽ പറയുന്നതിനെക്കാൾ എത്രയോ മടങ്ങ് കൂടുതൽ. വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ടു മാത്രമേ ഈ 'വർക്ക് ലോഡ്' തരണം ചെയ്യാൻ സാധിക്കൂ. അതിന്റെ ആദ്യ പടിയായി ഇ-ഓഫീസും, ഇ-ഫയലിംഗുമെല്ലാം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ശരിയായി നിരീക്ഷണവും വിലയിരുത്തലും നടത്തി കുറ്റമറ്റരീതിയിൽ ഇത് ശക്തിപ്പെടുത്തണം. അഖിലേന്ത്യാസർവ്വീസ് മാതൃകയിൽ അസിസ്റ്റന്റു നിയമനം ലഭിക്കുന്നവർക്ക് ട്രെയിനിംഗ് നൽകണം. അതോടൊപ്പം മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിന് സമയബന്ധി

തമായി ട്രെയിനിംഗും റിഫ്രഷർ കോഴ്സുകളും ജീവനക്കാർക്ക് ലഭ്യമാക്കണം. ഭാവിയിൽ കെ.എ.എസ്. വൻ ബാദ്ധ്യതയായി പരിണമിക്കും എന്നതുകൊണ്ട് സംസ്ഥാനത്ത് ഇത് നടപ്പാക്കരുത് എന്നാണ് അസോസിയേഷന്റെ അഭിപ്രായം.

(7) കെ.എ.എസ്. രൂപീകരണവും നിയമനവും സംബന്ധിച്ച് സർക്കാരിന് തന്നെ വ്യക്തതയില്ല.

(7) ചീഫ് സെക്രട്ടറി ലഭ്യമാക്കിയ രേഖകളിൽ മറ്റ് സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് സിവിൽ സർവ്വീസിലേയ്ക്കുള്ള നിയമനരീതിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ടെങ്കിലും ഏതൊക്കെ സർവ്വീസുകളെ സ്റ്റേറ്റ് സിവിൽ സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നില്ല. സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ ഘടനയെപ്പറ്റിയോ നിയമന രീതിയെപ്പറ്റിയോ സമഗ്രമായ ഒരു പഠനം ഈ സംസ്ഥാനത്ത് നാളിതുവരെ ആരും നടത്തിയിട്ടില്ല എന്നതാണ് വസ്തുത.

(8) മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് സിവിൽ സർവ്വീസുകൾ നിലവിലുണ്ട്.

(8) ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്റ്റേറ്റ് സിവിൽ സർവ്വീസുകൾ നിലവിലില്ല. അതുപോലെ തന്നെ എസ്.സി.എസ് നിലവിലുള്ള സംസ്ഥാനങ്ങളിൽ ഈ സർവ്വീസിന് ഒരു ഐക്യരൂപവുമില്ല. സ്റ്റേറ്റ് സിവിൽ സർവ്വീസ് പല സംസ്ഥാനത്തും വന്നത് അതാത് സംസ്ഥാനങ്ങളുടെ രൂപീകരണത്തോടൊപ്പമാണ്. ഏകദേശം എല്ലാ സംസ്ഥാനങ്ങളിലും ദേശീയതല അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെയാണ് മാതൃകയാക്കിയിട്ടുള്ളത്. ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ സിവിൽ/പോലീസ് പോസ്റ്റുകളിലേക്ക് നിയമിക്കപ്പെടുന്നതായാണ് കാണുന്നത്.

എന്നാൽ, മിഡിൽ ലവൽ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടപ്പിലാക്കി

പരാജയപ്പെട്ട സംസ്ഥാനമാണ് കേരളം. വനം വകുപ്പിൽ ഐ.എഫ്.എസ്സുകാരെ സൃഷ്ടിക്കുന്നതിനും, പോലീസ് വകുപ്പിൽ ഐ.പി. എസ്സുകാരെ സൃഷ്ടിക്കുന്നതിനും എ.സി. എഫ്, ഡി.വൈ.എസ്.പി. എന്നീ തസ്തികകളിൽ നേരിട്ടുള്ള നിയമനം ഈ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നതാണ്. എന്തു കൊണ്ട് അവ നിർത്തലാക്കേണ്ടി വന്നു എന്ന കാര്യം മുൻവിധികളില്ലാതെ പരിശോധിക്കപ്പെടണം.

വനം വകുപ്പിൽ പുതുരക്തത്തെ കൊണ്ടുവരുന്നതിനായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ, അതിന്റെ പ്രമോഷൻ തസ്തികയായ റേഞ്ച് ഫോറസ്റ്റ് ഓഫീസർ, അതിന്റെ പ്രമോഷൻ തസ്തികയും അണ്ടർ സെക്രട്ടറിയ്ക്ക് തുല്യവുമായ 'അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്' എന്നീ തസ്തികകളിൽ ഒരു നിശ്ചിത ശതമാനം നേരിട്ടുള്ള നിയമനം നടത്തിയതുമൂലം കടുത്ത സ്റ്റാഗ്നേഷനാണ് താഴെതലങ്ങളിൽ ഉണ്ടായത്. ആ വകുപ്പിലെ സുരക്ഷാവിഭാഗം ജീവനക്കാർക്ക് ഇരുപതോ ഇരുപത്തഞ്ചോ വർഷമെടുത്താണ് ഒരു പ്രമോഷൻ കിട്ടിയിരുന്നത്. ജീവനക്കാരുടെ അസംതൃപ്തി നിമിത്തം ഗാർഡ്, റെയിഞ്ച് ഫോറസ്റ്റർ, എന്നീ തസ്തികകളിൽ മാത്രം നേരിട്ടുള്ള നിയമനം നടത്തുകയും മറ്റുള്ളവ പ്രമോഷൻ തസ്തിക മാത്രമായി നിശ്ചയിക്കുകയും ചെയ്തു. അതുപോലെ പോലീസ് വകുപ്പിൽ താഴെ തലങ്ങളിലെ കടുത്ത സ്റ്റാഗിനേഷൻ ക്രമസമാധാനപാലനത്തെ ബാധിച്ചതിനെ തുടർന്ന് ഡി.വൈ.എസ്.പി.യിലേയ്ക്കുള്ള നേരിട്ടുള്ള നിയമനം നിറുത്തലാക്കി. കേന്ദ്ര സെക്രട്ടേറിയറ്റിൽ സെക്ഷൻ ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം 2005-ൽ നിർത്തലാക്കാനുള്ള

കാരണവും താഴെതലങ്ങളിലുള്ള സ്റ്റാഗിനേഷൻ തന്നെയാണ്. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ഏതൊരാളും ആഗ്രഹിക്കുന്നത് പ്രമോഷനും അതുവഴിയുള്ള സാമ്പത്തിക നേട്ടവുമാണ്. അതില്ലാതെ വരുമ്പോൾ അവർ അഴിമതിക്കാരനും, മടിയന്മാരുമായി മാറ്റപ്പെടും. കേന്ദ്ര സെക്രട്ടേറിയറ്റിന്റെ ഘടനയനുസരിച്ച് അസിസ്റ്റന്റ് മുതൽ അണ്ടർ സെക്രട്ടറി വരെയുള്ളവരാണ് മിഡിൽ ലെവൽ മാനേജ്മെന്റിന്റെ കാഴ്ചപ്പാടിൽ വരുന്നത്. ഇവരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഡിഗ്രിയാണ്. ഇവർക്ക് താഴെ ഇവരെ സഹായിക്കുന്നതിന് പ്ലസ് ടു അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു മിനിസ്റ്റീരിയൽ വിംഗ് കേന്ദ്രസെക്രട്ടേറിയറ്റിൽ തന്നെയുണ്ട്. ഇത് മിക്കസംസ്ഥാനത്തും നിലവിലുണ്ട്. എന്നാൽ നമ്മുടെ സെക്രട്ടേറിയറ്റ് സംവിധാനത്തിൽ ഡിഗ്രി അടിസ്ഥാന യോഗ്യതയുള്ള അസിസ്റ്റന്റ് മുതൽ മുകളിലോട്ട് ഉള്ള ഓഫീസർമാർ അടങ്ങുന്നതാണ് മിഡിൽ ലെവൽ മാനേജ്മെന്റ് ഇവരുടെ ഇടയിലേക്ക് ഡിഗ്രി മാത്രം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള മറ്റൊരു വിഭാഗത്തെ പ്രതിഷ്ഠിച്ച് ഇവിടെ കാര്യക്ഷമത വർദ്ധിപ്പിക്കണമെന്നത് സമചിത്തതയുള്ളവരുടെ കാഴ്ചപ്പാടല്ല.

(9) ഏതെല്ലാം തസ്തികകളാണ് കെ.എ.എ സിൽ ഉൾപ്പെടുത്തേണ്ടത്?

(9) ഈ വസ്തുത സംബന്ധിച്ച് കെ.എ.എസ്. വക്താക്കൾക്ക് വ്യക്തമായ കാഴ്ചപ്പാടില്ല. ഏകദേശം എല്ലാം സംസ്ഥാനങ്ങളിലും എക്സിക്യൂട്ടീവ് തസ്തികകളെയാണ് അതാത് സ്റ്റേറ്റ് സിവിൽ സർവ്വീസിലെ സിവിൽ പോസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡെപ്യൂട്ടി കളക്ടർ, അസി: കമ്മീഷണർ ഓഫ് കൊമേഴ്സ്യൽ ടാക്സസ്, Asst: Director of Rural Development, Dist: Employment Officer, Dist: Registrar, Dy:

Registerar of Co-operation, തുടങ്ങിയ തസ്തികകളെയാണ് തമിഴ്നാട് സ്റ്റേറ്റ് സിവിൽ സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മഹാരാഷ്ട്ര സ്റ്റേറ്റ് സിവിൽ സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകൾ, Deputy Collector, Dy.S.P., Dy: Chief Executive Officer, Asst: Regional Transport Officer, തുടങ്ങിയ വിവിധ വകുപ്പുകളിലെ എക്സിക്യൂട്ടീവ് തസ്തികകളെയാണ്. ഇവിടെ ഒരിടത്തും സംസ്ഥാന സെക്രട്ടേറിയറ്റിലെ ഒരു തസ്തികയും സ്റ്റേറ്റ് സിവിൽ സർവ്വീസിൽ വരുന്നില്ല. ഈ വിഷയം നാലാം ഭരണ പരിഷ്ക്കാരകമ്മീഷന്റെ പഠനത്തിന് വിധേയമാക്കാവുന്നതാണ്.

മേൽവിവരിച്ച വസ്തുകളുടെ അടിസ്ഥാനത്തിലും, കെ.എ.എസ്. സംബന്ധിച്ചും അതിന്റെ നിയമന രീതിയെ സംബന്ധിച്ചും വ്യക്തമായ കാഴ്ചപ്പാടും രൂപരേഖയും ഉരുത്തിരിഞ്ഞു വരാത്തതിനാലും, കെ.എ.എസ്. എന്ന ആശയം അപ്രായോഗികമാണെന്ന് കണ്ട്, മുൻപ് തന്നെ നിരാകരിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ സർക്കാർ ഭാഗത്ത് നിന്നും ധൃതി പിടിച്ചൊരു നയരൂപീകരണം ആശാസ്യമല്ല. മാത്രവുമല്ല ഇത് വരെ ഇത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ ഒന്നും സംസ്ഥാനത്ത് നടന്നിട്ടില്ലാത്തതിനാൽ പഠനറിപ്പോർട്ടില്ലാതെ ഇക്കാര്യം ചർച്ച ചെയ്യുന്നത് തന്നെ അശാസ്ത്രീയമാണെന്നാണ് കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ അഭിപ്രായം. കൂടാതെ കെ.എ.എസ്. സംബന്ധിച്ച് അങ്ങ് ലഭ്യമാക്കിയ രേഖകൾ കൊണ്ടു മാത്രം കെ.എ.എസിനെ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നതിന് പരിമിതികളുണ്ട്. നിർദ്ദിഷ്ട കെ.എ.എസ്സിൽ സെക്രട്ടേറിയറ്റ് സർവ്വീസിനെ ഉൾപ്പെടുത്തരുത് എന്ന് ശക്തമായി വ്യക്തമാക്കുന്നതോടൊപ്പം കെ.എ.എസ്. രൂപീകരണം തന്നെ ഉപേക്ഷിക്കണം എന്നാണ് കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ സുചിന്തിതമായ അഭിപ്രായം എന്നും താങ്കളെ അറിയിക്കുന്നു.

ഇക്കാര്യങ്ങൾ നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനായി ഒരു നേർവിചാരണയും ഞങ്ങൾക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജെ. ബെൻസി
പ്രസിഡന്റ്

ടി. ശ്രീകുമാർ
ജനറൽ സെക്രട്ടറി

P.S.C. EMPLOYEES ASSOCIATION

Regd. No.267/91

STATE COMMITTEE

President
RAMESH.M.THAMPI
9447814714

General Secretary
M. MOHAMED JASI
9447588061

തീയതി
15.10.2016

കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് പി.എസ്.സി. എമ്പ്ലോയീസ് അസോസിയേഷൻ ഗവണ്മെൻറിൻെറ പരിഗണനയ്ക്കായി സമർപ്പിക്കുന്ന നിർദ്ദേശം

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സാങ്കേതികമായി വകുപ്പിൻെറ പദവിയുണ്ടെങ്കിലും ഇതര സർക്കാർ വകുപ്പുകളിൽ നിന്ന് വ്യത്യസ്തമായി റിക്രൂട്ട്മെൻറ് സംബന്ധമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന സംസ്ഥാനത്തെ ഏക ഭരണഘടനാ സ്ഥാപനമാണിത്. ഈ സ്ഥാപനത്തിലെ ഒട്ടുമിക്ക നടപടിക്രമങ്ങളും അങ്ങേയറ്റത്തെ രഹസ്യസ്വഭാവം പുലർത്തുന്ന തരത്തിലുള്ളതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻെറ വിശ്വാസ്യതയുടെ അടിസ്ഥാനം തന്നെ നടപടിക്രമങ്ങളിലെ കർശനമായ ഈ രഹസ്യ സ്വഭാവമാണ്. പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ നിയമനം, സ്ഥാനക്കയറ്റം, അച്ചടക്കനടപടി മുതലായവ പൂർണ്ണമായും കമ്മീഷൻെറ വിവേചനാധികാരത്തിൽപ്പെടുന്ന കാര്യമാണ്. അതുകൊണ്ടുതന്നെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പോലെയുള്ള ഒരു കോമൺ കേഡറിൽ നിന്ന് ഉന്നത ഉദ്യോഗസ്ഥരെ നിയമിക്കുകയാണെങ്കിൽ അവർക്കുമേലുള്ള കമ്മീഷൻെറ നിയന്ത്രണാധികാരം ദുർബലപ്പെടാനും അതുവഴി അഴിമതി, സ്വജനപക്ഷപാതം, കെടുകാര്യസ്ഥത തുടങ്ങിയ സാമൂഹിക തിന്മകളുടെ വ്യാപനത്തിനും സാഹചര്യമൊരുക്കും. ആയതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന വകുപ്പുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഉൾപ്പെടുത്തേണ്ടതില്ല.

പി.എസ്.സി.യിലെ ഉദ്യോഗസ്ഥർ പൊതുറാങ്ക്ലിസ്റ്റിൽ നിന്ന് നിയമിതരാകുന്നവരാണ്. സർക്കാർ സർവ്വീസിൽ എത്തിച്ചേരുന്ന ഒരു വ്യക്തിക്ക് ലഭ്യമായ സാഹചര്യങ്ങളിലൂടെ തനിക്ക് പ്രാവീണ്യം തെളിയിക്കുവാൻ കഴിയുന്ന പ്രവർത്തന മണ്ഡലത്തിൻെറ വ്യാപ്തി വർദ്ധിപ്പിക്കാൻ അവസരമൊരുക്കുക എന്നത് സാമൂഹിക അവകാശമായി പരക്കെ അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. അതുകൊണ്ട് തന്നെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് താഴ്ന്ന സർവ്വീസിൽ നിന്നുള്ള ബൈട്രാൻഫർ കോട്ട നിയമനത്തിന് അപേക്ഷിക്കാൻ ഇതരവകുപ്പുകളിലെന്നപോലെ പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാർക്കും അവസരം നൽകാൻ പ്രായപരിധി നിബന്ധനയില്ലാതെ വ്യവസ്ഥ ഉൾപ്പെടുത്തണം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുതുതായി സംസ്ഥാനത്ത് ഏർപ്പെടുത്തുമ്പോൾ ഇതിനകം പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകുന്ന അവസരനഷ്ടത്തിന് പരിഹാരമായി ജനറൽ റിക്രൂട്ട്മെൻറിൽ ആദ്യത്തെ ഏതാനും സെലക്ഷനുകൾക്ക് പ്രായപരിധിയിൽ **5** വർഷത്തെ ഇളവ് അനുവദിക്കുക.

Treasurer
R.C.SURESH KUMAR

Vice Presidents
SUBHASH CHANDRAN.P.K
AJITH KUMAR.K.G

Joint Secretaries
S.AJITH KUMAR
G. SUDHI

Executive Committee Members
BINDU SOJA.C
SHANAVAS.A.S
SANGEEVAN.R
SABU.P.L

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വഴി നേരിട്ട് നിയമനം നടക്കുമ്പോൾ അതതു വകുപ്പുകളിലേക്ക് പ്രൊമോഷൻ വഴി തത്തുല്യ തസ്തികകളിൽ എത്തുന്നവർക്ക് തുടർ പ്രൊമോഷൻ ഉറപ്പാക്കുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വഴി നിയമിക്കപ്പെടുന്നവർക്കായി ഒഴിവുകൾ പ്രത്യേകം മാറ്റിവയ്ക്കണം. കൂടാതെ മത്സരപരീക്ഷകൾ എഴുതി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ എത്തിച്ചേരുന്ന ഉദ്യോഗാർത്ഥികൾക്ക് പുറമേ കേരള സ്റ്റേറ്റ് സർവ്വീസിലെ എല്ലാ വകുപ്പുകളിലേയും ഗസറ്റഡ് റാങ്കിൽ **8** വർഷ സർവ്വീസുള്ള ഉദ്യോഗസ്ഥരെ പ്രാപ്തിയുടേയും, കാര്യക്ഷമതയുടെയും അടിസ്ഥാനത്തിൽ വകുപ്പ് അദ്ധ്യക്ഷന്റെ ശുപാർശയോടെ കെ.എ.എസ്. കോൺഫർ ചെയ്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് നിയമിക്കുവാനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തണം.

എം. മുഹമ്മദ് ജാസി

ജോയിന്റ് കൗൺസിൽ
ഓഫ് സ്റ്റേറ്റ് സർവീസ് ഓർഗനൈസേഷൻസ്

സംസ്ഥാന കമ്മിറ്റി, പ്രസ്സ് ക്ലബ്ബിനു സമീപം, തിരുവനന്തപുരം-1

ഫോൺ: 2330731
ഫാക്സ്: 0471 2330731
ഇ-മെയിൽ : jcsso69@gmail.com
വെബ്സൈറ്റ് : www.jcsso.com

ജി. മോട്ടിലാൽ
ചെയർമാൻ
മൊബൈൽ : 9495196630

എസ്. വിജയകുമാരൻ നായർ
ജനറൽ സെക്രട്ടറി
മൊബൈൽ : 9446349236

നമ്പർ. 347/16

തീയതി: 17-10-16

പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം.: സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം സംബന്ധിച്ച് - ജോയിന്റ് കൗൺസിൽ മുന്നോട്ടു വെക്കുന്ന നിർദ്ദേശങ്ങൾ.

സൂചന: 31-08-2016 ലെ സർക്കാർ കത്ത് നമ്പർ 803512/ഏ.ആർ 12/(1)/2016/ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്

കേരള സംസ്ഥാനത്ത് കാര്യക്ഷമവും അഴിമതിരഹിതവും ജനോപകാരപ്രദവുമായ സിവിൽ സർവീസ് രൂപീകരിക്കുക എന്നതായിരിക്കണം ' കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ' രൂപീകരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. അതിനായി ഭരണ നിർവ്വഹണത്തിന് ഇന്നത്തേതിൽ നിന്നും കാര്യക്ഷമമായ ഒരു ഉദ്യോഗസ്ഥ ശ്രേണി രൂപീകരിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സർക്കാരുകൾക്കു മുന്നിൽ ജോയിന്റ് കൗൺസിൽ സമർപ്പിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ജോയിന്റ് കൗൺസിൽ അതിന്റെ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

സംസ്ഥാനത്ത് സിവിൽ സർവീസ് പരിഷ്കരണം മുഖ്യ അജണ്ടയായി ഏറ്റെടുത്ത് മുന്നോട്ട് പോവുന്ന സംഘടനയാണ് ജോയിന്റ് കൗൺസിൽ . സിവിൽ സർവീസിന്റെ കാര്യക്ഷമതയും തീരുമാനങ്ങൾ കൈകൊള്ളുന്നതിലുള്ള വേഗതയും വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ പ്രവർത്തനം ഉപകരിക്കും എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് 1967 ൽ ജസ്റ്റിസ് ശങ്കരനാരായണൻ തമ്പി അദ്ധ്യക്ഷനും ഇ.ജെ. ഫ്രാൻസിസ് ഉൾപ്പെടെയുള്ള സർവീസ് സംഘടനാ നേതാക്കൾ അംഗങ്ങളുമായിരുന്ന ഭരണപരിഷ്കരണ കമ്മീഷൻ മുമ്പാകെ ജോയിന്റ് കൗൺസിൽ ഇത്തരമൊരു നിർദ്ദേശം മുന്നോട്ട് വെച്ചത്. ഈ നിർദ്ദേശം മുന്നോട്ടു വെയ്ക്കുമ്പോൾ സിവിൽ സർവ്വീസ് കൂടുതൽ ശക്തിപ്പെടാൻ അത് പ്രയോജനപ്പെടും എന്ന ഉറച്ച അഭിപ്രായമാണ് ജോയിന്റ് കൗൺസിലിനുണ്ടായിരുന്നത്.

എന്നാൽ 2005 ലെ രണ്ടാം കേന്ദ്ര ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ, (രണ്ടാം അഡ്മിനിസ്ട്രേറ്റിവ് റിഫോംസ് കമ്മീഷൻ) സിവിൽ സർവീസ് സംവിധാനത്തിന്റെ വലിപ്പം കുറയ്ക്കുക എന്ന ഏക ലക്ഷ്യം മാത്രം മുന്നിൽ കണ്ടു കൊണ്ടുള്ള കെ.എ.എസ് എന്ന സംവിധാനം മുൻ യു.ഡി.എഫ്.സർക്കാർ മുന്നോട്ടു വെയ്ക്കുകയുണ്ടായി. സെക്രട്ടേറിയറ്റ് സർവ്വീസ് പൂർണമായും കെ.എ.എസ് ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഡിപ്പാർട്ടുമെന്റുകൾ പലതും ഉൾപ്പെടുത്താതെയുമാണ് യു.ഡി.എഫ് സർക്കാർ കെ.എ.എസ് സംസ്ഥാനത്ത് അവതരിപ്പിച്ചത്. സംസ്ഥാന ജീവനക്കാർക്ക് ഐ.എ.എസ്.നേടാൻ ധാരാളം അവസരങ്ങൾ കൈവരുമെന്നും സിവിൽ സർവീസിലേക്ക് യഥേഷ്ടം യുവരക്തങ്ങൾ കടന്നു വരുമെന്നും മോഹന വാഗ്ദാനങ്ങൾ നൽകിക്കൊണ്ടാണ് കേരളത്തിൽ കെ.എ.എസ് അവതരിപ്പിക്കപ്പെട്ടത്.

എന്നാൽ സംസ്ഥാന സർക്കാർ വകുപ്പുകളുടെ എണ്ണം കുറയ്ക്കുകയും സർക്കാർ ജീവനക്കാർക്ക് പകരം കോൺട്രാക്ട് ജീവനക്കാരെയും ദിവസ വേതനക്കാരെയും നിയമിക്കുന്ന മിഷനുകളുടെ അഥവാ ബോർഡുകളുടെ അല്ലെങ്കിൽ കമ്പനികളുടെ കടന്നുവരവിനായി സിവിൽ സർവീസിനെ പാകപ്പെടുത്തിയെടുക്കുകയെന്ന ദൗത്യമാണ് കെ.എ.എസ് സംവിധാനത്തിലൂടെ ഉമ്മൻചാണ്ടി സർക്കാർ ലക്ഷ്യമിടുന്നതെന്നും മനസിലാക്കിയ ജോയിന്റ് കൗൺസിൽ ഉൾപ്പെടെയുള്ള സർവീസ് സംഘടനകൾ ശക്തമായ നിലപാട് എടുത്തതോടെയാണ് കെ.എ.എസ്. നടപ്പാക്കാനുള്ള തീവ്രശ്രമത്തിൽ നിന്നും യു.ഡി.എഫ് സർക്കാർ പിൻവാങ്ങിയത്.

ശ്രീ. വീരപ്പമൊയ്ലി അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട രണ്ടാം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷന്റെ ശുപാർശകളുടെയും തുടർന്ന് പ്രത്യേകമായി ചുമതലപ്പെടുത്തിയ മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ യു.പി.എ സർക്കാർ രാജ്യത്തിന്റെ സകലമാന മേഖലകളിലും നവലിബറൽ നയങ്ങളുടെ കടന്നുവരവിനായി തയ്യാറാക്കപ്പെട്ട സാമ്രാജ്യത്വ അജണ്ടയുടെ ഭാഗമാണ് കെ.എ.എസ് എന്ന തിരിച്ചറിവാണ് അതിനെതിരെ ശബ്ദമുയർത്താൻ ജോയിന്റ് കൗൺസിലിനെ നിർബന്ധിതമാക്കിയത്. അതുകൊണ്ട് തന്നെ സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിഷയത്തിൽ ജോയിന്റ് കൗൺസിലിന് വ്യക്തമായ ഒരു നയത്തിൽ ഉറച്ചു നിന്ന് കൊണ്ടു മാത്രമെ അഭിപ്രായം പറയാൻ കഴിയുകയുള്ളൂ.

സംസ്ഥാനത്ത് പ്രവർത്തിച്ച വിവിധ ഭരണപരിഷ്കാര കമ്മീഷനുകൾ സുദീർഘമായ പഠനങ്ങൾക്കു ശേഷം മുന്നോട്ടു വച്ച ആശയമാണ് സ്റ്റേറ്റ് സിവിൽ സർവീസ് രൂപീകരണം. 1957 ലെ ഇ.എം.എസ് അദ്ധ്യക്ഷനായ ഭരണപരിഷ്കാര കമ്മീഷനും 1967 ലെ ജസ്റ്റിസ് ശങ്കരനാരായണൻ തമ്പി കമ്മിറ്റിയുടെ റൂൾസ് റിവിഷൻ കമ്മിറ്റി ശുപാർശകളും ഇക്കാര്യത്തിൽ എടുത്തുപറയേണ്ടതാണ്. സംസ്ഥാന സെക്രട്ടേറിയറ്റും സംസ്ഥാന സിവിൽ സർവീസിന്റെ ഭാഗമായ സ്റ്റേറ്റ് സർവീസും സമന്വയിപ്പിച്ച് നടപ്പാക്കപ്പെടുന്ന സ്റ്റേറ്റ് സിവിൽ സർവീസ് എന്നതാണ് കേരളത്തിൽ പ്രവർത്തിച്ച ഭരണപരിഷ്ക്കാര കമ്മീഷനുകൾ ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സമിതി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ മേൽപ്പറഞ്ഞ ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകൾ പരിഗണിച്ചിട്ടേയില്ല. എന്നാൽ രണ്ടാം കേന്ദ്ര ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകളുടെ സംക്ഷിപ്ത രൂപമാണ് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടെന്ന് അക്ഷരംപ്രതി വെളിപ്പെടുന്നുമുണ്ട്.

തസ്തിക വെട്ടിക്കുറയ്ക്കലും നിയമന നിരോധനവുമായി മുന്നോട്ടു പോയിരുന്ന യു.ഡി.എഫ് സർക്കാർ ധൃതി പിടിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കു

ന്നതിനു തീരുമാനിച്ചതിനു പിന്നിൽ രണ്ടാം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷന്റെ പതിനഞ്ചാം റിപ്പോർട്ടിലെ ശുപാർശകളായിരുന്നു.

ഇന്ന് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിൽ നേരിട്ട് നിർവഹിച്ചു വരുന്ന ചുമതലകൾ ഹയർ ആന്റ് ഫയർ പോളിസിയുടെ രൂപമായ എക്സിക്യൂട്ടീവ് ഏജൻസികളെ ഏൽപ്പിക്കാനും ഭരണരംഗത്ത് എക്സിക്യൂട്ടീവ് ഏജൻസികളെ നിയന്ത്രിക്കാൻ ഒരുപിടി ക്രീമിലെയർ ഉദ്യോഗസ്ഥരെ മാത്രം പ്രതിഷ്ഠിക്കാനും നിർദ്ദേശിക്കുന്നതാണ് രണ്ടാം അഡ്മിനിസ്ട്രേറ്റീവ് കമ്മീഷൻ ശുപാർശകൾ.

സെക്രട്ടേറിയറ്റിലെ ഡിപ്പാർട്ടുമെന്റുകളുടെ പുനഃക്രമീകരണവും, സംസ്ഥാന ഭരണ നിർവ്വഹണത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന ഡിപ്പാർട്ടുമെന്റ് സംവിധാനം ഉപേക്ഷിക്കണമെന്നതും സംസ്ഥാന സെക്രട്ടേറിയറ്റ്, ജില്ലാ ഭരണകൂടം, തദ്ദേശ സ്ഥാപനങ്ങൾ എന്ന ത്രിതല ഭരണസംവിധാനവും ലക്ഷ്യമിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മീഷൻ ശുപാർകൾ കേരളത്തിൽ ധൃതിപിടിച്ച് നടപ്പാക്കാൻ യു.ഡി.എഫ് സർക്കാർ ശ്രമിച്ചിരുന്നതിന്റെ ഉദ്ദേശം നിലവിലുള്ള സിവിൽ സർവീസ് സംവിധാനം തകർക്കുക എന്ന ഏകലക്ഷ്യമാണെന്നത് നിസ്തർക്കമാണ്.

സംസ്ഥാനത്തെ ഏറ്റവും സുരക്ഷിതമെന്നു കരുതിപ്പോന്ന കേരള സിവിൽ സർവീസ് രംഗം, പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയതിലൂടെ ഒന്നാംഘട്ട സാമ്പത്തിക പരിഷ്കാരം നടപ്പാക്കിക്കഴിഞ്ഞ യു.ഡി.എഫ് സർക്കാർ രണ്ടാംഘട്ടത്തിൽ നിലവിലുള്ള സിവിൽ സർവീസ് സംവിധാനം തന്നെ തകർക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കാനുദ്ദേശിച്ചിരുന്നത്. യുവജനങ്ങളെ ഇതിലേക്കാകർഷിക്കാനും പൊതുസമൂഹത്തിന് സിവിൽ സർവീസിനെക്കുറിച്ചുള്ള പരാതി മുതലെടുത്ത് കൊണ്ട് ഇതിൽ പ്രത്യേക താൽപ്പര്യമുണ്ടാക്കുന്നതിനും വേണ്ടിയാണ് 50 ശതമാനം നേരിട്ടുള്ള നിയമനം ശുപാർശ ചെയ്തിരുന്നത്.

സംസ്ഥാന സിവിൽ സർവീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റേറ്റ് സിവിൽ സർവീസ് രൂപീകരിക്കണമെന്ന് ജോയിന്റ് കൗൺസിൽ നിരവധി തവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശങ്ങളും കേരളത്തിലെ ഭരണപരിഷ്കാര കമ്മീഷനുകളുടെ ശുപാർശകളും ഉൾപ്പെടെ സർവീസ് സംഘടനകളുമായി ചർച്ച ചെയ്ത് കേരളത്തിന് പ്രത്യേകമായ ഒരു അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്നതിനെ ജോയിന്റ് കൗൺസിൽ സ്വാഗതം ചെയ്യുന്നു.

കേരളത്തിലെ സിവിൽ സർവീസ് കുറെക്കൂടി കാര്യക്ഷമവും അഴിമതിരഹിതവുമാകുന്നതിന് ഐ.എ.എസിനു താഴെ സംസ്ഥാനത്തിനു സ്വന്തമായി ഒരു സ്റ്റേറ്റ് സിവിൽ സർവീസ് രൂപീകരിക്കണമെന്നതാണ് ജോയിന്റ് കൗൺസിൽ ദീർഘകാലമായി ആവശ്യപ്പെടുന്നത്. മുഴുവൻ ജീവനക്കാർക്കും പ്രത്യേകമായ ട്രെയിനിംഗിനു ശേഷം നടത്തപ്പെടുന്ന കഠിനമായ മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ വിജയിച്ചു വരുന്ന മിടുക്കരായ ജീവനക്കാർക്ക് സ്റ്റേറ്റ് സിവിൽ സർവീസിലേക്ക് കടന്നു വരാനും അതിലേക്ക് ഒരു നിശ്ചിത ശതമാനം ഒഴിവുകൾ മാറ്റിവച്ചുകൊണ്ട് മറ്റുള്ളവർക്ക് അവരുടെ നിലവിലുള്ള പ്രൊമോഷൻ ലഭ്യമാക്കുന്നതിനും കഴിയുമായിരുന്നു. സെക്രട്ടേറിയറ്റ്, പി.എസ്.സി, ലോക്കൽ ഫണ്ട് ആഡിറ്റ് ഉൾപ്പെടെ 103 വകുപ്പുകളിലെയും ജീവനക്കാരെ സ്റ്റേറ്റ് സിവിൽ സർവീസിന്റെ പരിധിയിൽ കൊണ്ടുവരികയും വേണമായിരുന്നു. എന്നാൽ മുൻസർക്കാർ ഏകപക്ഷീയമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് എന്ന ഒരു സംവിധാനത്തിനു രൂപം നൽകി. 2014 ആഗസ്റ്റ് 16 ന്റെ ജി.ഒ (എം.എസ്) നമ്പർ 228/2014 എന്ന പൊതുഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഐ.എ.എസ്കാരുടെ

കുറവ് പരിഹരിക്കുന്നതിനാണ് ഈ സംവിധാനം എന്ന് വ്യക്തമാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സമിതി രൂപീകരിച്ചതായ പത്രവാർത്ത വന്ന ദിവസം തന്നെ ജോയിന്റ് കൗൺസിലിന്റെ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും സംഘടനകളുമായി ചർച്ച നടത്തണമെന്നാവശ്യപ്പെടുകയും ചെയ്തെങ്കിലും സർക്കാർ അത് പരിഗണിച്ചില്ല. 18 വകുപ്പുകളെ മാത്രം ഉൾപ്പെടുത്തി 50 ശതമാനം നേരിട്ടുള്ള നിയമനത്തിനു ശുപാർശ ചെയ്തു. ആദ്യത്തെ ഗസറ്റഡ് തസ്തികയിലുള്ളവർ പ്രൊബേഷൻ പൂർത്തിയാക്കിയ ശേഷം പരീക്ഷയെഴുതി യോഗ്യത നേടിയാൽ മാത്രം കെ.എ.എസ്സിലേക്കു വരുമെന്നാണ് വ്യവസ്ഥ. മാത്രവുമല്ല ഇങ്ങനെയുള്ളവർക്ക് 52 വയസ്സ് കഴിയാനും പാടില്ല. കേരളത്തിൽ എത്ര വകുപ്പുകളിലാണ് 52 വയസ്സിനു മുമ്പ് ജീവനക്കാർ ഗസറ്റഡ് തസ്തികയിലെത്തുന്നത് എന്ന വസ്തുത പരിഗണിച്ചിരുന്നില്ല.

ഇക്കാര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് ജോയിന്റ് കൗൺസിൽ മുന്നോട്ടു വയ്ക്കുന്നത്.

1. സിവിൽ സർവീസിലെ അംഗബലം കുറയ്ക്കണമെന്ന ആവശ്യം അംഗീകരിക്കുന്നില്ല:- സംസ്ഥാന സിവിൽ സർവീസിൽ ജീവനക്കാരുടെ എണ്ണം കുടുതലാണെന്നും, സർക്കാർ ഓഫീസുകളും ജീവനക്കാരും സംസ്ഥാനത്തിനു ബാധ്യതയാണെന്നുമുള്ള പ്രചരണം വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്. സർവീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ലക്ഷ്യബോധത്തോടെയുള്ള നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന അഭിപ്രായമാണ് ജോയിന്റ് കൗൺസിലിനുള്ളത്.

2. സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവീസിന് സിവിൽ സർവീസിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ കഴിയും:- സിവിൽ സർവീസ് പരിഷ്കരണവും അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണവും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ഇന്ന് സംസ്ഥാന സിവിൽ സർവീസ് സംവിധാനം മുന്നോ നാലോ തട്ടുകളിലായാണ് ഭരണപരമായ നടപടിക്രമങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നത്. ഇത് രണ്ട് തലങ്ങളിലായി സംസ്ഥാന ഡയറക്ടറേറ്റുകളും സെക്രട്ടേറിയറ്റും സംയോജിപ്പിച്ചു കൊണ്ടുള്ള സംസ്ഥാന തലത്തിലുള്ള നയതന്ത്രതല ഭരണസംവിധാനവും, നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഭരണപരമായ കടമകൾ നിർവഹിക്കാൻ ശേഷിയുള്ള ജില്ലാ ഭരണകൂടങ്ങളും എന്ന ദ്വി തല ഭരണസംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണപരമായ എല്ലാ കർത്തവ്യങ്ങളും നിറവേറ്റപ്പെടണം.

3. നയപരമോ നിയമപരമോ ആയ വിഷയങ്ങളൊഴികെ എല്ലാ ഫയലുകളും ജില്ലാ തലത്തിൽ തീർപ്പാക്കാനുതകുന്ന വിധത്തിൽ ജില്ലാതല ഭരണസംവിധാനം ശക്തിപ്പെടുത്തണം.

4. സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് കടന്നു വരുന്നവർ കാര്യക്ഷമതയുള്ളവരായിരിക്കണം. അതിനായി വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. നടത്തുന്ന യോഗ്യതാ പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാവണം നിയമനം.

5. സിവിൽ സർവ്വീസ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ഏത് ജീവനക്കാരനും യോഗ്യത നേടി അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉറപ്പാക്കണം.

6. അഡ്മിനിസ്ട്രേറ്റീവ് കേഡർ രൂപീകരിക്കുന്നതോടൊപ്പം തന്നെ ഭരണപരിഷ്കാര നടപടികളുടെ ഭാഗമായി ജോയിന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ' ജനപക്ഷ സിവിൽ സർവീസ സാധ്യമാണ് ' എന്ന ശിൽപശാലയിലും സമാനമായ മറ്റ് വേദികളിൽ ഇതര സർവീസ് സംഘടനകൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ പരിശോധനയും തുടർ നടപടികളും സ്വീകരിക്കണം.

7. രണ്ടാം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് രൂപീകരിക്കപ്പെടുന്ന മിഷനുകൾ, ബോർഡുകൾ, സൊസൈറ്റികൾ, കമ്പനികൾ മുതലായ സംവിധാനങ്ങളിൽ നിയമിക്കപ്പെടുന്നവരുടെ നിയമനവും, തൊഴിൽ സുരക്ഷയും, സേവന-വേതന വ്യവസ്ഥകളും നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഉറപ്പാക്കണം.

8. രണ്ടാം ഗസറ്റഡ് തസ്തികകളുടെ നിശ്ചിത ശതമാനം നിലവിലുള്ള പ്രൊമോഷൻ സാധ്യത പൂർണ്ണമായും ഇല്ലാതാക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി പ്രൊമോഷൻ വഴി നിയമനം നടത്തുകയും ബാക്കി തസ്തികകളിൽ സംസ്ഥാനത്ത് ഭരണകാര്യങ്ങൾക്കായി സൃഷ്ടിച്ചിട്ടുള്ള ഒന്നാം ഗസറ്റഡ് ആയി വരുന്ന തസ്തികകളുടെയും നോൺ-ഗസറ്റഡ് തസ്തികകളുടെയും ആനുപാതിക അടിസ്ഥാനത്തിൽ മതിയായ യോഗ്യതയുള്ള ഒന്നാം ഗസറ്റഡ് തസ്തികയിലേയും നോൺ-ഗസറ്റഡ് വിഭാഗങ്ങളിലെയും ജീവനക്കാരിൽ നിന്നും മത്സരപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാവണം നിയമനം.

9. മേൽവിഭാഗങ്ങളുടെ അഭാവത്തിൽ നേരിട്ട് നിയമനം നടത്താവുന്നതാണ്.

10. നിലവിൽ എൽ.ഡി.ക്ലാർക്ക് ഉൾപ്പെടെയുള്ള പ്രവേശന തസ്തികയിലേക്ക് വകുപ്പ് തിരിച്ചുള്ള നിയമനവും വകുപ്പ് തിരിച്ചുള്ള പ്രൊമോഷൻ നൽകുന്ന രീതിയുമാണ് കേരളത്തിൽ അവലംബിച്ചിട്ടുള്ളത്. എല്ലാ വകുപ്പുകളിലെയും പ്രവേശന തസ്തികകളിലെ നിയമനം ഒറ്റ കേഡറായി പരിഗണിച്ച് നടത്തുകയും അതനുസരിച്ച് തുടർ പ്രൊമോഷൻ നടത്തുകയും ചെയ്യണം. അപ്രകാരം സീനിയോറിറ്റിയെ ബാധിക്കാതെ ഏത് വകുപ്പിലേക്കും ജീവനക്കാർക്ക് സ്ഥലംമാറ്റത്തിലൂടെയോ പ്രൊമോഷനിലൂടെയോ നിയമനം നൽകുന്നതിന് സാധ്യമാവും.

11. വിരമിക്കൽ പ്രായം കേന്ദ്രസർവീസിനു തുല്യമാക്കണം.

12. സ്റ്റേറ്റ് സിവിൽ സർവീസിലേക്കുള്ള വയസ്സ് സംബന്ധിച്ച നിർദ്ദേശം ഒഴിവാക്കണം.

മേൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സർവീസ് സംഘടനകളുമായി ചർച്ച നടത്തി വേണം സ്റ്റേറ്റ് സിവിൽ സർവീസ് നടപ്പിലാക്കേണ്ടതെന്ന് ജോയിന്റ് കൗൺസിൽ ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ,

എസ്.വിജയകുമാരൻ നായർ
(ജനറൽ സെക്രട്ടറി)

ജനപക്ഷ
സിവിൽ സർവീസ് സാദ്ധ്യമാണ്

"അഴിമതി രഹിതവും കാര്യക്ഷമവും
ജനോപകാരപ്രദവുമായ സിവിൽ
സർവീസിനായി കൈകോർക്കുക"

സംസ്ഥാനതല
ശിൽപശാല

2016 ആഗസ്റ്റ് 3 ബുധൻ രാവിലെ 10.30

ഒളിമ്പിയ ചേംമ്പേഴ്സ് ഹാൾ
ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം
തിരുവനന്തപുരം



ജോയിന്റ് കൗൺസിൽ

ഉദ്ഘാടനം
വി.എസ്.സുനിൽകുമാർ
ബഹു. കൃഷിവകുപ്പു മന്ത്രി

നിഷ്യാവതരണം
ഡോ. അലക്സാണ്ടർ ജേക്കബ് I.P.S.
ഡൽഹി

സമാപനപ്രസംഗം
അഡ്വ. കെ. പ്രകാശ്ബാബു
സി.പി.ഐ. സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി

ജനപക്ഷ സിവിൽ സർവീസ് സാധ്യമാണ്
സമീപന രേഖ

2016 ആഗസ്റ്റ് 3 ന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല ശിൽപ്പശാലയിൽ അവതരിപ്പിക്കുന്നത്

കേരളത്തിൽ സിവിൽ സർവ്വീസ് പരിഷ്കരണമെന്ന ആവശ്യത്തിന് ആറ് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇന്ത്യയിൽ കൊളോണിയൽ സംസ്കാരത്തിന്റെ ബാക്കിപത്രമായ സിവിൽ സർവ്വീസ് ജനങ്ങളെ യജമാന ഭാവത്തോടെയാണ് കണ്ടിരുന്നത്. ജനക്ഷേമം ലക്ഷ്യമാക്കി അധികാരത്തിലെത്തിയ ജനകീയ സർക്കാരുകൾ സിവിൽ സർവ്വീസിനെ ആ നിലയിൽ സ്വീകരിക്കാൻ തയ്യാറായില്ല. ജനസേവനമെന്ന ലക്ഷ്യം നിറവേറ്റാൻ നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്ന് ബോധ്യപ്പെട്ടതാണ് ധിഷണാശാലികളായ ഭരണകർത്താക്കളെ സിവിൽ സർവ്വീസ് പരിഷ്കരണമെന്ന ആശയത്തിലേക്ക് എത്തിച്ചത്.

1969 മുതൽ1977വരെ അധികാരത്തിലിരുന്ന സ.സി.അച്യുതമേനോൻ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കിയ ജനക്ഷേമപദ്ധതികളുടെ ഭാഗമായി സിവിൽ സർവ്വീസ് ഈ കാലഘട്ടത്തിൽ ഗണ്യമായ വളർച്ച കൈവരിച്ചു. 2 ലക്ഷത്തിൽ താഴെയായിരുന്ന സിവിൽ സർവ്വീസിന്റെ അംഗബലം ഇക്കാലത്ത് ഇരട്ടിയിലേറെയായി വർദ്ധിച്ചു. കേരളത്തിന്റെ സാമൂഹ്യപുരോഗതിയിൽ സംസ്ഥാന സിവിൽ സർവ്വീസ് വഹിച്ച പങ്ക് വളരെ വലുതായിരുന്നുവെന്ന് വിലയിരുത്തുമ്പോൾ തന്നെ, മൺമറഞ്ഞ കൊളോണിയൽ സംസ്കാരത്തിന്റെ മുഷിഞ്ഞ മുഖവുമായി നിന്നിരുന്ന സിവിൽ സർവ്വീസിന് ജനഹിതമറിഞ്ഞ് പ്രവർത്തിക്കാൻ കഴിഞ്ഞില്ല എന്നത് ഇതു തിരിച്ചറിഞ്ഞ സർക്കാരുകളെല്ലാം സിവിൽ സർവ്വീസ് പരിഷ്കരണമെന്ന ആശയവുമായി മുന്നോട്ടു പോയി.

1957 ൽ ഇ.എം.എസ്. ചെയർമാനായിരുന്ന ഭരണപരിഷ്കാര കമ്മിറ്റിയും, 1965 ൽ എം.കെ.വെള്ളോടി ചെയർമാനായ കമ്മിറ്റിയും 1967ൽ ആർ. ശങ്കരനാരായണൻ തമ്പി ചെയർമാനും സർവ്വീസ് സംഘടനാ പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായ റൂൾസ് റിവിഷൻ കമ്മിറ്റിയും 1997ൽ ഇ.കെ. നായനാർ ചെയർമാനായുള്ള കമ്മിറ്റിയും സിവിൽ സർവ്വീസ് പരിഷ്കരണത്തിനായി യത്നിച്ചവയായിരുന്നു. എന്നാൽ സിവിൽ സർവ്വീസിന്റെ സ്ഥായിയായ സ്വഭാവം മാറ്റിയെടുക്കാൻ വലിയ സംഭാവനകളൊന്നും നൽകാൻ ഈ ശ്രമങ്ങൾക്ക് കഴിഞ്ഞില്ല എന്നതാണ് സത്യം.

എന്തുകൊണ്ടാണ് സിവിൽ സർവ്വീസ് സംവിധാനം മാറ്റങ്ങൾക്കു നേരെ മുഖം തിരിക്കുന്നത്? ആഴത്തിൽ പരിശോധിക്കേണ്ട വിഷയമാണിത് എന്നകാര്യത്തിൽ തർക്കമുണ്ടാകാനിടയില്ല. തൊലിപ്പുറത്തെ ചികിത്സകൊണ്ട് ഭേദമാകുന്നതല്ല ഇന്നത്തെ അവസ്ഥ.

ഇന്ന് നിലനിൽക്കുന്ന കാലതാമസവും അഴിമതിയും കെടുകാര്യസ്ഥതയും സിവിൽ സർവ്വീസ് സംവിധാനത്തിന്റെ ഏറ്റവും വലിയ ന്യൂനതകളായി അംഗീകരിക്കേണ്ടിവരും. സിവിൽ സർവ്വീസ് പരിഷ്കരണം ജോയിന്റ് കൗൺസിലിനെ സംബന്ധിച്ചിടത്തോളം മുഖ്യ അജണ്ട തന്നെയായിരുന്നു എന്നും.

കാലാകാലങ്ങളിൽ ജോയിന്റ് കൗൺസിൽ ഏറ്റെടുത്തിട്ടുള്ള സിവിൽ സർവ്വീസ് പരിഷ്കരണ മുദ്രാവാക്യങ്ങൾ കാലികപ്രസക്തികൊണ്ടു ജനശ്രദ്ധ നേടിയിട്ടുള്ളവയാണ്. 1986ൽ അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് എന്ന മുദ്രാവാക്യമുയർത്തി കാസർകോടുമുതൽ തിരുവനന്തപുരം വരെ നടത്തിയ 55 ദിവസം നീണ്ടു നിന്ന പദയാത്രയുടെയും, വിനയത്തോടെ കാര്യക്ഷമമായ സേവനം, സേവ് സിവിൽ സർവ്വീസ്- ചെയ്ഞ്ച് സിവിൽ സർവ്വീസ് തുടങ്ങിയ മുദ്രാവാക്യങ്ങളുടെയുമെല്ലാം ലക്ഷ്യം സിവിൽ സർവ്വീസ് പരിഷ്കരണം തന്നെയായിരുന്നു.

സിവിൽ സർവ്വീസ് നിലനിൽക്കണമെന്നും മെച്ചപ്പെടണമെന്നും ആഗ്രഹിക്കുന്നവരുടെ മുന്നിൽ അത് സാധ്യമാണോ എന്ന് ചോദിക്കുന്നവരുണ്ടാകാം. സാധ്യമാണ് എന്നുതന്നെയാണ് ജോയിന്റ് കൗൺസിലിന് പറയാനുള്ളത്. എന്നാൽ സിവിൽ സർവ്വീസിൽ ഘടനാപരമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ജോയിന്റ് കൗൺസിൽ കരുതുന്നു.

മുഖ്യമായും ത്രിതല സംവിധാനമാണ് ഇന്ന് സിവിൽ സർവ്വീസിൽ നിലനിൽക്കുന്നത്. അധികാരകേന്ദ്രീകരണം മുഖമുദ്രയായ ഭരണക്രമത്തിൽ മൂന്നുതലങ്ങളിലും തനിയാവർത്തനമാണ് കാണുന്നത്.

ഡിപ്പാർട്ടുമെന്റുകളുടെ അശാസ്ത്രീയമായ ഘടനയും അപ്രമാദിത്വവും പലപ്പോഴും പദ്ധതികളുടെ നടത്തിപ്പിന് വിഘാതമായി ഭവിക്കുന്നു എന്നതാണ് വസ്തുത. ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾ പരസ്പര ധാരണയില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം പലമേഖലകളിലും നിലനിൽക്കുന്നു.

അധികാരവികേന്ദ്രീകരണ നടപടികളിലൂടെ കാര്യക്ഷമതയും വേഗതയും കൈവരിക്കാൻ കഴിയും എന്നകാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ടുള്ള പരിഷ്കരണ നടപടികളാണ് ജോയിന്റ്കൗൺസിൽ മുന്നോട്ടുവയ്ക്കുന്നത്.

നിലവിൽ ജില്ലാതലത്തിൽ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനുമുള്ള സാധ്യതകൾ വിരളമാണ്. ഭരണപരവും നയപരവുമായ വിഷയങ്ങളിൽ സംസ്ഥാന തലത്തിൽ വിവിധ തട്ടുകളിലായി അധികാരം കയ്യാളുന്നതുകൊണ്ടുണ്ടാവുന്ന കാലതാമസവും ദുർവ്യയവും പരിഹരിക്കപ്പെടണം. ഇതിനുള്ള ഏക പോംവഴി അധികാരമുള്ള ഉദ്യോഗസ്ഥന്റെ സേവനം ജില്ലാതലത്തിൽ ഉറപ്പാക്കുകയും നയപരമായ വിഷയങ്ങളിലൊഴികെ, തീരുമാനങ്ങൾ ജില്ലാ തലത്തിൽ തന്നെ കൈക്കൊള്ളാനുള്ള സാഹചര്യമൊരുക്കുകയുമാണ്.

നയപരവും വകുപ്പടിസ്ഥാനത്തിലുള്ളതുമായ വിഷയങ്ങളിൽ വകുപ്പു തലത്തിൽ തീരുമാനങ്ങൾ ഉറപ്പാക്കാൻ സെക്രട്ടേറിയറ്റ് തലത്തിൽ പുനഃസംഘടന ഉണ്ടാവണം.

ജില്ലാഭരണസംവിധാനത്തിനും സർക്കാരിനും ഇടയിൽ നിലനിൽക്കുന്ന ഡയറക്ടറേറ്റ് സംവിധാനം വിഭജിക്കപ്പെടുകയും ഡിപ്പാർട്ടുമെന്റ്തല തീരുമാനങ്ങൾ ഒരു പ്രത്യേക ശ്രേണിയായി സെക്ഷൻ ഓഫീസർക്കും വകുപ്പു സെക്രട്ടറിമാർക്കും ഇടയിലായി ക്രമീകരിക്കപ്പെടുകയും വേണം. ഇത്തരത്തിൽ ഡയറക്ടറേറ്റ്, സെക്രട്ടേറിയറ്റ് സംയോജനം സാധ്യമാവണമെങ്കിൽ സെക്രട്ടേറിയറ്റിനെ ഉൾപ്പെടുത്തി സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണം.

പ്രവൃത്തിയോന്മുഖ പരിഷ്കരണം

പേപ്പർരഹിത സിവിൽ സർവ്വീസ് എന്ന തത്വം രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കുന്നതിലൂടെ സിവിൽ സർവ്വീസ് ഒരു വലിയ കുതിച്ചുചാട്ടത്തിനു വിധേയമാകും.

ഇതിനായി സിവിൽ സർവ്വീസ് സംവിധാനത്തിൽ നിലവിലുള്ള നടപടിക്രമങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സോഫ്റ്റ്വെയർ വികസിപ്പിച്ചെടുക്കണം. ഈ സംവിധാനം തയ്യാറാവുന്നതോടെ വകുപ്പുകൾ തമ്മിലുള്ള ഫയൽ കൈമാറ്റങ്ങളും ഓഫീസുകൾക്കിടയിലെ ഫയൽ കൈമാറ്റങ്ങളും പൂർണമായും ഇ-ഫയൽ രൂപത്തിലാവണം.

ഓഫീസ് പ്രവർത്തനങ്ങളിൽ ഫയലുകൾ രൂപപ്പെടുന്ന ഘട്ടത്തിൽ പേപ്പർ സംവിധാനം പ്രയോജനപ്പെടുത്താമെങ്കിലും അന്തിമ ഘട്ടത്തിൽ ഇ-ഫയലുകളാക്കി സോഫ്റ്റ്വെയറിലേക്ക് അപ്ലോഡ് ചെയ്യാൻ കഴിയണം. ഇ-ഫയലുകൾ മുഖേന ഓഫീസുകൾ തമ്മിലുള്ള ഫയൽ കൈമാറ്റം സെക്കന്റുകൾ കൊണ്ട് സാധിക്കുമെന്ന

തിനാൽ ഭരണസംവിധാനത്തെ അതിവേഗം ചലിപ്പിക്കാൻ കഴിയും എന്ന നേട്ടമുണ്ടാകുന്നു.

അഴിമതിരഹിതമായ സിവിൽ സർവീസ്

സിവിൽ സർവീസിൽ അഴിമതിയുടെ മുഖ്യകാരണം കാലതാമസവും തീരുമാനമെടുക്കുന്നതിൽ കാണിക്കുന്ന വൈമുഖ്യവുമാണ്. മേൽപ്പറഞ്ഞ ഭരണ സംവിധാനത്തിൽ തട്ടുകളുടെ എണ്ണം കുറയുന്നതും ആവർത്തനം ഒഴിവാകുന്നതും ഫയലുകളിൽ സമയബന്ധിതമായി തീരുമാനങ്ങളെടുക്കാൻ നിർബന്ധിതമാവുന്നതും വഴി സർക്കാർ ഓഫീസുകളെ ചൂഴ്ന്നുനിൽക്കുന്ന അഴിമതി പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയും.

സിവിൽ സർവ്വീസ് സംവിധാനത്തിൽ മനുഷ്യവിഭവശേഷിയുടെ ആവശ്യകതയും പ്രസക്തിയും

രണ്ട് തട്ടുകളിലായി ഭരണസംവിധാനം ക്രമീകരിക്കപ്പെടുന്നതോടെ ജില്ലാതലങ്ങളിൽ ശക്തമായ ഒരു ഭരണ സംവിധാനം രൂപപ്പെടും. ഇതിനായി വകുപ്പ്തലത്തിൽ മുഖ്യമായും അധികാരങ്ങൾ കയ്യാളുന്ന അഡീഷണൽ ഡയറക്ടർ തസ്തിക 14 ജില്ലകളിലും അനുവദിക്കേണ്ടിവരും. ഈ തസ്തിക പ്രൊമോഷൻ വഴി നിയമനം നടക്കുന്നതും സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ ഭാഗമായിട്ടുള്ളതുമായ ഉദ്യോഗസ്ഥനായിരിക്കണം. ജില്ലാതലത്തിൽ തീരുമാനമെടുക്കേണ്ട വകുപ്പുതല ഫയലുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതോടെ സംസ്ഥാന ഡയറക്ടറേറ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതിലും കൂടുതൽ ജീവനക്കാർ ജില്ലാ തലങ്ങളിൽ ആവശ്യമായി വരും.

ഭരണനവീകരണത്തിന്റെ ഭാഗമായുള്ള എസ്റ്റാബ്ലിഷ്മെന്റ് ചുമതലകൾ

ഇന്ന് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് ചുമതലകൾ ഏറ്റവും താഴെത്തട്ടിലാണ് മുഖ്യമായും കൈകാര്യം ചെയ്യപ്പെടുന്നത്. സ്പാർക്ക് സംവിധാനത്തിന്റെ കടന്നു വരവോടെ ഇക്കാര്യത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും വിവര സാങ്കേതിക വിദ്യയുടെ പരമാവധി പ്രയോജനം ഈ രംഗത്ത് ഇപ്പോഴും ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതിനായി സ്പാർക്ക് സംവിധാനം സാങ്കേതികമായി മെച്ചപ്പെടുത്തുകയും ജില്ലാതല സർവീസ് സെന്ററുകൾ ഏർപ്പെടുത്തുകയും വേണം.

എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾക്ക് ഓഫീസ് അടിസ്ഥാനത്തിൽ മനുഷ്യവിഭവ ശേഷി ചിലവഴിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കപ്പെടണം.

സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

സംസ്ഥാന ഭരണസംവിധാനം കാര്യക്ഷമവും കർമോന്മുഖവുമാക്കുന്നതിനു വേണ്ടി ദശാബ്ദങ്ങൾക്കു മുൻപുതന്നെ ജോയിന്റ് കൗൺസിൽ മുന്നോട്ടുവെച്ച ആശയമാണ് സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവിധാനം. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന പേരിൽ ഒരു സംവിധാനം നടപ്പാക്കുമെന്ന പ്രഖ്യാപനം മുൻ യു.ഡി.എഫ്. സർക്കാർ നടത്തുകയുണ്ടായി.

കേന്ദ്രസർക്കാർ നടപ്പാക്കിവരുന്ന മിഷൻ ഭരണസംവിധാനത്തെ നിയന്ത്രിക്കുന്നതിനായുള്ള ശുഷ്കമായ സിവിൽ സർവ്വീസ് ക്രമത്തിന്റെ ഭാഗമായാണ് ഉമ്മൻചാണ്ടി സർക്കാർ കെ.എ.എസ്. അവതരിപ്പിച്ചത്.

ഗസറ്റഡ് തസ്തികകളുടെ ഹയർഗ്രേഡ് കേഡറിൽ വരുന്ന സെക്രട്ടേറിയറ്റ് ഡിപ്പാർട്ടുമെന്റൽ തസ്തികകൾ ഉൾപ്പെടുത്തിക്കൊണ്ടാവണം സംസ്ഥാന സിവിൽ സർവീസിന്റെ രൂപീകരണം.

നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾക്ക് വിധേയമായി നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് സ്ഥാനക്കയറ്റം നൽകണം. അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള തസ്തികകൾ കോമൺപൂളിലാവുകയും സാങ്കേതിക യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്പെഷ്യാലിറ്റി കേഡറുകൾ നിശ്ചയിക്കുകയും വേണം.

രണ്ടാം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷൻ ശുപാർശകളും മിഷൻ ഭരണ സംവിധാനവും

കോൺഗ്രസ്സ് നേതാവ് ശ്രീ.വീരപ്പമൊയ്ലി അദ്ധ്യക്ഷനായി യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് രൂപീകരിക്കപ്പെട്ട രണ്ടാം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷൻ 5 വർഷത്തിനുള്ളിൽ 15 റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടുകളിന്മേൽ അതിവേഗം മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കുകയും റിപ്പോർട്ടുകൾ പുറംലോകം അറിയും മുമ്പേ നടപ്പാക്കിത്തുടങ്ങുകയും ചെയ്തു.

അത്യന്തം അപകടകരമായ ശുപാർശകളായിരുന്നു കമ്മീഷന്റെ പേരിൽ തയ്യാറാക്കപ്പെട്ടത്. കമ്മീഷന്റെ 15-ാമത്തെതും അവസാനത്തേതുമായ സ്റ്റേറ്റ് ആന്റ് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലാണ് ഉമ്മൻചാണ്ടി സർക്കാർ നടപ്പാക്കാൻ ശ്രമിച്ച കെ.എ.എസ് ഭരണസംവിധാനത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്.

യു.ഡി.എഫ് സർക്കാർ നടപ്പാക്കാൻ ശ്രമിച്ച കെ.എ.എസ് എന്ന സംവിധാനം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവേശത്തോടെ നടപ്പാക്കാൻ ശ്രമിച്ച മിഷൻ ഭരണ സംവിധാനത്തിൽ സർക്കാർ ഇടപെടൽ പരിമിതപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന തായിരുന്നു. സർക്കാർ പദ്ധതികളുടെ ഇംപ്ലിമെന്റേഷൻ ആ പ്രത്യേക പദ്ധതിക്കു വേണ്ടി രൂപം കൊടുക്കുന്ന മിഷൻ/സൊസൈറ്റി/ബോർഡുകളിലൂടെ നടപ്പാക്ക പ്പെടുമ്പോൾ ആയതിന്റെ രൂപീകരണവും അവലോകനവും സംബന്ധിച്ച കാര്യങ്ങളുടെ ഏകോപനം മാത്രമാണ് കെ.എ.എസ് സംവിധാനത്തിൽ നിർവ്വഹിക്കാനുണ്ടായിരുന്നത്. പൂർണ്ണമായും കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവന ക്കാരെ സംബന്ധിച്ചിടത്തോളം ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുക എന്നതിൽക്കവിഞ്ഞ് തൊഴിൽ സംരക്ഷണമോ സാമൂഹ്യസുരക്ഷയോ മിഷൻ ഭരണസംവിധാനത്തിൽ വിഷയമാവുന്നില്ല.

ഇത്തരമൊരു തൊഴിൽ മേഖലയുടെ കാര്യശേഷിയെ പ്രകീർത്തിക്കാൻ പലപ്പോഴും ജനാധിപത്യ സംവിധാനങ്ങൾ തയ്യാറാവുമ്പോൾ സിവിൽ സർവീസ് സംവിധാനത്തിന്റെ കാലികമായ പരിഷ്കരണങ്ങളെക്കുറിച്ച് ഉത്തരവാദിത്വബോധമുള്ള സംഘടനകൾക്ക് ചിന്തിക്കാതിരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിലാണ് സർവീസ് സംഘടനാ രംഗത്തെ ധിഷണാശാലികളായിരുന്ന സഖാക്കൾ ഇ.ജെ.ഫ്രാൻസിസ്, എൻ.അനന്തകൃഷ്ണൻ, എം.എൻ.വി.ജി.അടിയോടി തുടങ്ങിയവർ പതിറ്റാണ്ടുകൾക്ക് മുമ്പ് സിവിൽ സർവീസ് പരിഷ്കരണത്തിന്റെ ഭാഗമായി അവതരിപ്പിച്ച സംസ്ഥാന സിവിൽ സർവീസ് എന്ന ആശയം വിവരസാങ്കേതിക വിദ്യ തുറന്നു തന്ന അതിനൂതന സംവിധാനങ്ങളെ സംയോജിപ്പിച്ചു കൊണ്ട് **ജനപക്ഷ സിവിൽ സർവീസ് സാധ്യമാണ്** എന്ന് ജോയിന്റ് കൗൺസിൽ അടിവരയിട്ടു പറയാൻ ആഗ്രഹിക്കുന്നത്.

സിവിൽ സർവ്വീസ് പരിഷ്കരണം
ജോയിന്റ് കൗൺസിൽ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ

ഘടനാപരമായ പരിഷ്കരണങ്ങൾ

1. സെക്രട്ടേറിയറ്റ് സർവ്വീസ് ഉൾപ്പെടുത്തി സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുക.

2. സംസ്ഥാനതല ഡിപ്പാർട്ട്മെന്റ് സംവിധാനം സെക്രട്ടേറിയറ്റുമായി സംയോജിപ്പിച്ച് ഭരണരംഗത്തെ തട്ടുകളുടെ എണ്ണം കുറയ്ക്കുക.

3. ഭരണ നവീകരണം സമഗ്രമായ ഇ- ഫയൽ/ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പാക്കുക.

ഭരണപരിഷ്കാരങ്ങൾ

1. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കണം. തീരുമാനങ്ങൾ പരമാവധി പഞ്ചായത്ത്/താലൂക്ക് തലത്തിൽ തീർപ്പാക്കപ്പെടണം. നയപരമായ കാര്യങ്ങളിലൊഴികെയുള്ള മുഴുവൻ തീർപ്പുകൽപ്പിക്കലും ജില്ലാതലം കൊണ്ട് പൂർത്തീകരിക്കണം.

2. സർക്കാരിലേക്കുള്ള പൊതുജനങ്ങളുടെ പരാതികളും നിവേദനങ്ങളും ഏകജാലക സംവിധാനത്തിലൂടെ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കാനുള്ള ഇ- ഫയലിംഗ് സംവിധാനം ഏർപ്പെടുത്തണം.

3. സർക്കാരോഫീസുകളിലെത്തുന്ന ഏതൊരപേക്ഷയിലും മുൻഗണനാക്രമത്തിൽ തുടർ നടപടികൾ ഉറപ്പാക്കുകയും നിരസിക്കപ്പെടുന്ന അപേക്ഷകൾക്ക് കാരണ സഹിതം മറുപടി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

4. നടപടി പൂർത്തിയാകാത്ത അപേക്ഷകളുടെ പ്രതിമാസ അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും മാസാന്ത്യ ഫയൽനില ഓൺലൈനിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യണം.

5. സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രീ- സർവ്വീസ് പരിശീലനം നിർബന്ധമാക്കുകയും ഇൻ- സർവ്വീസ് ട്രെയിനിംഗ് കാര്യക്ഷമമാക്കുകയും വേണം.

6. സർക്കാർ ജീവനക്കാരുടെ സ്വത്തുവിവരം സംബന്ധിച്ച വെളിപ്പെടുത്തലുകൾക്ക് സുതാര്യമായ സംവിധാനം ഏർപ്പെടുത്തുകയും പരിശോധനാവിധേയമാക്കുകയും വേണം.

7. പട്ടികവർഗ ക്ഷേമം പോലുള്ള പദ്ധതികളുടെ നടത്തിപ്പിൽ താലൂക്ക് തല പരിശോധന കർക്കശമാക്കുകയും പുരോഗതി ഓൺലൈനിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യണം.

8. താലൂക്ക് സഭകൾക്ക് നിയമപരമായ പിൻബലം നൽകി ശാക്തീകരിക്കണം.

9. സർക്കാരിലേക്കും തദ്ദേശ സ്ഥാപനങ്ങളിലേക്കുമുള്ള നികുതികൾ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തി ഇ.സി.എസ് സംവിധാനം വഴി ക്രമീകരിക്കണം.

10. സോഷ്യൽ ഓഡിറ്റിംഗും പൗരാവകാശ രേഖ പ്രസിദ്ധീകരണവും നിർബ്ബന്ധമാക്കണം.

11. വകുപ്പിലെ ഓഡിറ്റിംഗ് സമയബന്ധിതവും നിയമപരവുമായ ബാധ്യതയായി നിശ്ചയിക്കണം.

12. ഭരണ രംഗത്ത് ഇ-ഗവേണൻസ് കർശനമായി പൂർത്തീകരിക്കണം.


13. ഓഫീസിന്റെ പ്രവർത്തനത്തിൽ ഒരു ജീവനക്കാരന്റെ അഭാവം മറ്റ് ജീവനക്കാരിലൂടെ നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം.

14. സ്പാർക്ക് സംവിധാനം സാങ്കേതികമായി മെച്ചപ്പെടുത്തുകയും ജില്ലാതലത്തിൽ സർവ്വീസ് സെന്ററുകൾ ഏർപ്പെടുത്തുകയും വേണം.

15. ഓഫീസുകളിലെ ഹാജർനില, ഓഫീസ് തലത്തിലുള്ള ചുവപ്പുനാട, അപേക്ഷകർ ഓഫീസുകൾ തോറും കയറിയിറങ്ങേണ്ട സാഹചര്യം, ഫയലുകളിൽ തീരുമാനമെടുക്കാനുള്ള കാലതാമസം, അഴിമതി, എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾക്കായി ചെലവഴിക്കപ്പെടുന്ന സമയനഷ്ടവും മനുഷ്യവിഭവശേഷിയും, സ്ഥലംമാറ്റങ്ങളിലും പ്രൊമോഷൻ നിയമനങ്ങളിലുമുള്ള ഇടപെടലുകൾ, ഫീൽഡ് ജീവനക്കാരുമായുള്ള ഓൺലൈൻ സമ്പർക്കം, നിർമ്മാണ പ്രവൃത്തികളുടെ ഓൺലൈൻ നിരീക്ഷണം തുടങ്ങിയ വിഷയങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ഐ.റ്റി. വിദഗ്ദ്ധരുമായും മറ്റും ചർച്ച ചെയ്ത് ഓൺലൈൻ ഓഫീസ് സോഫ്റ്റ്വെയർ സംവിധാനം രൂപകൽപന ചെയ്യണം.

ഇ.ജെ.ഫ്രാൻസിസ് സ്മാരകം

ജോയിന്റ് കൗൺസിൽ
സംസ്ഥാന കമ്മിറ്റി ഓഫീസ്
തിരുവനന്തപുരം



ഉദ്ഘാടനം : **സഖാവ് കാനം രാജേന്ദ്രൻ**
സി.പി.ഐ സംസ്ഥാന സെക്രട്ടറി

സ. കെ.ഇ. ഇസ്മയിൽ (മുൻ റവന്യൂ വകുപ്പ് മന്ത്രി)
സ. സി. ദിവാകരൻ എം.എൽ.എ. (മുൻ ഭക്ഷ്യവകുപ്പ് മന്ത്രി)
സ. കെ.പി. രാജേന്ദ്രൻ (മുൻ റവന്യൂ വകുപ്പ് മന്ത്രി)
സ. മുല്ലക്കര രത്നാകരൻ എം.എൽ.എ. (മുൻ കൃഷി വകുപ്പ് മന്ത്രി)
വിവിധ സർവീസ് സംഘടനാ നേതാക്കൾ പങ്കെടുക്കുന്നു

2016 ആഗസ്റ്റ് 3, വൈകുന്നേരം 5 മണിക്ക്

KERALA SECRETARIAT STAFF ASSOCIATION

T.C. 28/1237, K.G.O.F. Building, Oottukuzhy, Thiruvananthapuram - 695 001

P. PRADEEP KUMAR
President
9447037048

S. BIJU
General Secretary
9447496995

S. LATHA
Vice President
9447049729

T.K. ABHILASH
Vice President
9946117123

M.S. ABDUL SHAKKOOR
Secretary
9446101289

S. SUDHI KUMAR
Secretary
9447089279

P. HABEEB
Secretary
9995276658

S. PRAVEEN KUMAR
Treasurer
Mob: 9744130380

No: KSSA/ 0025/2016-17

Date: 15.10.2016

പ്രിൻസിപ്പൽ സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

സർ,

വിഷയം :- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച്

സൂചന :- താങ്കളുടെ 31.8.2016 ലെ 803512/എ.ആർ 12 (1) പി.& എ..ആർ. ഡി. നമ്പർ കത്ത്.

സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) രൂപീകരിക്കുന്നതിനുള്ള സെക്രട്ടറിമാരുടെ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഈ വിഷയം സംബന്ധിച്ചുള്ള സർവ്വീസ് സംഘടനകളുടെ അഭിപ്രായം സർക്കാർ തേടിയിരിക്കുകയാണല്ലോ. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനായി മുന്ന് പ്രധാനപ്പെട്ട കാരണങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്.

(1) ഐ.എ.എസ്. തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാൻ യോഗ്യരായ സ്റ്റേറ്റ് സിവിൽ സർവ്വീസ് ഓഫീസർമാരുടെ (ഡെപ്യൂട്ടി കളക്ടർ) അഭാവം.

(2) ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് നേരിട്ടുള്ള സെലക്ഷന്റെ അഭാവം.

(3) ഇ-ഗവർണൻസിലുടെയും പ്രൊഫഷണലിസത്തിലുടെയും ഭരണരംഗം കൂടുതൽ കാര്യക്ഷമമാക്കുക.

കേരള സംസ്ഥാനം രൂപീകരിച്ചശേഷം മൂന്ന് ഭരണപരിഷ്ക്കാര കമ്മീഷനുകളാണ് ഉണ്ടായിട്ടുള്ളത്. 1957 ലും, 1965 ലും, 1997 ലും. ഇതിൽ രണ്ടാമത്തെയും മുന്നാമത്തെയും ഭരണപരിഷ്കാര കമ്മീഷനുകളാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാ

ക്കണമെന്നുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുള്ളത്. രണ്ട് കമ്മീഷനുകളും ഇത് നടപ്പിലാക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ നടപ്പിലാക്കാത്തത് കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ അതിന് പ്രസക്തിയില്ല എന്നതുകൊണ്ട് തന്നെയാണ്. മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളം നേടിയിട്ടുള്ള പുരോഗതിക്ക് പിന്നിൽ ഇന്നത്തെ രൂപത്തിലുള്ള സിവിൽ സർവ്വീസ് നൽകിയിട്ടുള്ള സംഭാവനകൾ തള്ളിക്കളയാൻ കഴിയുന്നതല്ല. കേരളത്തിൽ അധികാരത്തിൽ എത്തിയിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഴിമതി രഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസാണ് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിട്ടുള്ളത്. അത് നടപ്പിലാക്കാൻ സർക്കാർ ജീവനക്കാരും പ്രതിജ്ഞാബദ്ധരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വേണം സെക്രട്ടേറിയറ്റ് സർവ്വീസിനെ പരിശോധിക്കേണ്ടത്. സർക്കാരിന്റെ നയരൂപീകരണത്തിലും അവ നടപ്പിലാക്കുന്നതിലും മർമ്മപ്രധാനമായ സ്ഥാനമാണ് സെക്രട്ടേറിയേറ്റ് ജീവനക്കാർക്ക് ഉള്ളത്. അഴിമതിരഹിതമായും സുതാര്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന സർവ്വീസാണ് സെക്രട്ടറിയേറ്റ് സർവ്വീസെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതും അത് മാറി മാറി വന്ന ഭരണാധികാരികളെല്ലാം അംഗീകരിച്ചിട്ടുള്ളതുമാണ്. സെക്രട്ടേറിയറ്റിതര സർവ്വീസുമായി താരതമ്യം ചെയ്യുമ്പോൾ അതിന്റെ പരിശുദ്ധിയും വ്യത്യസ്തതയും സംരക്ഷിക്കപ്പെടേണ്ടതു തന്നെയാണ്.

സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനായി മുൻ ചീഫ് സെക്രട്ടറി ശ്രീ. ഭരത്ഭൂഷൺ അദ്ധ്യക്ഷനായ കമ്മിറ്റി നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ പതിനെട്ട് വകുപ്പുകളെ മാത്രം ഉൾപ്പെടുത്തി KAS രൂപീകരണമെന്നാണ് ശുപാർശ നൽകിയിട്ടുള്ളത്. അതിൽ സെക്രട്ടേറിയറ്റ് സർവ്വീസ് ഉൾപ്പെടുത്തിയിരുന്നില്ല. 24.10.2014 ൽ സർക്കാർ നടത്തിയ ചർച്ചയിൽ സെക്രട്ടേറിയറ്റിതര സർവ്വീസ് സംഘടനകൾ മുന്നോട്ടുവച്ച അഭിപ്രായത്തെ തുടർന്നാണ് സെക്രട്ടറിയേറ്റ് സർവ്വീസിനെ കൂടി ഉൾപ്പെടുത്താൻ തത്വത്തിൽ തീരുമാനം കൈക്കൊണ്ടത്. എന്നാൽ 6.12.2014 ൽ സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനകൾ ഇതു സംബന്ധിച്ച ആശങ്കകൾ മുന്നോട്ട് വച്ചതിനെ തുടർന്ന് സർക്കാർ ഇതു മനസ്സിലാക്കി സെക്രട്ടറിയേറ്റ് സർവ്വീസിനെ KAS ൽ നിന്ന് ഒഴിവാക്കുന്നതിനായി ഒരു ഉപസമിതിയെ രൂപീകരിക്കുകയുണ്ടായി. ആ ഉപസമിതിയുടെ പ്രവർത്തനം ആരംഭിക്കാതിരുന്നതിനാൽ ഇതിന്മേൽ തുടർ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടന്നിരുന്നില്ല. എന്നാൽ സെക്രട്ടേറിയറ്റ് സർവ്വീസിനെ കൂടി ഉൾപ്പെടുത്തി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന KAS -നെ സംബന്ധിച്ചാണ് സർക്കാർ ഇപ്പോൾ അഭിപ്രായം ആരാഞ്ഞിട്ടുള്ളത്.

സംസ്ഥാന സിവിൽ സർവ്വീസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെക്കുറിച്ചുള്ള കേരള സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷന്റെ അഭിപ്രായം ചുവടെ കൊടുക്കുന്നു.

- സെക്രട്ടേറിയറ്റ് സർവ്വീസിലേയ്ക്ക് അസിസ്റ്റന്റായി കടന്നുവരുന്നതിനുള്ള അടിസ്ഥാനവിദ്യാഭ്യാസയോഗ്യത ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷയിലൂടെ കടന്നുവന്ന് 15 മുതൽ 20 വർഷം വരെ സർവ്വീസിൽ പരിചയം നേടി സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ, റൂൾസ് ഓഫ് ബിസിനസ്സ്, മറ്റ് റൂളുകളും ചട്ടങ്ങളും തുടങ്ങിയവയിൽ പ്രവീണ്യം നേടിയാണ് അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നത്. എന്നാൽ ഇതേ അടിസ്ഥാന യോഗ്യത (ബിരുദം)യുള്ള യാതൊരു സർവ്വീസ് പരിചയവുമില്ലാത്ത ചെറുപ്പക്കാർ അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് KAS ലൂടെ നിയമനം നേടിയെത്തുമ്പോൾ, അത് ഭരണരംഗത്ത് ഒരു മധ്യവർഗ്ഗത്തെ സൃഷ്ടിക്കുകയും സെക്രട്ടറിയേറ്റ് സർവ്വീസിലെ നിലവിലുള്ള സന്തുലിതാവസ്ഥ തകർക്കുകയും ചെയ്യും.
- റവന്യൂ വകുപ്പിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ കുറവുള്ളതിനാൽ ഐ.എ.എസ് പ്രൊമോഷനുവേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ കുറവുണ്ടെന്നും അത് പരിഹരിക്കുന്നതിന് കെ.എ.എസ് രൂപീകരിക്കണമെന്നുമുള്ള വാദം ബാലിശമാണ്. കെ.എ.എസ് രൂപീകരിച്ചാലും എട്ട് വർഷം കഴിഞ്ഞ് മാത്രമാണ് കെ.എ.എസിൽ ഉള്ളവർ ഐ.എ.എസ്സിന് യോഗ്യത നേടുകയുള്ളൂ. ആ സമയപരിധിക്കുള്ളിൽത്തന്നെ ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം ത്വരിതപ്പെടുത്തി ഐ.എ. എസ്സിന് യോഗ്യരായവരെ കണ്ടെത്താൻ കഴിയും. ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കുകയാണ് വേണ്ടത്
- മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ നിയമന രീതിയാണ് പല തസ്തികകൾക്കും കേരളത്തിൽ സ്വീകരിച്ച് വരുന്നത്. അത് കേരളത്തിന്റെ സവിശേഷമായ സാഹചര്യവും പ്രത്യേകതയും അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ ബാഹുല്യവും കണക്കിലെടുത്താണ്. ഉദ്യോഗത്തിൽ കയറുന്ന ഏറ്റവും സാധാരണക്കാർക്കും മതിയായ യോഗ്യതയുള്ളവർക്കും മെച്ചപ്പെട്ട പ്രൊമോഷനുകൾ ഉറപ്പാക്കിക്കൊണ്ടുള്ള നിയമനരീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. മറ്റ് ചില സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിലുണ്ടെങ്കിലും സെക്രട്ടേറിയറ്റ് സർവ്വീസിനെ അതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചതിനുശേഷം SCS കാട്ട പ്രകാരമുള്ള IAS ഒഴിവിലേക്ക് ഒറ്റത്തവണ- സ്പെഷ്യൽ സെലക്ഷൻ - റിക്രൂട്ട്മെന്റ് DOPT യുടെ അനുവാദത്തോടെ നടത്തുമെന്നാണ് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി നിർദ്ദേശിച്ചത്. എന്നാൽ നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് പുനഃസംഘടിപ്പിക്കാതെ തന്നെ, ഡെപ്യൂട്ടി കളക്ടർക്ക് സമാനമായ തസ്തികകളിൽ നിന്ന് IAS ഒഴിവിലേക്ക് സ്പെഷ്യൽ - സെലക്ഷൻ DOPT യുടെ അംഗീകാരത്തോടെ നടത്താനുള്ള സാധ്യതകൾ പരിശോധിക്കുകയാണ് വേണ്ടത്. യോഗ്യരായ ഡെപ്യൂട്ടി കളക്ടർമാരുടെ അഭാവത്തിൽ ഇത്തരത്തിലുള്ള നടപടിയാവും ഏറ്റവും ഫലപ്രദം.
- സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന്റെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത ഡിഗ്രിയാണെങ്കിലും വളരെ ഉയർന്ന യോഗ്യതയുള്ളവർ, പ്രത്യേകിച്ച് Ph.D., MBA, B.Tech., M.Tech, LLM, M.Ed. തുടങ്ങിയ പ്രൊഫഷണൽ യോഗ്യതയുള്ള ധാരാളം പേർ ഇന്ന് സെക്രട്ടേറിയറ്റ് സർവ്വീസിൽ ഉണ്ട്. ഇ-ഗവർണൻസിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഗവർണൻസിലൂടെ ഭരണരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ പരിശീലനം നൽകിയാൽ അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിവുള്ളവരാണ് ഉന്നതവിദ്യാഭ്യാസയോഗ്യതയുള്ള സെക്രട്ടേറിയറ്റ് ജീവനക്കാർ. അതിനുപകരം, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചാൽ മാത്രമേ ഇ-ഗവർണൻസ് നടപ്പിലാക്കി സർവ്വീസ് രംഗം കാര്യക്ഷമമാക്കാൻ കഴിയുകയുള്ളൂ എന്ന നിലപാടിനോട് യോജിക്കാൻ കഴിയുന്നതല്ല.
- സംസ്ഥാന സിവിൽ സർവ്വീസിൽ വളരെ വ്യത്യസ്തമായും എന്നാൽ തികച്ചും കാര്യക്ഷമമായും പ്രവർത്തിക്കുന്ന മേഖലയാണ് സെക്രട്ടേറിയറ്റ് സർവ്വീസ്. ഈ സർവ്വീസിനെ കെ.എ.എസ്സിൽ ഉൾപ്പെടുത്തുന്നതിനുമുമ്പ് സമഗ്രമായി പഠനം നടത്തേണ്ടതുണ്ട്. സംസ്ഥാന ഭരണരംഗത്ത് കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള അഴിമതികളുടെ ഉറവിടം പരിശോധിച്ചാൽ, അതിലൊന്നിലും തന്നെ സെക്രട്ടേറിയറ്റ് സർവ്വീസിനെ കാണാൻ കഴിയില്ല. ഭൂരിപക്ഷം അഴിമതി കേസുകളുടേയും ഉറവിടം ഐ.എ.എസ് തലത്തിലുള്ള ഉന്നതതസ്തികകളിലോ അതുമല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട രാഷ്ട്രീയ തലങ്ങളിലോ ആണെന്ന് കാണാൻ കഴിയും. അഴിമതിയുടെ പഴുതുകൾ അടയ്ക്കാൻ കെല്പുള്ള ഇന്നത്തെ രീതിയിലുള്ള സെക്രട്ടേറിയറ്റ് സർവ്വീസിനെ മറ്റ് സർവ്വീസുമായി കൂട്ടിക്കെട്ടുന്നത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ എന്ന കാര്യത്തിൽ സംശയമില്ല.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണമെന്നത് വളരെ വിശദമായ ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം തീരുമാനമെടുക്കേണ്ട വിഷയമാണ്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ നിരവധിയുള്ള നമ്മുടെ നാട്ടിലെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യഭ്യാസ, ആരോഗ്യ, സാമൂഹ്യ സുരക്ഷാ രംഗത്തിലും പിന്നാക്ക സമുദായങ്ങളുടെ മുന്നേറ്റത്തിലും നാം നേടിയ പുരോഗതിയുടെ അടിസ്ഥാനത്തിലും വേണം ഈ വിഷയം കൈകാര്യം ചെയ്യാൻ. കേരളത്തിൽ രൂപീകരിച്ചിട്ടുള്ള ഭരണപരിഷ്കാര കമ്മീഷനുകളൊക്കെ നിരവധി ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും അവയിൽ പലതും നടപ്പിലാക്കിയിട്ടില്ല. രണ്ടാം ഭരണപരിഷ്കാര കമ്മീഷനും മൂന്നാം ഭരണപരിഷ്കാര കമ്മീഷനും കേരളത്തിൽ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണമെന്ന ശുപാർശ നൽകിയെങ്കിലും അതു നടപ്പിലാക്കിയാലുള്ള പ്രായോഗിക ബുദ്ധിമുട്ടുകളും സർവ്വീസ് സംബന്ധമായ മറ്റ് വിഷമതകളും സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ശക്തമായ എതിർപ്പും മനസ്സിലാക്കിയാണ് കഴിഞ്ഞ കാലങ്ങളിലെ സർക്കാരുകൾ ആ ശുപാർശ നടപ്പിലാക്കാതിരുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദനെ അധ്യക്ഷനാക്കി നാലാം ഭരണപരിഷ്കാര കമ്മീഷനെ നിയമിച്ചിരിക്കുകയാണല്ലോ. വളരെ സമഗ്രമായ വിലയിരുത്തൽ നടത്തി തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച വിഷയവും നാലാം ഭരണപരിഷ്കാര കമ്മീഷന്റെ പരിഗണനയ്ക്ക് വിടുന്നതായിരിക്കും ഉചിതം. ഭരണപരിഷ്കാര കമ്മീഷന്റെ പഠനത്തിന് ശേഷം വിവിധ സർവ്വീസ് സംഘടനകളുടെ അഭിപ്രായം ഈ വിഷയത്തിൽ തേടി മാത്രമേ അന്തിമതീരുമാനമെടുക്കാൻ പാടുള്ളു.
- സെക്രട്ടേറിയറ്റ് സർവ്വീസിനെക്കൂടി ഉൾപ്പെടുത്തി KAS രൂപീകരിച്ചാൽ, സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രൊമോഷനുകൾ കുറയുന്ന ഗുരുതരമായ സാഹചര്യം ഉണ്ടാവുമെന്ന് ജീവനക്കാർ ആശങ്കപ്പെടുന്നു. മെച്ചപ്പെട്ട പ്രൊമോഷൻ സാധ്യതകൾ പ്രതീക്ഷിച്ച് സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് അത് ലഭിക്കാതെ വരുമ്പോൾ അവരുടെ കാര്യക്ഷമതയെ അത് ബാധിക്കുകയും സെക്രട്ടേറിയറ്റ് സർവ്വീസിന്റെ ഗുണനിലവാരം കുറയുന്നതിനും ഇത് കാരണമായി മാറും.

കേരള സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷൻ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് സെക്രട്ടേറിയറ്റ് സർവ്വീസിനെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) രൂപീകരിക്കാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിൻമാറണ

മെന്ന് കേരള സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷൻ ശക്തമായി ആവശ്യപ്പെടുന്നു. അതോടൊപ്പം സ്റ്റാഫ് അസോസിയേഷന്റെ ഈ വിഷയത്തിലുള്ള അഭിപ്രായങ്ങൾ സർക്കാരിന് മുൻപാകെ അവതരിപ്പിക്കുന്നതിനായി ഒരു ഹിയറിംഗ് അനുവദിച്ച് തരണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

16/10/16

എസ്. ബിജു

ജനറൽ സെക്രട്ടറി

THE KERALA FINANCE SECRETARIAT ASSOCIATION

THIRUVANANTHAPURAM
Register No. 43/1961

PRESIDENT
N. GOPAKUMAR

VICE PRESIDENT
P.N. MANOJ KUMAR
ANIE JULA THOMAS

GENERAL SECRETARY
S. PRADEEP KUMAR

SECRETARIES
SURYANARAYANAN M.D
ARUN KUMAR .R
REKHA NIXON

TRESURER
NOUSHAD. A

Ref: No.106/2016 KFSA

ബഹു.പ്രിൻസിപ്പൽ സെക്രട്ടറി, പി. & എ.ആർ.ഡി സമക്ഷം

സർ,

വിഷയം -സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച്.

.....

സെക്രട്ടറിയേറ്റ് സർവ്വീസിനെ കൂടി ഉൾപ്പെടുത്തി സംസ്ഥാനത്ത് KAS പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച് സെക്രട്ടറിയേറ്റ് സംഘടനകളുടെ അഭിപ്രായം ആരാഞ്ഞ് കൊണ്ട് സർക്കാർ കത്ത് നമ്പർ 803512/AR-12(1)/2016, P & ARD dated 31/08/2016 പ്രകാരം നൽകിയ കത്തിനുള്ള മറുപടിയായി കേരള ഫൈനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ താഴെ പറയുന്ന കാര്യങ്ങൾ സമർപ്പിച്ചുകൊള്ളുന്നു. ഈ വിഷയത്തിൽ മറുപടി സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകുന്നതിലേയ്ക്കായി അസോസിയേഷൻ 17/09/2016 ന് ഒരു കത്ത് നൽകിയിരുന്നത് ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുന്നു.

KAS രൂപീകരണം സംബന്ധിച്ച് 6/11/2013-ലെ ചീഫ് സെക്രറിയുടെ കത്തിന് മറുപടിയായി അസോസിയേഷന് ഈ വിഷയത്തിലുള്ള സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ആശങ്ക 23/11/2013 – ലെ മറുപടി കത്തിലൂടെ ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതും മുൻ സർക്കാർ വിളിച്ചുകൂട്ടിയ സംഘടന പ്രതിനിധികളുടെ യോഗങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതിയെ നിയമിക്കുകയും പ്രസ്തുത തീരുമാനത്തിൽ നിന്നും സെക്രട്ടറിയേറ്റ് സർവ്വീസിനെ ഒഴിവാക്കി നിർത്തുകയും ചെയ്തിരുന്നു. ഇപ്പോൾ സർക്കാർ ടി വിഷയത്തിൽ രൂപീകരിച്ചിരിക്കുന്ന

സെക്രട്ടറിതല സമിതി മുൻപാകെ സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ആശങ്കകൾ പങ്ക് വയ്ക്കാൻ അസോസിയേഷൻ താൽപര്യപ്പെടുന്നു.

1. <u>തസ്തിക നഷ്ടം</u> :

നിലവിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന KAS, G.O.(MS) No.1/2015/GAD dated 05/01/2016 പ്രകാരം സെക്രട്ടറിയേറ്റ് സർവ്വീസിലെ രണ്ടാം Gazetted post - ലെ ആകെ എണ്ണത്തിന്റെ 10% പുതുതായി രൂപീകരിക്കരിക്കപ്പെടുന്ന KAS-ലേയ്ക്ക് നീക്കിവയ്ക്കുന്നതാണ്. ഇതുമൂലം നിലവിൽ ഏകദേശം 25 ഓളം (225 ന്റെ 10%) തസ്തികകൾ ഉടൻ നഷ്ടപ്പെടും. എന്നാൽ KAS-ൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന 18 മറ്റ് വകുപ്പുകളിൽ നിന്നും ആകെ മാറ്റിവയ്ക്കപ്പെടുന്ന തസ്തികകളുടെ എണ്ണം ഏതാണ്ട് 500 ന്റെ 10% ആയ 50 മാത്രമാണ്. പുതുതായി KAS രൂപീകരിക്കുമ്പോൾ 18 മേജർ വകുപ്പുകൾക്ക് മൊത്തമായി അൻപതോളം തസ്തികകൾ നഷ്ടമാകുമ്പോൾ സെക്രട്ടറിയേറ്റിൽ ധന - പൊതുഭരണ വിഭാഗങ്ങളിൽ മാത്രമായി ഈ വകയിൽ ഉണ്ടാകുന്ന നഷ്ടം ഇതിന്റെ പകുതിയോളമാണ്. ഇതുമൂലം സെക്രട്ടറിയേറ്റിലെ അണ്ടർ സെക്രട്ടറി മുതൽ താഴോട്ടുള്ള തസ്തികകളിൽ ആസന്ന ഭാവിയിൽ പ്രമോഷനുകളിൽ കാര്യമായ നഷ്ടം ഉണ്ടാവുകയും ഇത് സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ഇടയിൽ കടുത്ത അതൃപ്തിക്ക് കാരണമാവുകയും ചെയ്യും.

2. <u>സെക്രട്ടറിയേറ്റിന്റെ സവിശേഷമായ പ്രാധാന്യം</u> :

സംസ്ഥാനഭരണത്തിലെ നയ - കർമ്മപദ്ധതി രൂപീകരണത്തിലും അവയുടെ പുരോഗതിവിലയിരുത്തുന്നതിലും സംസ്ഥാനസർക്കാരിന്റെ ബജറ്റ് രൂപീകരണമടക്കം സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും, കേന്ദ്രസർക്കാർ ഇതര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട ഭരണ നിർവ്വഹണമാണ് സെക്രട്ടറിയേറ്റിൽ മുഖ്യമായും നടക്കുന്നത്. ഇത്തരം ഭരണപരമായ നടപടികളിലൂടെ ദശാബ്ദങ്ങളായി ആർജിച്ച ഭരണവൈദഗ്ദ്ധ്യം ഉള്ളതിനാലാണ് സെക്രട്ടറിയേറ്റ് സർവ്വീസിനെ ഒരു

പ്രത്യേക മേഖലയായി മാറ്റി നിർത്താൻ വിവിധ ഭരണപരിഷ്കാര കമ്മീഷനുകളും പേ റിവിഷൻ കമ്മിഷനുകളും നിർദ്ദേശിച്ചിട്ടുള്ളതും അങ്ങനെ തന്നെ തുടർന്ന് പോകുന്നതും. ഈ സാഹചര്യത്തിൽ സെക്രട്ടറിയേറ്റ് സർവ്വീസിനെ KAS ന്റെ ഭാഗമാക്കാനുള്ള മേൽ വിവരിച്ച കാരണങ്ങളാൽ ആശ്വാസ്യമല്ല. ഒപ്പംതന്നെ സെക്രട്ടറിയേറ്റിനെ KAS ന്റെ ഭാഗമാക്കിയാൽ ഭാവിയിൽ സെക്രട്ടറിയേറ്റ് സർവ്വീസിലേയും KAS ലേയും തസ്തികകൾ പരസ്പരം മാറ്റി നിയമിക്കപ്പെടാവുന്ന (interchangable) സാധ്യതയും സംഘടനക്ക് ആശങ്കയുളവാക്കുന്നു.

3.<u>ധനവകുപ്പിന്റെ പ്രത്യേകത</u> :

ധനവകുപ്പ് സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിന്റെ കേന്ദ്രബിന്ദുവാണ്. കേന്ദ്ര സംസ്ഥാന ധനകാര്യ വിഷയങ്ങളിലും ബജറ്റ്, പ്ലാനിംഗ്, ധന:വ്യയ നിയന്ത്രണം, സർവ്വീസ് ചട്ടങ്ങൾ അടക്കമുള്ള വിഷയങ്ങളിൽ ഭരണവകുപ്പുകൾക്കും കീഴ് തട്ടിലേയ്ക്കും ഉപദേശ/നിർദ്ദേശങ്ങൾ നൽകുകയാണ് ഈ വകുപ്പിന്റെ പ്രധാനചുമതല. ദീർഘകാലം ധനകാര്യമാനേജ്മെന്റിൽ വിവിധതലങ്ങളിൽ പ്രാവീണ്യം നേടുന്ന ഉദ്യോഗസ്ഥന്മാരെ സെക്രട്ടറിയേറ്റ് സർവ്വീസിന്റെ ഭാഗമായിതന്നെ നിലനിർത്തേണ്ടത് അനിവാര്യമാണ്. ആകയാൽ നിയമ സെക്രട്ടറിയേറ്റിന്റെയും നിയമസഭാ സെക്രട്ടറിയേൻറിയേയും കാര്യത്തിലെന്നപോലെ ധനകാര്യവകുപ്പിന്റെ പ്രത്യേക പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ധനകാര്യ സെക്രട്ടറിയേറ്റിനെ KAS ന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് അസോസിയേഷൻ നിർദ്ദേശിക്കുന്നു.

സെക്രട്ടറിയേറ്റ് സർവ്വീസിനെ മൊത്തത്തിലും ധനകാര്യ സെക്രട്ടറിയേറ്റിനെ പ്രത്യേകിച്ചും നിർദ്ദേശിക്കപ്പെട്ട KAS ൽ നിന്നും ഒഴിവാക്കേണ്ടതിന്റെ അവശ്യകത മേൽ ഖണ്ഡികകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ജീവനക്കാർ നിലവിൽ അനുഭവിച്ചുപോരുന്ന പ്രമോഷൻ സാധ്യതകൾ നഷ്ടപ്പെടുത്തുന്നതും ജീവനക്കാരുടെ

ഇടയിൽ അതൃപ്തിയും, ആശങ്കകളും വളർത്തുന്നതുമായ ഈ നിർദ്ദേശം സെക്രട്ടറിയേറ്റ് സർവ്വീസിനോ, ജീവനക്കാർക്കോ, സർക്കാരിനോ ഗുണകരമാകില്ല എന്നതിനാൽ സെക്രട്ടറിയേറ്റ് സർവ്വീസിനെ KAS ന്റെ ഭാഗമാക്കാനുള്ള നിലവിലെ നിർദ്ദേശം പിൻവലിക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ

പ്രസിഡന്റ്

കേരള ഫൈനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ

തിരുവനന്തപുരം
14/10/2016

12 295

Employment Officers (Gazetted) Association

KERALA, THIRUVANANTHAPURAM

GO (RT) 726 / 67 / PD Dated 13-3-1967

President
A.M. NAZEER
Ph: 9447303759

General Secretary
ASWIN KUMAR K.S.
Ph: 9447282566

REFORMS & ADMINISTRATIVE
922954
15 OCT 2016
SECRETARIAT

Ref: EOGA/1432/2016. Date: 14.10.2016

To

The Principal Secretary to Govt.
Personnel & Administrative Reforms
(AR-12) Department. Thiruvananthapuram.

Sir. Sub. Kerala Administrative Service – Regn.

Ref: 1) Lr. No. 803512/AR-12(1)/2016/P&ARD dtd. 31.8.2016 of the Principal Secretary to Govt.
2) Our Representation dtd. 20.9.2016

Attention is invited to the matter under reference.

I. National Employment Service (Kerala) department has introduced many Self Employment Schemes namely KESRU, SARANYA, MPSC & JC and vocational Courses, Skill development Programmes for the educated youths of Kerala, in addition to the conventional placement work. So it's most necessary for the role of KAS officials in this department.

15/10

Hence we suggest that the K.E.S. (Kerala) dept also may be included with the list of departments that may be included in the Administrative Service.

II The Second Gazetted post of this department — Dist Employment Officer — may be declared equivalent to the post of Deputy Collectors and may be designated as "Kerala Administrative Service"

III The Retirement Age for the KAS may be fixed at 60 years.

IV Since we have to explain the suggestions above in detail, we request that we may be allowed for a hearing in the matter at an earliest convenience.

14.10.16

General Secretary

299

NO. 803512/AR 12(1)/16/P&ARD

No	Name of the service organisation	Signature
1	Kerala Govt Secretariat Last Grade Officers Association	
2	Kerala secretariat Non-Gazetted officers Association	3/10/16
3	The Kerala Law secretariat Association	
4	The Kerala Secretariat Association	3-10-16
5	Kerala Secretariat Employees Association	3/10/16
6	Kerala Finance Secretariat Association	
7	Kerala Secretariat Staff Association	
8	Secretariat Employees Sangh	
9	Kerala N. G. O Union	
10	Kerala Gazetted Officers Association	
11	Kerala Non-Gazetted Officers Association	
12	Kerala Gazetted Officers Federation	
13	Kerala Gazetted Officers Union	
14	N. G. O Sangh	
15	Joint Council	
	KSTA	

30/

Office of the
Additional Chief Secretary (Home & Vigilance)
Secretariat (Main Block), Thiruvananthapuram
Phone : 2333174 & 2518455

Date: 20-10-2016

NOTE

on the subject of Kerala H. Rules

A date for hearing needs to be finalised without delay. The following options are given:

Date	:	Time
01-11-2016	:	3.30 PM
03-11-2016	:	3.30 PM
07-11-2016	:	3.30 PM

A suitable date to be firmed up in consultation with the other Members.

NALINI NETTO

To

The Joint Secretary
P&AR Department

803

Draft

GOVERNMENT OF KERALA

No. 803572 /AR-12(1)/2016/P&ARD

Personnel & Administrative Reforms(AR-1) Department,
Thiruvananthapuram,
Dated: .2016.

U.O.NOTE

Fwd 1/11/16

Sub:- P&ARD - KAS – Meeting of Service Organisations – Allotment of Durbar Hall - Regarding.

Ref:- GO(Rt) No. 322/16/P&ARD dated 16/8/16

Attention of the General Administration (Political) Department may be invited to reference cited and that Department may be requested to make arrangements to allot Durbar Hall for the purpose of meeting of Service Organisations in connection with the reconstitution of Kerala Administrative Service **on 07.11.2016 at 3.30 pm.**

1/11/16

2/11/16.

1/11/16 US

To

General Administration (Political) Department

305

GOVERNMENT OF KERALA

No. 803512/AR-12(2)/2016/P&ARD.

Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated :

From

The Principal Secretary to Government.

To

All Service Organizations.

Sir,

Sub :- Personnel & Administrative Reforms Department– Kerala Administrative Service -- Meeting of Service Organisations- reg.

Ref :- (1) G.O.(Rt)332/2016/P&ARD dated 16/08/2016.
(2) Representations of Service Organisations.

The Committee of Secretaries for reconstitution of Kerala Administrative Service has decided to convene a meeting of Service Organisations, for hearing their views in the matter, on 07.11.2016 at 3.30 pm in the Durbar Hall of Government Secretariat. Hence 2 representatives each of the service organisations are requested to attend the meeting, without fail.

Yours faithfully,

803512/AR12(2)/2016/P&ARD

1. KERALA SECRETARIAT EMPLOYES ASSOCIATION
2. KERALA SECRETARIAT STAFF ASSOCIATION
3. KERALA SCREATARIAT ASSOCIATION
4. KERALA FINANCE SECRETARIAT ASSOCIATION
5. KERALA LAW SECRETARIAT ASSOCIATION
6. KERALA SECRETARIAT EMPLOYEES SANGH
7. KERALA SECRETARIAT NON- GAZETTED OFFICERS ASSOCIATION
8. KERALA SECRETARIAT LAST GRADE OFFICERS ASSOCIATION
9. KERALA N.G.O UNION
10. EMPLOYMENT OFFICERS (GAZETTED) ASSOCIATION
11. KERALA REVANUE DEPARTMENT STAFF ASSOCIATION
12. KERALA MOTOR VEHICLES DEPT STAFF ASSOCIATION
13. JOINT COUNCIL OF STATE SERVICE ORGANISATIONS
14. KERALA LAND REVENUE STAFF ASSOCIATION
15. P.S.C EMPLOYEES ASSOCIATION
16. KERALA GAZETTED OFFICERS UNION
17. KERALA GAZETTED OFFICERS FEDERATION
18. KERALA N.G.O ASSOCIATION
19. KERALA N.G.O SANGH
20. KERALA GAZETTED OFFICERS ASSOCIATION
21. KSTA

309

DPAR

GOVERNMENT OF KERALA

No. 803512/AR-12(2)/2016/P&ARD.

Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated :

From

The Principal Secretary to Government.

To

General Secretary/President

Sir,

Sub :- Personnel & Administrative Reforms Department– Kerala Administrative Service - Meeting of Service Organisations- reg.

Ref :- (1) G.O.(Rt)332/2016/P&ARD dated 16/08/2016.
(2) Letters of even No. dated 31.08.2016 and 27.09.2016

* * * *

The Committee constituted for formulating of reconstituting of Kerala Administrative Service has decided to hear the views of your organization in the matter. You are therefore requested to make it convenient to be present for a hearing on the date and time mentioned below, at the chamber of the Additional Chief Secretary (Home& Vigilance), alongwith a representative of your organization or 2 representatives authorised by your organization.

DATE: 17th, 18th & 19th Nov TIME: 3.30 pm - 5.30 pm.

Yours faithfully,

2/11/16

2/11/16

2/11/16

3/11/16

401

GOVERNMENT OF KERALA

No. 803512/AR-12(2)/2016/P&ARD.

Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated : 03.11.2016

From

The Principal Secretary to Government.

To

General Secretary/President

Sir,

Sub :- Personnel & Administrative Reforms Department– Kerala Administrative Service - Meeting of Service Organisations- reg.

Ref :- (1) G.O.(Rt)332/2016/P&ARD dated 16/08/2016.
(2) Letters of even No. dated 31.08.2016 and 27.09.2016

* * * *

The Committee constituted for formulating of reconstituting of Kerala Administrative Service has decided to hear the views of your organization in the matter. You are therefore requested to make it convenient to be present for a hearing on the date and time mentioned below, at the chamber of the Additional Chief Secretary (Home& Vigilance), alongwith a representative of your organization or 2 representatives authorised by your organization.

DATE:17.11.2016 **TIME:**

Yours faithfully,

Geetha.K.,
Joint Secretary
for Principal Secretary to Govt.

403

GOVERNMENT OF KERALA

No. 803512/AR-12(2)/2016/P&ARD.

Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated : 03.11.2016

From

The Principal Secretary to Government.

To

General Secretary/President

Sir,

Sub :- Personnel & Administrative Reforms Department– Kerala Administrative Service - Meeting of Service Organisations- reg.

Ref :- (1) G.O.(Rt)332/2016/P&ARD dated 16/08/2016.
(2) Letters of even No. dated 31.08.2016 and 27.09.2016

* * * *

The Committee constituted for formulating of reconstituting of Kerala Administrative Service has decided to hear the views of your organization in the matter. You are therefore requested to make it convenient to be present for a hearing on the date and time mentioned below, at the chamber of the Additional Chief Secretary (Home& Vigilance), alongwith a representative of your organization or 2 representatives authorised by your organization.

DATE:18.11.2016 **TIME:**

Yours faithfully,

Geetha.K.,
Joint Secretary
for Principal Secretary to Govt.

GOVERNMENT OF KERALA

No. 803512/AR-12(2)/2016/P&ARD.

Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated : 03.11.2016

From

The Principal Secretary to Government.

To

General Secretary/President

Sir,

Sub :- Personnel & Administrative Reforms Department– Kerala Administrative Service - Meeting of Service Organisations- reg.

Ref :- (1) G.O.(Rt)332/2016/P&ARD dated 16/08/2016.
(2) Letters of even No. dated 31.08.2016 and 27.09.2016

* * * *

The Committee constituted for formulating of reconstituting of Kerala Administrative Service has decided to hear the views of your organization in the matter. You are therefore requested to make it convenient to be present for a hearing on the date and time mentioned below, at the chamber of the Additional Chief Secretary (Home& Vigilance), alongwith a representative of your organization or 2 representatives authorised by your organization.

DATE:19.11.2016 **TIME:**

Yours faithfully,

Geetha.K.,
Joint Secretary
for Principal Secretary to Govt.

405

GOVERNMENT OF KERALA

No. 803512/AR-12(1)/2016/P&ARD. Personnel & Administrative Reforms (AR-12) Department, Thiruvananthapuram, Dated :

From

The Principal Secretary to Government.

To

The Director,
Information & Public Relations Department.

Sir,

Sub :- Kerala Administrative Service- Meeting with Service Organisations - reg.

Ref :- (1)G.O.(Rt)No.322/16/P&ARD dated 16/08/2016.
(2) Letter of even No. dated 03.11.2016

In inviting attention to the references cited, I am to inform you that the committee of Secretaries, constituted vide reference 1st cited, has decided to convene meeting of service organisations regarding reconstitution of Kerala Administrative Service on 17th , 18th and 19th of November 2016 at the chamber of the Additional Chief Secretary (Home & Vigilance) Hence it is requested to upload the matter in the Government Website and to intimate the same print media. A copy of the letter cited 2nd attached herewith for publishing in the Government Website. A copy of the press release is also enclosed for publishing the same in the print media.

Yours faithfully,

Copy to:- (1) Public Relations (web and New Media) Department.
(2) Public Relations (PS) Department (for furnishing in the Official website of P & ARD)

GOVERNMENT OF KERALA

No. 803512/AR-12(1)/2016/P&ARD.

Personnel & Administrative Reforms
(AR-12) Department,
Thiruvananthapuram,
Dated :

From

The Principal Secretary to Government.

To

The Director,
Information & Public Relations Department.

Sir,

Sub :- Kerala Administrative Service- Meeting with Service Organisations - reg.

Ref :- (1)G.O.(Rt)No.322/16/P&ARD dated 16/08/2016.
(2) Letter of even No. dated 03.11.2016

In inviting attention to the references cited, I am to inform you that the committee of Secretaries, constituted vide reference 1st cited, has decided to convene meeting of service organisations regarding reconstitution of Kerala Administrative Service on 17th , 18th and 19th of November 2016 at the chamber of the Additional Chief Secretary (Home & Vigilance) Hence it is requested to upload the matter in the Government Website and to intimate the same print media. A copy of the letter cited 2nd attached herewith for publishing in the Government Website. A copy of the press release is also enclosed for publishing the same in the print media.

Yours faithfully,

Geetha.K
Joint Secretary to Government

Copy to:- (1) Public Relations (web and New Media) Department.
(2) Public Relations (PS) Department (for furnishing in the Official website of P & ARD)

409

GOVERNMENT OF KERALA

No. 803512/AR-12(1)/2016/P&ARD. Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated : 03.11.2016

From

The Principal Secretary to Government.

To

General Secretary/President

Sir,

Sub :- Personnel & Administrative Reforms Department– Kerala Administrative Service - Meeting of Service Organisations- reg.

Ref :- (1) G.O.(Rt)332/2016/P&ARD dated 16/08/2016.
(2) Letters of even No. dated 31.08.2016 and 27.09.2016

* * * *

The Committee constituted for formulating of reconstituting of Kerala Administrative Service has decided to hear the views of your organization in the matter. You are therefore requested to make it convenient to be present for a hearing on the date and time mentioned below, at the chamber of the Additional Chief Secretary (Home& Vigilance), alongwith a representative of your organization or 2 representatives authorised by your organization.

DATE:17th, 18th & 19th November.2016
TIME:3.30 PM-5.30PM

Yours faithfully,

Geetha.K.,
Joint Secretary
for Principal Secretary to Govt.

പ്രസിദ്ധീകരണത്തിന്

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനരവലോകനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സെക്രട്ടറിമാരുടെ കമ്മിറ്റി സംസ്ഥാനത്തെ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ യോഗംചേരാൻ തീരുമാനിച്ചിരിക്കുന്നു. 2016 നവംബർ 17, 18, 19 തീയതികളിൽ പ്രസ്തുത വിഷയത്തിലുള്ള സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ കമ്മിറ്റിയെ നേരിട്ട് അറിയിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഉദ്യോഗസ്ഥ പരിഷ്കാര ഭരണ വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ നമ്പർ - 0471-2518548, 2517075) ഇതുസംബന്ധിച്ച വിവരങ്ങൾ സർക്കാർ വെബ്സൈറ്റിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.pard.kerala.gov.in ലും ലഭ്യമാണ്.

RL053002895IN
7-11-2016 503


KERALA COMMERCIAL TAXES GAZETTED OFFICERS' ASSOCIATION

T.C. 14/765, NRA-99, Observatory Lane, Thiruvananthapuram-695033
(Recognised by Govt. as per G.O. M.S. 600 dated 13.09.1960)

Date) 2016

To

The Principal Secretary to Government
Personnel & Administrative Reforms
(AR-12) Department,
Thiruvananthapuram.



Sir,

Sub:- Kerala Administrative Service - reg.
Ref:- No. 803512/AR-12(1)/2016/P & ARD dated 31.08.2016 of that office.

Kind attention is invited. I may submit the following remarks as required by your goodself as per the reference.

1. State Administrative Service is now a days a much discussed subject in the State Civil Service parlance. The discussions got momentum after the initiatives made by former Chief Secretary Sri. E.K. Bharat Bhooshan and the study report in his lead. History of the State Civil Service and the present social imperatives made it obvious that a strong administrative service in the state is inevitable in an era in which the agenda and manthra is development.
2. The present scenario is the maintenance of a cadre of Deputy Collectors in the Land Revenue Commissionerate as Kerala Civil Service (Executive) envisaged under a special rules as per G.O (Ms.) 377/63/PD dated 21.08.1963
3. Promotion of the State Civil Service Officers to the cadre of All India Service is done from the above mentioned Deputy Collectors only. This procedure has the following demerits and legal infirmities.
    i. There is lack of expertise and specialists in administration.
    ii. It is difficult to meet sufficient number of State Civil Service personnel to fill the state quota in All India Service in Kerala.
    iii. Even if the second Gazetted post Officers in other departments are not enlisted as Kerala Civil Service (Executive) Officers, they are also

part of State Civil Service. They are recruited by the same Public Service Commission, governed by the same service rules and drawing emoluments from the same treasury. Hence there is discrimination in not including them in the promotion procedure to All India Service.

iv. Indian Administrative Service (Recruitment) Rules 1954 envisages promotion of State Administrative Services Officers to Indian Administrative Service based on the following criteria.

   a. An Officer in the rank of Assistant Commissioner or above having 8 years of service in the State.
   b. The officer must have functions of administration and revenue.

Assistant Commissioners and Deputy Commissioners of the Commercial Taxes Department very well satisfy the above qualifications, but devoid of the benefits of the Central Rules and were not promoted to Indian Civil Service till date. It may also be noted that 73% of the state revenue is collected by this department (Ref. report of the 10th pay revision commission). Senior officers of such department have been made mere spectators of promotion procedures and kept away from the prospects of career advancement.

4. The study report on Kerala Administrative Service now set forth for discussion and reconstitution of Administrative Service elaborates on the need for a State Civil Service. The reasons for its formation enumerated in that report very well suit to the present cadre of Assistant Commissioners / Deputy Commissioners/ Joint Commissioners in the Commercial Taxes Department.

   a. Shortage of SCS Officers in the promotion quota of IAS can be redressed by incorporating the above cadre of AC's, DC's and JC's having eligibility in the seniority list of feeder category for promotion to the IAS which is of great importance in the new taxation regime of goods and services tax expected to be implemented by 1st April 2017.

b. Regular periodical direct recruitment to the cadre of Commercial Tax Officer with special qualifications shall have impact of specialization in administrative service.

c. Commercial Taxes Department is fully e-governed and the above cadre officers have experience in quasi-judicial functions can contribute greatly to the administrative elegance of Indian Civil Service.

d. In almost all other states, the above cadre officers are inducted into Indian Administrative Service from a state vide seniority list of Officers of different departments satisfying the qualifications of Indian Administrative Service (Recruitment) Rules 1954.

Thiruvananthapuram-695 001
Phone { Office : 0471-2333174
2518455
Fax : 0471-2327395

Dated dt.17.12.2016

Note

Sir,

An evaluation report on the proposed KAS, in the light of the meetings held with the service organizations, along with the minutes and the patterns of State Civil Service prevalent in other states, is submitted for information and necessary action.

ADDL.CHIEF SECRETARY (H&V)

To,

The Chief Secretary

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം
സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയുടെ നടപടിക്കുറിപ്പുകൾ

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകൃതമായ സെക്രട്ടറിമാരുടെ കമ്മിറ്റി 2016 നവംബർ 17, 18, 19 തീയതികളിൽ ആഭ്യന്തരവും വിജിലൻസും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി. വിവിധ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ

i) കേരളത്തിലെ സേവനമേഖലയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനും ഉറപ്പാക്കുന്നതിനും കഴിയുന്ന തരത്തിൽവേണം KAS രൂപീകരിക്കേണ്ടത്

ii)സംസ്ഥാന സിവിൽ സർവ്വീസിൽ അഡ്മിനിസ്ട്രേറ്റീവ് മേൽനോട്ടം വഹിക്കുന്ന എല്ലാ തസ്തികകളും കെ.എ.എസ്സിന്റെ പരിധിയിലാക്കേണ്ടതാണ്.

iii)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

iv) സംസ്ഥാന സെക്രട്ടറിയേറ്റ് സർവ്വീസ് അടക്കം എല്ലാ വകുപ്പുകളിലേയും രണ്ടാം ഗസറ്റഡ് തസ്തികകളുടെ 10% തസ്തികകൾ കെ.എ.എസ്സിനായി മാറ്റിവയ്ക്കണം

v) കെ.എ.എസിനുള്ള പുറത്തുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾക്ക് തടസമാകാത്ത വിധത്തിൽ പ്രത്യേക കേഡറാക്കി കെ.എ.എസ് രൂപീകരിക്കണം. കെ.എ.എസിൽ വരുന്ന ജീവനക്കാരുടെ തസ്തികകളും ചുമതലകളും ഉത്തരവാദിത്വങ്ങളും കൃത്യമായി നിർവചിക്കപ്പെടണം.

vi)നിയമനം 3 രീതിയിലാക്കണം -

1) ഒന്നാം ഗസറ്റഡ് തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽനിന്നും തസ്തിക മാറ്റം വഴി(30%)
2) സംസ്ഥാന സിവിൽ സർവീസിലെ എല്ലാവിഭാഗം ജീവനക്കാരിൽനിന്നും (20%)
3) യോഗ്യരായ അപേക്ഷകരിൽനിന്നും നേരിട്ടുള്ള നിയമനം(50%)

vii) ഏകീകൃത പരീക്ഷ വേണം. പരീക്ഷയുടെ വിശദാംശങ്ങൾ, അപേക്ഷകരുടെ യോഗ്യത, വയസ്, നിയമനരീതി എന്നിവസംബന്ധിച്ച്

സർവ്വീസ് സംഘടനകളുമായി തീരുമാനിച്ച് മാനദണ്ഡങ്ങൾ രൂപീകരിക്കണം. KAS ന്റെ കരട് തയ്യാറാക്കി സംഘടനകളുമായി ചർച്ച നടത്തണം.

2) കേരള എൻ.ജി.ഒ.അസോസിയേഷൻ

i) എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തുന്നതോടൊപ്പം സെക്രട്ടറിയേറ്റ് സർവ്വീസിനെയും ഉൾപ്പെടുത്തണം

ii) 50% നേരിട്ടുള്ള നിയമനത്തിൽ മാറ്റംവരുത്തി 75% ട്രാൻസ്ഫർ മുഖേനയും 25% നേരിട്ടും നിയമനം നടത്തണം

iii) ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിവേചനമില്ലാതെ എല്ലാവരെയും ഉൾപ്പെടുത്തണം

3) ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റാഫ് സർവ്വീസ് ഓർഗനൈസേഷൻസ്

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii) ഐ.എ.എസ്സിനുമാത്രമായി ഈ സംവിധാനം ചുരുക്കരുത്

4) കേരള റവന്യൂ ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് അസോസിയേഷൻ

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii) കെ.എ.എസ് നിലവിൽവന്നാൽ നിലവിലുള്ള ഡെപ്യൂട്ടി കളക്ടർ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി നേരിട്ട നിയമന വ്യവസ്ഥ ഒഴിവാക്കണം

iii) ഒന്നാം ഗസറ്റഡ് തസ്തികയിൽ ജോലി ചെയ്യുന്നവരെ (ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്) കൂടി കെ.എ.എസ്സിനുള്ള അപേക്ഷാഗണത്തിൽ ഉൾപ്പെടുത്തണം.

5) എംപ്ലോയ്മെന്റ് ഓഫീസേഴ്സ് (ഗസറ്റഡ്) അസോസിയേഷൻ

i)NES KERALA (National Employment Service – Kerala)യും കൂടി കെ.എ.എസ്സിൽ ഉൾപ്പെടുത്തണം.

ii)2nd ഗസറ്റഡ് പോസ്റ്റായ ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ തസ്തിക ഡെപ്യൂട്ടികളക്ടർ തസ്തികയ്ക്ക് തുല്യമാക്കണം.

iii) വിരമിക്കൽപ്രായം 60 ആക്കണം.

6) കേരള ലാന്റ് റവന്യൂ സ്റ്റാഫ് അസോസിയേഷൻ

i) കെ.എ.എസ് രൂപീകരിക്കുമ്പോൾ ഡെപ്യൂട്ടി കളക്ടർമാരെ നേരിട്ട് നിയമിക്കുന്നതിനുള്ള കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾ റദ്ദ് ചെയ്യണമെന്നും നിലവിൽ ഡെപ്യൂട്ടി കളക്ടർ ആയി നിലവിൽ

നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരെ കെ.എ.എസിൽ ഉൾപ്പെടുത്തി അവരുടെ എണ്ണം കുറവുവരുത്തി മാത്രമേ കെ.എ.എസിലെ റവന്യൂ വകുപ്പിലെ ഒഴിവുകൾ തിട്ടപ്പെടുത്താവൂ.

ii)കെ.എ.എസിൽ നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥരിൽ ഹയർ സർവ്വെ, ക്രിമിനൽ ജൂഡീഷ്യറി ടെസ്റ്റ്, പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗ് എന്നീ പരീക്ഷകൾ പാസാകാത്തവരെ നിയമിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു.

iii)റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ഓഫീസർ തസ്തിക, ഐ.എ.എസ്, കെ.എ.എസ് പ്രൊമോഷനിലൂടെ വരുന്ന ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്ക് 20:20:60 എന്ന റേഷ്യോ നിശ്ചയിക്കണം.

iv) ഐ.എ.എസ് കൺഫർചെയ്യുന്നതിൽ നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് 8 വർഷം സർവ്വീസ് എന്നും, സർവ്വീസ് ക്വാട്ടയിൽ വരുന്നവർക്ക് 5 വർഷം സർവ്വീസ് എന്നും അവരുടെ പരമാവധി പ്രായം 57 വയസ്സെന്നും നിശ്ചയിക്കണം.

7) പി.എസ്.സി.എംപ്ലോയീസ് അസോസിയേഷൻ

i) പി.എസ്.സി. ജീവനക്കാരെ ഉൾപ്പെടുത്തണം

ii) എസ്.സി./എസ്.ടിക്കാർക്ക് 5 വർഷത്തെ ഇളവ് നൽകണം

iii) എല്ലാ വകുപ്പുകളിലുമുള്ള ജീവനക്കാർക്ക് പരീക്ഷ എഴുതുന്നതിനുള്ള അവസരം നൽകണം.

iv)പരീക്ഷ പി.എസ്.സി മുഖേന നടത്തണം

8) ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഫ്രണ്ട്

i) എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തണം.

ii) ഓരോ ജീവനക്കാരനും 50% തസ്തികയിൽ മത്സരിക്കുവാൻ ഉള്ള അവസരം നൽകണം.

iii) സർവ്വീസിലുള്ളവർക്ക് മുൻഗണന നൽകുന്നതോടൊപ്പം ഇതുമൂലമുണ്ടാകുന്ന പ്രൊമോഷൻ നഷ്ടം പരിഹരിക്കണം.

iv)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം.

v) 10 തസ്തികയിൽ കുറവുള്ള വകുപ്പുകളെ ഉൾപ്പെടുത്തരുത്.

9) കേരള എൻ.ജി.ഒ.യൂണിയൻ

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii) മുഴുവൻ വകുപ്പുകളിലെയും technical/Non-technical/professinal

വ്യത്യാസമില്ലാതെ ഉൾപ്പെടുത്തണം.

iii)നിയമനം 50% നേരിട്ടും 50% ട്രാൻസ്ഫർ വഴിയുമായിരിക്കണം. നേരിട്ടുള്ള നിയമനത്തിൽ 25%സർവ്വീസിലുള്ളവർക്ക് അവസരം നൽകണം.

iv) പി.എസ്.സി പരീക്ഷമുഖാന്തിരം നിയമനം നടത്തണം. നേരിട്ടുള്ള നിയമനത്തിന്റെ പ്രായപരിധി 21-33 ഉം ട്രാൻസ്ഫർ മുഖേനമുള്ളവർക്ക് 40 ഉം ആക്കണം

10) കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ

i)പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് കേഡർ ആയി രൂപീകരിക്കണം

ii) എല്ലാവിഭാഗക്കാരെയും ഉൾപ്പെടുത്തണം.

iii) അടിസ്ഥാന യോഗ്യതയായി ബിരുദം വേണം. UPSC നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷാ മാതൃകയിൽ എല്ലാ വർഷവും പരീക്ഷ നടത്തുവാൻ പി.എസ്.സി.യെ സജ്ജമാക്കണം. Preliminary/Mains/interview എന്നിവ വേണം

iv) എല്ലാ വകുപ്പുകളിലും ശാസ്ത്രീയ പഠനം നടത്തി തസ്തികകൾ കണ്ടെത്തി KAS രൂപീകരിക്കണം.

v) പ്രൊബേഷൻ പൂർത്തിയാക്കിയ ബിരുദധാരികളായ ആദ്യ ഗസറ്റഡ് ഓഫീസർമാരെ വേണം

vi)52 വയസ്സ് എന്നത് 50 ആയി കുറയ്ക്കണം.

vi)IAS ലേയ്ക്ക് നിലവിൽ സർക്കാർ സർവ്വീസിൽനിന്നുമുള്ള നിയമനങ്ങൾ അവസാനിപ്പിക്കണം.

vii)കരട് ചട്ടങ്ങൾ തയ്യാറാക്കി ജീവനക്കാരുടെ സംഘടനയുമായി ചർച്ച നടത്തണം. ധൃതി പിടിച്ച് നടത്തരുത്.

11) കേരള ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ

i)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii)എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തണം.

iii) Ist ഗസറ്റഡ് ഓഫീസർമാരുടെ പ്രൊമോഷൻ സാധ്യതകളെ ബാധിക്കരുത്.

iv) പ്രൊഫഷണൽ വകുപ്പിൻ കീഴിലായിരിക്കണം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

v)വിരമിക്കൽപ്രായം 60 ആയി ഉയർത്തണം

vi) ഭരത് ഭൂഷൺ കമ്മിറ്റിയുടെ 4-ാം ശുപാർശയ്ക്ക് വ്യക്തത വേണം.

vii) സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കണം.

viii)3:1 എന്ന രീതിയിൽ ട്രാൻസ്ഫർ വഴിയും നേരിട്ടും നിയമനം നടത്തണം.

ബിരുദം അടിസ്ഥാന യോഗ്യതയായിരിക്കണം.

xi) കെ.എ.എസ്സിന്റെ പ്രൊമോഷൻ സാദ്ധ്യത വ്യക്തമാക്കണം.

12) കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ

i)2nd ഗസറ്റഡ് ഉദ്യോഗസ്ഥർ/മിനിസ്റ്റീരിയൽ സ്റ്റാഫിനെ ഉൾപ്പെടുത്തുക

ii) സെക്രട്ടറിയേറ്റിനെ ചേർക്കണമെന്ന് അഭിപ്രായമില്ല.

13) കേരള എൻ.ജി.ഒ.സംഘ്

i)ടെക്നിക്കൽ/നോൺ-ടെക്നിക്കൽ വ്യത്യാസമില്ലാതെ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തുക.

ii)ശതമാന തസ്തികകൾ എന്നതിനുപകരം ഒരു കൃത്യമായ എണ്ണം വേണം.

iii)സ്പെഷ്യൽ റൂൾസ്, സർവ്വീസ് മാന്വൽ എന്നിവ നവീകരിക്കണം.

iv) പി.എസ്.സി വഴി നിയമനം നടത്തണം.

v) വിരമിക്കൽപ്രായം 60 ആക്കണം.

vi) സൂപ്പർന്യൂമററി തസ്തികകളിന്മേലുള്ള സാദ്ധ്യതകൾ ആരായണം.

vii) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം.

14) കൊമേഴ്ഷ്യൽ ടാക്സസ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ

i)കൊമേഴ്ഷ്യൽ ടാക്സസിൽ അഡീഷണൽ കമ്മീഷണർ പോസ്റ്റ് ഇല്ല.

ii)3 ലെവൽ പ്രൊമോഷൻ സാദ്ധ്യമല്ല

iii) നിലവിൽ 2nd ഗസറ്റഡ് പദവിയിരിക്കുന്ന ആളുകൾക്ക് ഇതിന് അപേക്ഷിക്കാൻ പറ്റുമോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

15) കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഹാനികരമായി ബാധിക്കും.വ്യതിരിക്തമായ, വ്യത്യാസമായ സർവ്വീസ് ആണ് സെക്രട്ടറിയേറ്റ് സർവ്വീസ്.

ii) IAS ഓഫീസർമാരുടെ കുറവ് - 11 വർഷം കൊണ്ടുമാത്രമേ ഇത് നികത്താൻ കഴിയൂ. KAS രൂപീകരണം അതിന് പരിഹാരമല്ല.

iii) സ്റ്റേറ്റ് സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) റൂൾസ് ഭേദഗതി ചെയ്യണം. സെക്ഷൻ ഓഫീസർ തസ്തികകൾ മുതലുള്ള ഓഫീസർമാരെ BDO തസ്തികകളടക്കം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അയയ്ക്കുവഴി ഇത്

പരിഹരിക്കാം.

iv) ട്രെയിനിംഗ് വഴി സർവ്വീസ് കാര്യക്ഷമമാക്കാം

v) സർവ്വീസിലേയ്ക്ക് മറ്റ് ആളുകൾ കടന്നുവരുന്നത് സെക്രട്ടറിയേറ്റ് സർവ്വീസിന്റെ നിലവാരത്തെ ബാധിക്കും.

vi) 95 ന്ശേഷം സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയിട്ടില്ല

vii)കെ.എ.എസ്സിന് എതിരാണ്

viii)ഭരണപരിചയം ഒരു പ്രധാന ഘടകമാണ്.

16) കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ

i)ഐ.എ.എസ് നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി.റിക്രൂട്ട്മെന്റിൽ വരുന്ന കാലതാമസം എന്തെന്ന് മനസ്സിലാക്കി, അവ പരിഹരിച്ച് ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് വർഷാവർഷമോ 2 വർഷത്തിലൊരിക്കലോ റിക്രൂട്ട്മെന്റ് നടത്തി പ്രശ്നം പരിഹരിക്കണം. കൂടാതെ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം ഉപേക്ഷിക്കണം.

ii) സിവിൽ സർവ്വീസിനെ സംബന്ധിച്ച് സ്പെഷ്യലിസ്റ്റുകളെ സൃഷ്ടിക്കുക എന്നത് തികച്ചും അമൂർത്തമായ ആശയമാണ്.

iii)മുൻപരിചയത്തിന്റെ അടിസ്ഥാനത്തിൽ വരുന്നവരെ തഴഞ്ഞ് പുതിയ ആൾക്കാരെ പ്രതിഷ്ഠിച്ചാൽ വിപരീതഫലം ഉളവാകും. Dy.Sp., CI Recruitment എന്നിവ ഉദാഹരണം.

iv) സ്റ്റേറ്റ് സിവിൽസർവ്വീസിന്റെ ഘടനയെപ്പറ്റിയോ നിയമന രീതിയെപ്പറ്റിയോ സമഗ്രമായ ഒരു പഠനം ഈ സംസ്ഥാനത്ത് നാളിതുവരെ ആരും നടത്തിയിട്ടില്ല.

v)e-governance വഴി മികവുറ്റ സംവിധാനം സൃഷ്ടിയ്ക്കാം

vi)IAS ലെത് KAS ഉദ്യോഗസ്ഥർ വരുമ്പോൾ 10-12 വർഷം കഴിയും.

vii) നമ്മുടെ നിശ്ചിത ശതമാനം തസ്തികകൾ നഷ്ടമാകും, അഴിമതി സെക്രട്ടറിയേറ്റിലേയ്ക്ക് കടന്നുവരും.

viii) സ്റ്റേറ്റ് സിവിൽ സർവ്വീസിനെ സംബന്ധിച്ച വിഷയം ഭരണപരിഷ്കാരകമ്മീഷനെ ഏൽപ്പിക്കണം.

17) കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ

i)യാതൊരു സർവ്വീസ് പരിചയവുമില്ലാത്ത ചെറുപ്പക്കാർ അണ്ടർസെക്രട്ടറി തസ്തികയിലേയ്ക്ക് KAS ലൂടെ നിയമനം നേടുമ്പോൾ അത് ഭരണരംഗത്ത് ഒരു മദ്ധ്യവർഗ്ഗത്തെ സൃഷ്ടിക്കും.

ii)റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരടെ നേരിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കുകയാണ് വേണ്ടത്.

iii)മറ്റ് പല സംസ്ഥാനങ്ങളിലും സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിലുണ്ടെങ്കിലും സെക്രട്ടറിയേറ്റ് സർവ്വീസിനെ അതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

iv)നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് പുനഃസംഘടിപ്പിക്കാതെ തന്നെ, ഡെപ്യൂട്ടി കളക്ടർക്ക് സമാനമായ തസ്തികകളിൽനിന്ന് IAS ഒഴിവിലേയ്ക്ക് സ്പെഷ്യൽ സെലക്ഷൻ DOPT യുടെ അംഗീകാരത്തോടെ നടത്താനുള്ള സാധ്യതകൾ പരിശോധിക്കുകയാണ് വേണ്ടത്.

v) ഇ-ഗവേണൻസിലൂടെ ഭരണരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ പരിശീലനം നൽകിയാൽ അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിവുള്ളവരാണ് ഉന്നതവിദ്യാഭ്യാസയോഗ്യതയുള്ള സെക്രട്ടറിയേറ്റ് ജീവനക്കാർ.

vi)അഴിമതിയുടെ പഴുതുകൾ അടയ്ക്കാൻ കെൽപ്പുള്ള ഇന്നത്തെ രീതിയിലുള്ള സെക്രട്ടറിയേറ്റ് സർവ്വീസിനെ മറ്റ് സർവ്വീസുമായി കൂട്ടിക്കെട്ടുന്നത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ.

18) <u>കേരള ഫിനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ</u>

i)KAS രൂപീകരണവുമായി ബന്ധപ്പെട്ട് 10% തസ്തികകൾ നഷ്ടപ്പെടും. ഇത് പ്രൊമോഷനെയും ബാധിയ്ക്കും.

ii) സെക്രട്ടറിയേറ്റ് സർവ്വീസിനെ KAS ന്റെ ഭാഗമാക്കിയാൽ ഭാവിയിൽ സെക്രട്ടറിയേറ്റ് സർവ്വീസിലേയും KAS ലെയും തസ്തികകൾ പരസ്പരം മാറ്റി നിയമിക്കപ്പെടാവുന്നതാണ്.

iii) പ്രായോഗിക പരിജ്ഞാനം ആവശ്യമായ ധനകാര്യവകുപ്പ് സ്ഥാപനങ്ങളിൽ പുതിയ ആൾക്കാർ വരുന്നത് ഗുണകരമല്ല.

iv)പ്രൊമോഷൻ സാദ്ധ്യതകൾ ഇല്ലാതാകും.

v)എല്ലാവകുപ്പുകളെയും ഉൾപ്പെടുത്തണം

19) <u>കേരള ലോ സെക്രട്ടറിയേറ്റ് അസോസിയേഷൻ</u>

i)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തരുത്.

ii)സെക്രട്ടറിയേറ്റിൽ നിയമം, ധനകാര്യം, പൊതുഭരണം എന്ന സംവിധാനത്തെ ബാധിക്കുന്ന ഒരു വിഷയം ആശ്വാസ്യകരമല്ല.

iii)സിവിൽ സർവ്വീസിൽ ഏറ്റവും ശ്രദ്ധമായ സംവിധാനമാണ് സെക്രട്ടറിയേറ്റ്. അത് അട്ടിമറിക്കപ്പെടും

20) <u>കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ്</u>

i) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കരുത്.

ii)IAS ഓഫീസർമാരുടെ ക്ഷാമം പരിഹരിക്കുവാൻ സെക്രട്ടറിയേറ്റിലെ അണ്ടർസെക്രട്ടറി തസ്തികയിലുള്ളവരെ പരിഗണിച്ചാൽ അത് സാധിക്കുവാൻ കഴിയും.

iii)കഴിവുള്ളവരെ ഉൾപ്പെടുത്തണം.

iv)DOPT യിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിക്കണം.

v)നിലവിലെ പരീക്ഷാ രീതി, നിയമനം എന്നിവ പരാജയമാണെങ്കിൽ പുതിയ രീതികൾ പരീക്ഷിയ്ക്കാം.

21) <u>കേരള സെക്രട്ടറിയേറ്റ് ലാസ്റ്റ് ഗ്രേഡ് അസോസിയേഷൻ</u>

i)മറ്റ് തസ്തികകൾക്ക് വരുന്ന നഷ്ടം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ബാധിക്കും.

ii)stagnation തങ്ങളുടെ സാധ്യതകളെ സാരമായി ബാധിക്കും

iii)നിലവിലുള്ള സേവന-വേതന പ്രൊമോഷൻ സാധ്യതകൾക്ക് ഭംഗംവരുന്ന തരത്തിലുള്ള ഒരു പരിഷ്കാരത്തോടും അല്ലെങ്കിൽ സ്റ്റേറ്റ് സിവിൽ സർവ്വീസിനോടും യോജിക്കുന്നില്ല.

30/11/16

30/11/16

ACS (Home & Vig)

ACS (Power)

ACS (PEARD)

ACS (Finance)

Secy (GAD)

Secretary (Law Dept)

List of Participants

Name	Designation	
Smt.Nalini Netto	Additional Chief Secretary (Home & Vigilance)	-Sd/-
Sri.Paul Antony	Additional Chief Secretary (Power & Industries)	-Sd/-
Sri.K.M.Abraham	Additional Chief Secretary (Finance & Expenditure)	-Sd/-
Sri.Satyajeet Rajan	Principal Secretary (P&ARD)	-Sd/-
Smt. Usha Titus	Secretary, GAD	-Sd/-
Sri.B.G.Hareendranath	Secretary, Law Department	-Sd/-

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - അവലോകന റിപ്പോർട്ട്

പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശത്തോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. അതിനായി അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) ചെയർപേഴ്സണായി 6 (ആറ്) അംഗ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

30.08.2016-ൽ യോഗം ചേർന്ന കമ്മിറ്റി 20.09.2016 നകം ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ അറിയിക്കുവാൻ വിവിധ സർവ്വീസ് സംഘടനകളോട് നിർദ്ദേശിച്ചു. എന്നാൽ സമയപരിധി നീട്ടി നൽകണമെന്ന സംഘടനയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 15.10.2016 വരെ സമയം ദീർഘിപ്പിച്ചു നൽകി. സർവ്വീസ് സംഘടനകൾ ഇതു സംബന്ധിച്ച തങ്ങളുടെ അഭിപ്രായം അറിയിക്കുകയും അവരെ നേരിൽ കേൾക്കണമെന്നും ആവശ്യപ്പെട്ടു.

സർവ്വീസ് സംഘടനകളുടെ ആവശ്യംമാനിച്ച് നവംബർ 17, 18, 19 തീയതികളിൽ സർവ്വീസ് സംഘടനകളുമായി കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ പങ്കെടുത്ത് ഈ വിഷയം സംബന്ധിച്ച് സർവ്വീസ് സംഘടനകൾ നിലപാട് വെളിപ്പെടുത്തുകയുണ്ടായി. (മിനിറ്റ്സ് ഉള്ളടക്കം ചെയ്യുന്നു.)

സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് സെക്രട്ടറിയേറ്റ് ജീവനക്കാരുടെ സംഘടനകൾ ഒഴികെയുള്ള സർവ്വീസ് സംഘടനകൾ അനുകൂല അഭിപ്രായമാണ് പ്രകടിപ്പിച്ചത്. കേരള അഡ്മിസിസ്ട്രേറ്റീവ് സർവ്വീസ് ഒരു പ്രത്യേക കേഡറായി രൂപികരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. കേരളത്തിലെ മദ്ധ്യതല ഉദ്യോസ്ഥ ഭരണസംവിധാനം സുശക്തമാക്കുന്നതിനായി ഇത്തരം ഒരു സംവിധാനം അനിവാര്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു. IAS ലേയ്ക്കുള്ള ഒരു ചവിട്ടുപടിയായി മാത്രം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ കാണരുതെന്നും കൂടുതൽ യുവജനങ്ങളെ സർവ്വീസിലേയ്ക്ക് ആകർഷിയ്ക്കുന്ന ഒന്നായി പ്രസ്തുത സർവ്വീസ് രൂപാന്തരപ്പെടണമെന്നും അഭിപ്രായമുയർന്നു. എന്നാൽ നിയമനരീതിയിലും വിവിധ വിഭാഗങ്ങൾക്കുള്ള സംവരണം സംബന്ധിച്ചും വ്യത്യസ്തമായ അഭിപ്രായങ്ങളാണ് സർവ്വീസ് സംഘടനകൾക്കുള്ളത്. നിർദ്ദിഷ്ട കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായും അതുകൊണ്ടുതന്നെ സ്സർവ്വീസിന്റെ ഘടനയും സ്വഭാവവും സംബന്ധിച്ച ഒരു രൂപരേഖ തയ്യാറാക്കി ആയതിന്മേൽ സംഘടനകളുമായി ചർച്ച നടത്തണമെന്നും ആവശ്യമുയർന്നു. ടെക്നിക്കൽ, നോൺ-ടെക്നിക്കൽ, പ്രൊഫണൽ വ്യത്യാസമില്ലാതെ കേരള ജീവനക്കാരെ മുഴുവനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും എന്നാൽ പ്രസ്തുത തീരുമാനം സാധാരണ ജീവനക്കാർക്ക്

ദോഷകരമാകുമെന്നുമുള്ള വിരുദ്ധാഭിപ്രായങ്ങൾ ഉയർന്നുവന്നു. കേരളത്തിലെ മുഴുവൻ വകുപ്പുകളെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണമെന്ന് ചില സംഘടനകൾ ആവശ്യപ്പെടുമ്പോൾ നാമമാത്രമായ ഗസറ്റഡ് തസ്തികയുള്ള വകുപ്പുകളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുന്നത് ജീവനക്കാരുടെ പരിമിതമായ പ്രൊമോഷൻ സാദ്ധ്യതകൾപോലും നഷ്ടപ്പെടുത്തുമെന്നും ഉദാഹരണസഹിതം സംഘടനകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് നീക്കിവയ്ക്കുന്ന തസ്തികകളിലേയ്ക്കുള്ള പ്രായപരിധിയെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. നേരിട്ടുള്ള നിയമനത്തിന്റെ പ്രായപരിധി 28 ൽനിന്നും 33 ആക്കണമെന്നും കേരള എൻ.ജി.ഒ.യൂണിയൻ അഭിപ്രായപ്പെടുത്തുകയുണ്ടായി. കാറ്റഗറി വ്യത്യാസമില്ലാതെ എല്ലാ ജീവനക്കാർക്കും അപേക്ഷിക്കുവാനുള്ള പ്രായപരിധി 52 വയസ്സാക്കി നിശ്ചയിച്ചത് കുറയ്ക്കണമെന്നും അഭിപ്രായമുയർന്നു.

2013 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കിയ പങ്കാളിത്തപദ്ധതിപ്രകാരം നിയമിതരായ ജീവനക്കാരുടെ പെൻഷൻപ്രായം 60 ആക്കി നിശ്ചയിച്ച സാഹചര്യത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വഴി നിയമിതരാകുന്നവർക്ക് വിരമിക്കൽപ്രായം 60 ആയി നിശ്ചയിക്കണമെന്നും സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി. പി.എസ്.സി, മോട്ടോർ വാഹന വകുപ്പ്, കൊമേഴ്സ്യൽ ടാക്സസ് എന്നീ വകുപ്പുകളിലെ ജീവനക്കാരെക്കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടുകയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചാൽ ഉണ്ടാകുന്ന നിലവിലെ സാഹര്യങ്ങൾക്ക് ഹാനികരമായ വിധത്തിൽ ചില വകുപ്പുകളിൽ പ്രൊമോഷൻ തടസ്സപ്പെടുമെന്നും വാദിക്കുകയുണ്ടായി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് സമാന്തരമായി ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനം നടത്തുന്നത് റവന്യൂ ജീവനക്കാരെ ഹാനികരമായി ബാധിക്കുമെന്നും ഡെപ്യൂട്ടി കളക്ടർമാരുടെ സ്പെഷ്യൽ റൂൾസ് റദ്ദുചെയ്തുകൊണ്ട് വേണം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സാധ്യമാക്കുന്നത് എന്ന അഭിപ്രായം മുന്നോട്ടുവച്ചു.

എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് സെക്രട്ടറിയേറ്റിലെ ജീവനക്കാരുടെ സംഘടനകൾക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. സെക്രട്ടറിയേറ്റ് സർവ്വീസ് കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനഃസംഘടിപ്പിക്കണമെന്ന ആവശ്യത്തിന് സെക്രട്ടറിയേറ്റിലെ സംഘടനകൾ അനുകൂലമല്ല എന്ന നിലപാടാണ് സ്വീകരിച്ചത്. കേരളത്തിലെ സിവിൽ സർവ്വീസ് രംഗത്ത് തികച്ചും വ്യത്യസ്തവും വ്യതിരിക്തവുമായ സേവനമേഖലയാണ് സെക്രട്ടറിയേറ്റ് സർവ്വീസ് എന്ന് അവർ ചൂണ്ടിക്കാട്ടുകയുണ്ടായി. മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ സർക്കാരിനെ നേരിട്ട് സഹായിക്കുന്ന സേവനമേഖലയായതിനാൽ ഇതരവകുപ്പുകൾക്ക് സമാനമായ കൃത്യനിർവ്വഹണരീതിയല്ല ഈ സംവിധാനത്തിൽ അവലംബിക്കുന്നതെന്നും

സെക്രട്ടറിയേറ്റ് ഓഫീസ് മാനുവൽ, റൂൾസ് ഓഫ് ബിസിനസ്സ്, തുടങ്ങിയവ അംഗീകരിച്ച് നിയമ നിർമ്മാണ പ്രക്രിയയടക്കം നേരിട്ട് ഇടപെടുന്ന ഒരു സംവിധാനം എന്ന നിലയിൽ സെക്രട്ടറിയേറ്റ് സർവ്വീസ് വേറിട്ട് നിൽക്കുന്ന ഒന്നാണെന്നും അതിനാൽതന്നെ മറ്റ് പല വകുപ്പുകളുമായി തങ്ങളുടെ പ്രവർത്തനരീതി താരതമ്യം ചെയ്യുന്നത് ഫലപ്രദമല്ലാത്ത ഒരു കാര്യമായും അവർ ചൂണ്ടിക്കാട്ടി. സെക്രട്ടറിയേറ്റ് സർവ്വീസിലേയ്ക്ക് ഇപ്പോൾ നിയമനം നടക്കുന്നത് ഏറ്റവും മികച്ചതും പല തട്ടുകളിലായുള്ളതുമായി നിയമനരീതി അവലംബിച്ചുള്ള തിരഞ്ഞെടുപ്പിലൂടെയാണെന്നും ഇവിടേക്ക് കടന്നുവരുന്നത് സിവിൽ സർവ്വീസിലെ ഏറ്റവും മിടുക്കരായ സാങ്കേതിക, വിദ്യാഭ്യാസ യോഗ്യതയടക്കമുള്ള ഒരു സമൂഹമാണെന്നും വ്യക്തമാക്കി. ബിരുദം യോഗ്യതയായുള്ള മറ്റ് മത്സരപരീക്ഷകളിൽ തിരഞ്ഞെടുക്കപെട്ടവർപോലും സെക്രട്ടറിയേറ്റ് സർവ്വീസ് തിരഞ്ഞെടുക്കുന്നത് ഈ സർവ്വീസിന്റെ ഗുണനിലവാരത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ സർവ്വീസിലേയ്ക്ക് കടന്നുവരുന്ന ഇവർക്ക് സർവ്വീസ് കാലത്ത് അത്യന്താപേക്ഷിതമായ പരിശീലനം ലഭിക്കുന്നില്ല എന്നത് ഈ സംവിധാനത്തെ പിന്നോട്ടടിപ്പിക്കുന്നുവെന്നും തന്മൂലം മാറിവരുന്ന പരിതസ്ഥിതികളെ അഭിമുഖീകരിക്കുവാനും അതനുസരിച്ച് പൂർണ്ണമായും സജ്ജരാകുവാനും മധ്യതല സംവിധാനത്തിന് കഴിയുന്നില്ല എന്നതും ഒരു വസ്തുതയാണ്. ഇത് ഉദ്യോഗസ്ഥന്റെ കെടുകാര്യസ്ഥതയായി ചിത്രീകരിക്കരുതെന്നും അവർ ആവശ്യപ്പെട്ടു. അഴിമതി തീരെയില്ലാത്ത ഒരു സംവിധാനം എന്ന നിലയിൽ പൊതുസമൂഹത്തിൽ അംഗീകാരം നേടിയ ഒരു സർവ്വീസ് എന്നത് നിസ്തർക്കമായ ഒരു വസ്തുതയാണെന്നും സംഘടനകൾ അഭിപ്രായപ്പെട്ടു. കേരളത്തിലെ ഇതരവകുപ്പുകളിൽ പ്രത്യേകിച്ച് റവന്യൂ വകുപ്പിലെ മധ്യതല സംവിധാനത്തിന്റെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് ഉടലെടുത്ത പ്രതിസന്ധിയാണ് IAS Cadre ൽ മതിയായ ഉദ്യോഗസ്ഥരെ ലഭിക്കാത്ത സാഹചര്യം ഉളവാക്കിയത്. അഖിലേന്ത്യാ സിവിൽ സർവ്വീസിലേയ്ക്ക് സ്ഥാനക്കയറ്റംവഴി നിയമിതരാകേണ്ട ഡെപ്യൂട്ടി കളക്ടർമാരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് പ്രതിസന്ധി ഉടലെടുത്തത് സമയബന്ധിതമായി സർവ്വീസ് സംബന്ധിച്ച പരാതികൾ പരിഹരിക്കപ്പെടാത്തതിനാലാണെന്നും അത് മധ്യതല മാനേജ്മെന്റിന്റെ ദൗർബല്യമായി കണക്കാക്കാൻ കഴിയില്ലെന്നും അവർ അഭിപ്രായപ്പെട്ടു.

കേരളത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്ഥാപിതമാകുവാനായി നിക്കി വയ്ക്കപ്പെടുന്ന 10% തസ്തികളിലേയ്ക്ക് ഈ സംവിധാനം മുഖേന നിയമിതരാകുന്ന ഉദ്യോഗസ്ഥർക്കൊപ്പംതന്നെ പണിയെടുക്കുന്ന 90% വരുന്ന് മധ്യതല സംവിധാനം അപ്പോഴും മതിയായ പരിശീലനമില്ലാതെയോ അല്ലെങ്കിൽ യാതൊരു പരിശീലനം ലഭിക്കാതെയോ ഉടരുന്നത് കേരളത്തിലെ സിവിൽ സർവ്വീസ് മേഖലയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഈ സംവിധാനത്തെ പിന്നോട്ടടിക്കുവാൻ മാത്രമേ ഉതകൂ എന്നും അവർ ചൂണ്ടിക്കാട്ടി. IAS ക്ഷാമം പരിഹരിക്കുവാൻ മറ്റ് സർക്കാർ വകുപ്പുകളെ കൂടി IAS Cadre ന് പരിഗണിക്കാവുന്ന തരത്തിലും 28.10.1963 ലെ G.O.(MS)No.377/63/PD യിൽ വിവക്ഷിക്കുന്ന പ്രകാരവുമുള്ള റവന്യൂ തലത്തിലുള്ള ഭരണ പരിഷ്കാരം ലഭിക്കുന്നതിന്

വനം വകുപ്പിലേയ്ക്ക് മറ്റുപല വകുപ്പുകളിലുള്ള ഉദ്യോഗസ്ഥരെ വിന്യസിച്ചുകൊണ്ടും സ്റ്റേറ്റ് സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) റൂൾസ് ഭേദഗതി ചെയ്യുന്നതിലൂടെ സാധിക്കുമെന്നും ചൂണ്ടിക്കാട്ടി. അന്യസംസ്ഥാനങ്ങളിൽ സിവിൽ സർവ്വീസ് മാതൃകയുടെ നിരവധി ഉദാഹരണങ്ങൾ ഹാജരാക്കിക്കൊണ്ട് പ്രസ്തുത സംസ്ഥാനങ്ങളിൽ ഒന്നുംതന്നെ **സെക്രട്ടറിയേറ്റ് സർവ്വീസ് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ഭാഗമല്ല** എന്നും അവർ സമർത്ഥിച്ചു. കേരളത്തിൽ ഒരു പുതിയ മധ്യതല സംവിധാനം രൂപപ്പെടുന്നത് രാജ്യത്തിനാകെ മാതൃകയായി തുടർന്നുപോരുന്ന ഒരു സംവിധാനത്തെ ദുർബലപ്പെടുത്തുവാനും ക്ഷയോന്മുഖമാക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. സർവ്വീസിന്റെ ഇടത്തട്ടുകളിൽ ഉൾപ്പെടുത്തുന്ന 10% ഉൾക്കൊള്ളുന്ന ഒരു ന്യൂനപക്ഷം മാത്രമായ ഈ സംവിധാനം മുഖേന കേരളത്തിലെ മധ്യതലസംവിധാനം ശക്തിപ്പെടുത്തുമെന്നു അതുവഴി സിവിൽ സർവ്വീസ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ലെന്നും അവർ പറഞ്ഞു. ഇന്ന് കേരളത്തിലെ ഏറ്റവും ആകർഷകമായ തൊഴിൽമേഖല എന്ന നിലയിൽ സർക്കാർ സർവ്വീസാണ് എല്ലാ ഉദ്യോഗാർത്ഥികളും ലക്ഷ്യം വയ്ക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയറിംഗ് ബിരുദധാരികൾപോലുംവന്ന് സർക്കാർ മേഖലയിൽ വിശിഷ്യാ സെക്രട്ടറിയേറ്റ് സർവ്വീസിലേയ്ക്ക് കടന്നുവരാൻ ആഭിമുഖ്യം പ്രകടിപ്പിക്കുന്നു. കഴിവുറ്റ ഈ നിരയെ കൃത്യമായ ഇടവേളകളിലുള്ള പരിശീലനവും സാങ്കേതിക പരിജ്ഞാനവും പകർന്നുനൽകുകവഴി കേരളത്തിന്റെ സിവിൽ സർവ്വീസിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കുവാൻ സാധിക്കുമെന്നിരിക്കെ തുലോം തൽപ്പരരായ ഒരു ഉദ്യോഗസ്ഥ സമൂഹത്തെ സൃഷ്ടിച്ച് ഈ മേഖലയിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന ന്യൂനതകൾക്ക് പരിഹാരം കാണുവാൻ കഴിയില്ലെന്നും അവർ ചൂണ്ടിക്കാട്ടി. തൊഴിലില്ലായ്മക്കു പരിഹാരമായും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം കാണാനാകില്ലെന്നും അതുകൊണ്ട്തന്നെ അത്തരമൊരു നീക്കത്തിൽനിന്നും സർക്കാർ പിന്തിരിയണമെന്നും അവർ അഭ്യർത്ഥിച്ചു. കേരളത്തിന്റെ സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനുള്ള മറ്റ് ഏതൊരു തീരുമാനത്തേയും സ്വാഗതം ചെയ്യുന്നുണ്ടെന്നും അതിന് സെക്രട്ടറിയേറ്റ് ജീവനക്കാരുടെ സഹകരണമുണ്ടാകുമെന്നും അവർ അറിയിച്ചു. ഇതര സർവ്വീസിലുള്ളവർ സെക്രട്ടറിയേറ്റ് സർവ്വീസിലേയ്ക്ക് കടന്നുവരുന്നതിന് ഉപോൽബലകമായി കാരണങ്ങൾ ഒന്നുംതന്നെ മുന്നോട്ട് വയ്ക്കുന്നില്ലെന്നും തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ നിത്തി കഴിഞ്ഞാൽ ഈ സംവിധാനത്തിൻകീഴിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റമടക്കമുള്ള കാര്യങ്ങൾ പുതിയ പ്രശ്നങ്ങൾ വഴിയൊരുക്കുമെന്നും മുൻകാലയളവിൽ മധ്യതല തസ്തികകൾക്ക് നേരിട്ടുള്ള നിയമനം നടത്തുകവഴി സംഭവിച്ച പ്രശ്നങ്ങൾ വിലയിരുത്തി അത്തരം അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ അത്തരം നിയമനങ്ങൾ നിർത്തലാക്കിയതും ഈയവസരത്തിൽ കണക്കിലെടുക്കണമെന്നും അവർ അഭ്യർത്ഥിച്ചു.

മൂന്നുദിവസമായി നടന്ന ചർച്ചകളിൽ സെക്രട്ടറിയേറ്റ് ഒഴികെയുള്ള സംഘടനകൾ

[redacted]രള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കണമെന്നും സെക്രട്ടറിയേറ്റ് സർവ്വീസിനെ അതിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടപ്പോൾ സെക്രട്ടറിയേറ്റ് സംഘടനകൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന സംവിധാനം നടപ്പിലാക്കുന്നത് അഭികാമ്യമല്ല എന്ന നിലപാടാണ് സ്വീകരിച്ചത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് നിലവിലുള്ള നിയമങ്ങൾപ്രകാരം 50% തസ്തികകളിലാണ് നേരിട്ടുള്ള നിയമനം നടത്തുവാൻ നിർദ്ദേശിക്കുന്നത്. 50% സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിൽനിന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് എത്തുമെന്ന് വിവക്ഷിക്കുന്നു. മധ്യതലത്തിൽ 10 തസ്തികയിൽ കുറവായ വകുപ്പുകളെ ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനെ കുറിച്ച് കൂടിയാലോചനയും ആവശ്യമാണ്. സംസ്ഥാനത്തെ 10% തസ്തികകളിലേയ്ക്ക് കടന്നുവരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഉദ്യോഗസ്ഥർക്കൊപ്പം 90% വരുന്ന സമാന തസ്തികയിലുള്ള ഇതരം മധ്യതല സമൂഹത്തെ സജ്ജരാക്കുന്നതും വിശദമായി പരിശോധിക്കേണ്ടതാണ്. സർവ്വീസ് സംബന്ധിയായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ ചർച്ച ചെയ്യേണ്ടതുണ്ട്. സംവരണം സംബന്ധിച്ചും നിയമനരീതി സംബന്ധിച്ചുമുള്ള വ്യത്യസ്തമായ അഭിപ്രായങ്ങൾ പരിഗണിച്ച് ഒരു സ്വീകാര്യമായ സംവിധാനം കണ്ടെത്തേണ്ടതുണ്ട്. ജീവനക്കാരുടെ മേഖലയിലെ സംവരണം പ്രത്യേകം ചർച്ച ചെയ്യപ്പെടേണ്ടതാണ്. സർവ്വീസ് മേഖലയിൽ ഇതുമൂലമുണ്ടാകുന്ന അസ്വാരസ്യങ്ങൾ കണക്കിലെടുക്കണമെന്ന് അഭിപ്രായപ്പെടുന്നു. ഇത്തരത്തിൽ ഒരു സർവ്വീസ് രൂപീകൃതമാകുന്നതിലൂടെ ഉന്നംവയ്ക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റപ്പെടണമെന്നത് സർവ്വീസ് സംഘടനകൾ മുന്നോട്ടുവച്ച അഭിപ്രായങ്ങൾ വിശദമായി പഠനവിധേയമാക്കേണ്ടതായിട്ടുണ്ട്. സെക്രട്ടറിയേറ്റ് സർവ്വീസ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളിലെ മാതൃകകൾ പരിശോധനാവിഷയമാക്കേണ്ടതും അവിടുത്തെ സിവിൽ സർവ്വീസിന്റെ പരിധിയിൽ സെക്രട്ടറിയേറ്റ് സർവ്വീസ് ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിഗണിക്കേണ്ടതുമാണ്. നിലവിലുള്ള മധ്യതല സംവിധാനത്തിന്റെ പോരായ്മകൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതിനുപുറമേ പ്രഥമ പരിഗണന നൽകേണ്ടതുമാണ്.

Madhya Pradesh

Madhya Pradesh Public Service Commission (MPPSC)

List of Services :

MPPSC conducts State Service Examination (Annual Combined Competitive Exams) for recruitment to the following services /posts:

- State Civil Service (Deputy Collector)
- State Police Service (Dy. Superintendent of Police)
- State Accounts Service
- Sales Tax Officer
- District Excise Officer
- Assistant Registrar Cooperative Societies
- District Organiser, Tribal Welfare
- Labour Officer
- District Registrar
- Employment Officer
- Area Organiser
- Block Development Officer
- Assistant Director Food/Food Officer
- Project Officer, Social/ Rural Intensive Literacy Project
- Subordinate Civil Service (Naib Tahsildar)
- Assistant Superintendent Land Records
- Sales Tax Inspector
- Excise Sub-Inspector
- Transport Sub-Inspector
- Co-operative Inspector
- Assistant Labour Officer
- Assistant Jailor
- Sub-Registrar
- Assistant Director Public Relation
- Principal, Panchayat Secretary of the Training Institute
- District Women Child Development Officer
- Chief Instructor (Anganwadi/)
- Assistant Director
- Superintendent (Intuitions)
- Project Officer (Integrated Child Development Project)
- Assistant Project Officer (Special Nutrition Programme)
- Area Organizer (M.D.M.)
- District' Commandant Home Guard
- Assistant Director Local Fund Audit
- Additional Assistant Development Commissioner


A combined competitive examination for recruitment to the following services/posts will be held annually by the Madhya Pradesh Public Service Commission :-


Name of Service/Post	Class of service/Post
State Administrative Service (Deputy Collector)	II
State Police Service (Deputy Superintendent of Police)	II
State Accounts Service	II
Commercial Tax Officer	II
District Excise Officer	II
Assistant Registrar, Co-operative Societies	II
District Organiser, Tribal Welfare	II
Labour Officer	II
District Registrar	II
Employment Officer	II
Area Organiser, Tribal Welfare	II
Block Development Officer	II
Assistant Director, Food/District Civil Supplies Officer	II
Project Officer, Social/Rural Intensive Literacy Project	II
Assistant Director, Public Relations	II
Principal, Panchayat Secretary, Training Institute	II
District Officer Women and Child Development	II
Chief Instructor (Anganwadi/Gram Sevika Training Centre)	II
Assistant Director, Women and Child Development	II
Superintendent (Institutions)	II
Assistant Project Officer (Special Nutrition Programme)	II
Area Organiser (M.D.M.)	II
Project Officer (Integrated Child Development Project)	II
District Commandant, Home Guards	II
Assistant Director, Local Fund Audit	II
Additional Assistant Development Commissioner	II
Superintendent, District Jail	II
Chief Municipal Officer	II
Subordinate Civil Services- Naib Tahsildar (Executive)	III

A part from this the BPSC Conducts the Competition Exam for the Recruitment for the Following posts :

Bihar Administrative Service (Deputy Collector) – 100 BAS
Bihar Police Service (Deputy Superintendent of Police) – 121
Deputy Superintendent of Police (Monitering Department) – 11
Bihar Financial Service (Commercial Officer) – 90
District Commandant (Civil Defence Corps Organization) – 04
Product Inspector – 12
Assistant Planning Officer/ Assistant Director – 71
Bihar Probation Service (Probation Officer) – 16
Rural Development Officers – 22
Municipal Executive Officer – 108
Bihar Education Service – 82
District Minority Welfare Officer – 03
Planning Officer/ District Planning Officer – 09
Bihar Registration Service (Additional Registrar) – 19
Bihar Jail Service (Jail Superintendent) – 17
Bihar Labour Services (Labour Officers) – 09
Assistant Director (Social Security) – 17
Sugarcane Officer – 02
Assistant Director (Child Protection Unit) – 05
Bihar Election Service (Junior Grade Election Officer) – 22
District Audit Officer (Co-operation Committees) – 03
Assistant Registrar (Co-operation Committees) – 03

Spo





APPSC List of Services

Andhra Pradesh Public Service Commission (APPSC)

List of Services

The APPSC conducts annual examinations for direct recruitment in following services.

Non-technical Services

GROUP I

- Deputy Collector
- Deputy Superintendent of Police Category- II.
- Commercial Tax Officer
- Regional Transport Officer
- Deputy Registrar of Co-operative Societies
- District Panchayat Officer
- District Registrar
- Divisional Fire Officer
- Deputy Superintendent of Jails
- Assistant Commissioner of Labour
- Assistant Excise Superintendent
- Municipal Commissioner Grade-II
- District Social Welfare Officer
- District Backward Classes Welfare Officer including Assistant Director
- District Tribal Welfare Officer
- District Employment Officer
- Lay Secretary & Treasurer Grade-II
- Assistant Treasury Officer/Assistant Accounts Officer.
- Assistant Audit Officer
- Mandal Parishad Development Officer

GROUP II

Executive Posts

- Municipal Commissioner Grade-III
- Assistant Commercial Tax Officer
- Mandal Revenue Officer
- Sub-Registrar Grade-II
- Junior Employment Officer
- Co-operative Sub-Registrar
- Assistant Labour Officer
- Extension Officer

- Excise Sub-Inspector
- Executive Officer Grade-II

Non-Executive Posts

- Senior Accountant
- Auditor in A.P. Pay & Accounts
- Senior Accountant
- Senior Auditor
- Assistant Section Officer in Secretariat Sub-Service
- Assistant Section Officer in A.P. Legislature
- Assistant Section Officer (Fin. & Plg. Fin. Dept.)
- Assistant Section Officer (Law Dept.)
- Assistant Auditor
- Typist-cum-Assistant in A.P. Secretariat Service
- Typist-cum-Assistant in A.P. Legislature Sub-Service
- Typist-cum-Assistant (Fin. & Plg. Fin. Dept.)
- Typist-cum-Assistant (Law Dept.)
- Assistant-cum-Typist (Heads of Dept.) in A.P. Ministerial Service.
- Junior Assistant (Heads of Departments) in A.P.Ministerial Sevice
- Junior Accountant (Directorate)
- Junior Accountant (Directorate) in A.P. Govt. Life Insurance Sub-Service

GROUP III

- Junior Inspector of Co-operative Societies
- Village Development Officer

GROUP IV

- Junior Stenos
- Typists and Junior Assistants in Judicial Ministerial Services and Junior Stenos
- Typists in the Offices of the Heads of the Departments

Technical Services

- Assistant Engineer
- Assistant Motor Vehicle Inspector
- Assistant Director of Legal Metrology
- Industrial Promotion Officer
- Assistant Conservator of Forests

Karnataka public service commission is abstract as KPSC. It 1929 they decided to form an organization to give appointments for candidates to recruit state civil services. It had named as Central Recruitment Board. Afterward, it is renamed as Mysore public service commission. After that, it again named as Karnataka public service commission. It recruits for posts like Group A, Group B, Group C, Group D services. This organization head office in Bangalore and it has four regional offices at Mysore, Belgaum, Gulbarga, Shimoga. Chairperson of this organization is S. R. Ramamurthy, and its members are Mahadeva, parsawant, Daya Shankar, mangal Sridhar, Patil, nagabai bulla, Raghu Nandan Ramana, govindiah, Michael Simon these are the members of the commission.

Karnataka PSC upcoming job notifications

Karnataka releases Karnataka PSC group notifications. It releases for posts of group A, group B, group C, group D. The posts are in each group are

Group A: These had known as state civil services exam. These are gazetted posts. The posts in group 1 are

- Deputy collector
- Assistant commissioner of commercial taxes
- Deputy Superintendent of Police
- District registrar
- District employment officer
- Assistant director of rural development department
- Deputy Registrar

Group B posts: These are known as Group 2 services examination. The posts in group B are

Deputy commercial tax officer

- Probation officer in prison department
- Assistant posts
- Assist in various departments
- Revenue assistant in revenue department
- Assistant inspector in labour department
- Audit assistants in accounts branch
- Senior inspectors of cooperative societies in department of registrar
- Municipal commissioner grade 2
- Handloom Inspector in textiles
- Assistant Section Officer
- Assistant inspector in local fund audit department
- Assistant Section Officer
- Junior employment officer in employment and training program

Group C: These posts are non-gazetted posts. The posts in Group 3 are

- Accountant
- Auditor
- Typist
- Junior Accountant
- Sub services in law department
- Secretariat
- Various assistant posts

Group D: There are also non-gazetted posts. The posts in group 4 are

- Junior Assistant
- Junior Stenographer
- Accountant cum typist

Karnataka PSC conducts exams for various posts like lecturer, principal, teachers, town planners, Assistant town planners, assistant director in department of town planning, assistant

employment officer, assistant director of horticulture, assistant horticulture officer, horticulture assistant, doctors, staff nurse, radiographer, drugs analyst etc like this it recruit many posts. It recruits candidates in direct recruitment and departmental tests.

KPSC Recruitment for Civil Services (General Recruitment and Direct Recruitment)

- **KPSC Recruitment for Gazetted Probationers (Through Competitive Examination)**
- **KPSC for Engineering Department Services (Assistant Executive Engineers Division)**
- **KPSC for Education Department**

PERSONNEL PROBLEM

Department	Officers needed	Vacant	Staff needed	Vacant
Health	9,776	4,126	64,359	29,783
Civil Supplies	287	100	2,228	783
Revenue	1,161	373	29,775	8,007
Education*	17,201	4,531	2,71,173	55,849
Home	3,184	846	1,10,487	28,963
All Departments	70,568	18,304	6,80,866	2,03,582

Source: Karnataka government | * including higher education

indguru

- **Assistant Secretary KIADB**
- **Protection Officer**
- **Asst. Librarian**
- **Library Assistant**
- **Amendment of Karnataka Recruitment of Gazette Probationers Examination Rules**
- **Non-Technical Posts**
- **Panchayath Development Officer**
- **First Division Assistant/Second Division Assistant**
- **Assistant Conservator of Forests**
- **Excise Sub Inspector/Excise Guard**

The **Tamil Nadu Civil Service** (TNCS) (Tamil: தமிழ்நாடு குடியியல் பணி) is the state civil service and bureaucracy in the Indian state of Tamil Nadu. Recruitment for the service is based on the results of an annual competitive examination.

Although initial appointment is usually at a lower rank than Indian Administrative Service (IAS, one of the All India Services), TNCS officers may assume posts equivalent to IAS officers. They hold a variety of posts at the sub-district level, delivering government services apart from revenue administration and the maintenance of law and order.

Vacancies in the TNCS occur annually due to retirement and IAS promotion to the Revenue Administration Disaster Management and Mitigation Department. Employees are recruited to the Tamil Nadu Civil Service in two ways: directly, through the TNPSC Group 1 Exam organized by the Tamil Nadu Public Service Commission, and by Transfer from the Tamil Nadu Revenue Subordinate Service or other organizations. The exam, conducted over an 11-month period, has three phases: preliminary, main and interview. Subjects include general knowledge, general science, English, management, statistics, civil engineering, Indian history, law, mathematics, political science and international relations, public administration and computer science.

After recruitment TNCS candidates undergo training at the Anna Institute of Management, and probationary officers are appointed after the training period. After the probationary period they are appointed deputy collectors, followed by district revenue officers after six years of experience. Officers with good performance have a rank equivalent to the IAS.

The retirement age is 58.

TNCS → Deputy Collector → District Revenue Officer

- Gazette Probationers Main Examination
- Compulsory Kannada Language Examination

State civil services officers will have to face a Union Public Service Commission (UPSC) test and interview for their promotion to the three All India Services (AIS). The Ministry of Personnel recently changed the rules for promotion from state services. The move was opposed by some states including Tamil Nadu. The selection to IAS, IPS and IFS from states' services will be made through a 1000 marks four-stage process including a written exam and interview. The new norms are A state civil services officer will have to face the written examination comprising two papers – on aptitude test; and general studies in addition to state-specific questions. There will be a third written paper on essay, comprehension and precis type only for non-state civil services officers in addition to two papers. Successful candidates will face an interview and their Annual Confidential Report (ACR) will be assessed by a board. The final merit list will be based on the marks obtained in four components – written exam, length of service, assessment of ACR and interview. No cap on the number of attempts. The scheme might be reviewed after its implementation for 3 years. Note: So far, the selection of state services officers into the three All-India Services – Indian Administrative Service (IAS), Indian Police Service (IPS) and Indian Forest Service (IFoS) – was done on the basis of review of their seniority and ACRs.

State civil services officers will have to face a Union Public Service Commission (UPSC) test and interview for their promotion to the three All India Services (AIS). The Ministry of Personnel recently changed the rules for promotion from state services. The move was opposed by some states including Tamil Nadu. The selection to IAS, IPS and IFoS from states' services will be made through a 1000 marks four-stage process including a written exam and interview. The new norms are A state civil services officer will have to face the written examination comprising two papers – on aptitude test; and general studies in addition to state-specific questions. There will be a third written paper on essay, comprehension and precis type only for non-state civil services officers in addition to two papers. Successful candidates will face an interview and their Annual Confidential Report (ACR) will be assessed by a board. The final merit list will be based on the marks obtained in four components – written exam, length of service, assessment of ACR and interview. No cap on the number of attempts. The scheme might be reviewed after its implementation for 3 years. Note: So far, the selection of state services officers into the three All-India Services – Indian Administrative Service (IAS), Indian Police Service (IPS) and Indian Forest Service (IFoS) – was done on the basis of review of their seniority and ACRs.

Read more at: http://currentaffairs.gktoday.in/state-civil-services-officers-face-upsc-test-promotion-ais-122013105 43.html

<691>

CYP.

UPPSC Upper Subordinate Recruitment 2016

COMBINED STATE / UPPER SUBORDINATE SERVICES (GEN. RECTT.) EXAMINATION-2016 and COMBINED STATE / UPPER SUBORDINATE SERVICES (SPECIAL RECTT.) EXAMINATION-2016

Name of the Exam : Upper Subordinate Services / PCS

Detail of vacancies :

General Recruitment - 328 Posts

Special Recruitment - 03 Posts

Online applications are invited by UPPSC via uppsc.nic.in for following posts.

Name of the posts:

Deputy Collector, Deputy Superintendent of Police, Block Development Officer, Assistant Regional Transport Officer, Assistant Commissioner (Commercial Tax), District Commandent Homeguards, Treasury Officer/Accounts Officer (Treasury), Cane Inspector and Assistant Sugar Commissioner, Superintendent Jail, Manager Credit (Small Industries), Manager Marketing and Economic Survey (Small Industries), Executive Officer Grade-I/Assistant Nagar Ayukta, District Basic Education Officer/Associate DIOS & other equivalent Administrative Posts, Assistant Director Industries (Marketing), Assistant Labour Commissioner, Senior Lecturer DIET, Designated Officer,

Assistant Commissioner Industries, Statistical Officer, Assistant Accounts Officer, (Treasury) Commercial Tax Officer, District Minority Welfare Officer, District Food Marketing Officer, Executive Officer (Panchayati Raj), Area Rationing Officer, District Backward Welfare Officer, Naib Tehsildar, District Saving Officer, District Panchayat Raj Officer, District Social Welfare Officer, Executive Officer (Nagar Vikas), Accounts Officer (Nagar

Officer (Nagar Vikas), Accounts Officer (Nagar Vikas), District Supply Officer Grade-2, Additional District Development Officer (Social Welfare), Passenger/Goods Tax Officer, District Handicapped Welfare Officer, Assistant Employment Officer, Accounts Officer (Local Bodies), Regional Employment Officer, Assistant Registrar (Cooperative), Sub Registrar, Assistant Prosecuting Officer (Transport), District Probation Officer, District Horticulture
Officer Grade-2, District Horticulture Officer Grade-1 and Superintendent Govt. Garden, District Horticulture Officer, District Cane Officer, U.P. Agriculture Service Group-"B" (Development Branch), District Administrative Officer, District Audit Officer (Revenue Audit), Assistant Controller Legal Measurement (Grade-1), District Programme Officer, District Youth Welfare and Pradeshik Vikas Dal Officer.
UPPSC Upper PCS notification 2016
Candidates who have applied earlier under Advertisement No. A-1895/Permanent-2/2013 dated 03.09.2013 for 3002 Posts (General Recruitment) and Advertisement No. A-1914/Permanent-2/2013 dated 06.12.2013 for 19 PWD Posts, need not to Apply.

UPPSC Upper Subordinate Eligibility Criteria

Age Limit: Candidates age limit should between 21 to 40 years as on 01-07-2016. Age relaxation is applicable for SC, ST, PWD candidates.

Educational Qualification:
The candidates must possess Bachelors Degree of any recognised University or equivalent qualification upto the last date for receipt of application. But for some posts specific qualifications have been prescribed of which the details are given in the advertisement.

UPPSC Upper Subordinate Recruitment 2016 Notification

Selection Process: Candidates will be selected based on their performance in written tests and viva. The competitive examination comprise three successive stages viz :-
(1) Preliminary Examination (Objective Type & Multiple choice).
(2) Main Examination (Conventional Type, i.e. Written examination).
(3) Viva- Voce (Personality Test)..
Uttar Pradesh Public Service Commission (UPPSC) will conduct a preliminary exam for Provincial Civil Service (PCS). Written test will be multiple choice objective type consisting of two papers.

Examination Fee: Candidates should have to pay
Rs. 115/- for General & OBC Candidates
Rs. 55/- for SC/ ST Candidates.
Check Notifcation for details.

Maharashtra

List of posts for which officers are selected through MPSC Civil Services Exams

Class 1 Posts

- Deputy Collector
- Deputy Suprintendent of Police (DySP)
- Assistant Commissioner Sales Tax
- Deputy Registrar Co-operative Socities
- Deputy Chief Executive Officer
- Suprintendent State Excise Deppt
- Block Development Officer (BDO) – A
- Finance, Audit & Accounts Service – Group A
- Chief Officer, Nagar Palika / Nagar Parishad – A
- Tahasildar

Class 2 Posts

- Block Development Officer (BDO) – B
- Chief Officer, Nagar Palika / Nagar Parishad – B
- Mantralaya Section Officer
- Sub-registrar Cooperative Societies – B
- Taluka Inspector of Land Records(TILR)
- Deputy Superintendent State Excise Deppt
- Finance, Audit & Accounts Service – Group B
- Assistant Regional Transport Officer (ARTO)
- Nayab Tahasildar

Mission mpsc.com

-695-

Maharashtra cadre officials oppose exam plan for IAS promotion

MUMBAI: The Maharashtra civil service officers' association has objected to the Centre's proposal to hold a competitive examination for promotion of state revenue officials to the Indian Administration Service (IAS) cadre.

A month ago, the Centre proposed that instead of nominating state revenue cadre on the basis of seniority, the Union Public Service Commission hold a competitive examination for such nominees.

At present, additional collectors are inducted into the IAS on the basis of their seniority and their confidential service record of the last five years. During the last five years, an average of 10 additional collectors were inducted into the IAS.

"The new scheme will result in injustice to several candidates. Most of the southern states have rejected the proposal. Maharashtra, too, should reject it," a senior office-bearer of the state civil service officers' association said. "We will soon submit a memorandum to chief minister Prithviraj Chavan and chief secretary J K Banthia to lodge a protest against the central plan. The CM and the chief secretary should discuss the pros and cons of the proposal in the cabinet and with the office-bearers of the association before taking a final decision."

There are 550 deputy collectors and 180 additional collectors in Maharashtra. All additional collectors are eligible for induction into the IAS, depending on the number of vacant posts.

"So far, the state government has not received the proposal, but the new scheme should be considered," said Banthia. "Once we receive the Centre's proposal, we will take a decision on whether or not to accept the scheme."

Currently, it takes a minimum of 20 years for a state

Add. Collector
Deputy Collector
Revenue officer Class

-697-

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - അവലോകന റിപ്പോർട്ട്

പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശത്തോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. അതിനായി അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) ചെയർപേഴ്സണായി 6 (ആറ്) അംഗ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

30.08.2016-ൽ യോഗം ചേർന്ന കമ്മിറ്റി 20.09.2016 നകം ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ അറിയിക്കുവാൻ വിവിധ സർവ്വീസ് സംഘടനകളോട് നിർദ്ദേശിച്ചു. എന്നാൽ സമയപരിധി നീട്ടി നൽകണമെന്ന സംഘടനയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 15.10.2016 വരെ സമയം ദീർഘിപ്പിച്ചു നൽകി. സർവ്വീസ് സംഘടനകൾ ഇതു സംബന്ധിച്ച തങ്ങളുടെ അഭിപ്രായം അറിയിക്കുകയും അവരെ നേരിൽ കേൾക്കണമെന്നും ആവശ്യപ്പെട്ടു.

സർവ്വീസ് സംഘടനകളുടെ ആവശ്യംമാനിച്ച് നവംബർ 17, 18, 19 തീയതികളിൽ സർവ്വീസ് സംഘടനകളുമായി കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ പങ്കെടുത്ത് ഈ വിഷയം സംബന്ധിച്ച് സർവ്വീസ് സംഘടനകൾ നിലപാട് വെളിപ്പെടുത്തുകയുണ്ടായി. (മിനിറ്റ്സ് ഉള്ളടക്കം ചെയ്യുന്നു.)

സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് സെക്രട്ടറിയേറ്റ് ജീവനക്കാരുടെ സംഘടനകൾ ഒഴികെയുള്ള സർവ്വീസ് സംഘടനകൾ അനുകൂല അഭിപ്രായമാണ് പ്രകടിപ്പിച്ചത്. കേരള അഡ്മിസിസ്ട്രേറ്റീവ് സർവ്വീസ് ഒരു പ്രത്യേക കേഡറായി രൂപികരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. കേരളത്തിലെ മദ്ധ്യതല ഉദ്യോഗസ്ഥ ഭരണസംവിധാനം സുശക്തമാക്കുന്നതിനായി ഇത്തരം ഒരു സംവിധാനം അനിവാര്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു. IAS ലേയ്ക്കുള്ള ഒരു ചവിട്ടുപടിയായി മാത്രം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ കാണരുതെന്നും കൂടുതൽ യുവജനങ്ങളെ സർവ്വീസിലേയ്ക്ക് ആകർഷിയ്ക്കുന്ന ഒന്നായി പ്രസ്തുത സർവ്വീസ് രൂപാന്തരപ്പെടണമെന്നും അഭിപ്രായമുയർന്നു. എന്നാൽ നിയമനരീതിയിലും വിവിധ വിഭാഗങ്ങൾക്കുള്ള സംവരണം സംബന്ധിച്ചും വ്യത്യസ്തമായ അഭിപ്രായങ്ങളാണ് സർവ്വീസ് സംഘടനകൾക്കുള്ളത്. നിർദ്ദിഷ്ട കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായും അതുകൊണ്ടുതന്നെ സർവ്വീസിന്റെ ഘടനയും സ്വഭാവവും സംബന്ധിച്ച ഒരു രൂപരേഖ തയ്യാറാക്കി ആയതിന്മേൽ സംഘടനകളുമായി ചർച്ച നടത്തണമെന്നും ആവശ്യമുയർന്നു. ടെക്നിക്കൽ, നോൺ-ടെക്നിക്കൽ, പ്രൊഫണൽ വ്യത്യാസമില്ലാതെ കേരള ജീവനക്കാരെ മുഴുവനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും എന്നാൽ പ്രസ്തുത തീരുമാനം സാധാരണ ജീവനക്കാർക്ക്

ദോഷകരമാകുമെന്നുമുള്ള വിരുദ്ധാഭിപ്രായങ്ങൾ ഉയർന്നുവന്നു. കേരളത്തിലെ മുഴുവൻ വകുപ്പുകളെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണമെന്ന് ചില സംഘടനകൾ ആവശ്യപ്പെടുമ്പോൾ നാമമാത്രമായ ഗസറ്റഡ് തസ്തികയുള്ള വകുപ്പുകളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുന്നത് ജീവനക്കാരുടെ പരിമിതമായ പ്രൊമോഷൻ സാദ്ധ്യതകൾപോലും നഷ്ടപ്പെടുത്തുമെന്നും ഉദാഹരണസഹിതം സംഘടനകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് നീക്കിവയ്ക്കുന്ന തസ്തികകളിലേയ്ക്കുള്ള പ്രായപരിധിയെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. നേരിട്ടുള്ള നിയമനത്തിന്റെ പ്രായപരിധി 28 ൽനിന്നും 33 ആക്കണമെന്നും കേരള എൻ.ജി.ഒ.യൂണിയൻ അഭിപ്രായപ്പെടുത്തുകയുണ്ടായി. കാറ്റഗറി വ്യത്യാസമില്ലാതെ എല്ലാ ജീവനക്കാർക്കും അപേക്ഷിക്കുവാനുള്ള പ്രായപരിധി 52 വയസ്സാക്കി നിശ്ചയിച്ചത് കുറയ്ക്കണമെന്നും അഭിപ്രായമുയർന്നു.

2013 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കിയ പങ്കാളിത്തപദ്ധതിപ്രകാരം നിയമിതരായ ജീവനക്കാരുടെ പെൻഷൻപ്രായം 60 ആക്കി നിശ്ചയിച്ച സാഹചര്യത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വഴി നിയമിതരാകുന്നവർക്ക് വിരമിക്കൽപ്രായം 60 ആയി നിശ്ചയിക്കണമെന്നും സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി. പി.എസ്.സി, മോട്ടോർ വാഹന വകുപ്പ്, കൊമേഴ്സ്യൽ ടാക്സസ് എന്നീ വകുപ്പുകളിലെ ജീവനക്കാരെക്കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടുകയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചാൽ ഉണ്ടാകുന്ന നിലവിലെ സാഹര്യങ്ങൾക്ക് ഹാനികരമായ വിധത്തിൽ ചില വകുപ്പുകളിൽ പ്രൊമോഷൻ തടസ്സപ്പെടുമെന്നും വാദിക്കുകയുണ്ടായി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് സമാന്തരമായി ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനം നടത്തുന്നത് റവന്യൂ ജീവനക്കാരെ ഹാനികരമായി ബാധിക്കുമെന്നും ഡെപ്യൂട്ടി കളക്ടർമാരുടെ സ്പെഷ്യൽ റൂൾസ് റദ്ദുചെയ്തുകൊണ്ട് വേണം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സാധ്യമാക്കുന്നത് എന്ന അഭിപ്രായം മുന്നോട്ടുവച്ചു.

എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് സെക്രട്ടറിയേറ്റിലെ ജീവനക്കാരുടെ സംഘടനകൾക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. സെക്രട്ടറിയേറ്റ് സർവ്വീസ് കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനഃസംഘടിപ്പിക്കണമെന്ന ആവശ്യത്തിന് സെക്രട്ടറിയേറ്റിലെ സംഘടനകൾ അനുകൂലമല്ല എന്ന നിലപാടാണ് സ്വീകരിച്ചത്. കേരളത്തിലെ സിവിൽ സർവ്വീസ് രംഗത്ത് തികച്ചും വ്യത്യസ്തവും വ്യതിരിക്തവുമായ സേവനമേഖലയാണ് സെക്രട്ടറിയേറ്റ് സർവ്വീസ് എന്ന് അവർ ചൂണ്ടിക്കാട്ടുകയുണ്ടായി. മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ സർക്കാരിനെ നേരിട്ട് സഹായിക്കുന്ന സേവനമേഖലയായതിനാൽ ഇതരവകുപ്പുകൾക്ക് സമാനമായ കൃത്യനിർവ്വഹണരീതിയല്ല ഈ സംവിധാനത്തിൽ അവലംബിക്കുന്നതെന്നും

തീരുമാനമെടുത്തിരുന്നത്. പി എസ് സി നടത്തുന്ന ഒരു മത്സരപരീക്ഷയിലൂടെ ഒന്നാം ഗസറ്റഡ് തസ്തികയിലുള്ളവർക്ക് ബൈട്രാൻസ്ഫർ പ്രമോഷൻ മുഖേനയും പി എസ് സി നടത്തുന്ന സ്റ്റേറ്റ് സിവിൽ സർവീസ് പരീക്ഷ വഴി നേരിട്ടുള്ള നിയമനത്തിനും, കെ.എ.എസിലേയ്ക്ക് പ്രവേശനം വ്യക്തമാക്കിയിരുന്നു. നേരിട്ടുള്ള നിയമനത്തിനും ബൈട്രാൻസ്ഫർ പ്രമോഷനും 1:1 എന്ന അനുപാതവും പ്രമോഷൻ കാറ്റഗറി വഴി നിയമനത്തിന് 52 വയസും നേരിട്ടുള്ള നിയമനത്തിന് 21-28 വയസും കെ.എ.എസിൽ ഉൾപ്പെടുത്തിയ വകുപ്പിലുള്ളവർക്ക് 35 വയസും വ്യക്തമാക്കിയിരുന്നു. കൂടാതെ കെ.എസ് & എസ്.എസ്. ആർ7ൾ 14-17 പറയുന്ന റിസർവേഷനും ബാധകമാക്കിയിരുന്നു. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള വകുപ്പുകളെ ഇതിൽ നിന്നും ഒഴിവാക്കിയിരുന്നു.

പ്രത്യേക ശമ്പളസ്കെയിലിൽ മൂന്ന് തലത്തിൽ പ്രമോഷൻ സാധ്യതയുള്ള ഒരു പ്രത്യേക കേഡറായി കെ.എ.എസ് രൂപം നൽകുന്നതിനായിരുന്നു ഉത്തരവായിരുന്നത്. ഭരണ സൗകര്യാർത്ഥം മൂന്ന് ഘട്ടങ്ങളിലായി കെ.എ.എസ് രൂപീകരിക്കുന്നതിനും ആദ്യഘട്ടത്തിൽ ആകെയുള്ള ഗസറ്റഡ് തസ്തികകളുടെ 10%-ന്റെ 1/3 തസ്തികകൾ മാത്രം നിയമനത്തിനായി മാറ്റി വെയ്ക്കുന്നതാണെന്നും, കെ.എ.എസിൽ ഉൾപ്പെടാത്ത 90% തസ്തികകളുടെ നിലവിലുള്ള പ്രൊമോഷൻ സാധ്യതകളെ ഒരു രീതിയിലും ബാധിക്കാത്ത വിധത്തിലായിരിക്കും കെ.എ.എസ് രൂപീകരിക്കേണ്ടതെന്നും തത്വത്തിൽ തീരുമാനിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് കൂടുതൽ പഠിക്കുന്നതിനായി ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെയും നിയമിച്ചിരുന്നു. എന്നാൽ മൂന്നു ദിവസത്തിനു ശേഷം 8.1.2015-ൽ ജി.ഒ(എംഎസ്) 9/2015/ജി.എഡി/ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തുന്നതിന് യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് ഉത്തരവാകുകയും ഈ വിഷയം പരിശോധിക്കുന്നതിന് മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും ഉണ്ടായി. പ്രസ്തുത സബ്കമ്മിറ്റി മന്ത്രിസഭയുടെ കാലാവധി തീരുന്നതു വരെയും യാതൊരു റിപ്പോർട്ടുകളൊന്നും സമർപ്പിക്കുകയുണ്ടായില്ല.

പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടു കൂടി, സെക്രട്ടേറിയറ്റ് ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഈ സർക്കാർ അധികാരമേറ്റ ശേഷം 24.6.16-ൽ ബഹു.ഗവർണറുടെ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിരുന്നു.

Dis.(G)

ഈ വിഷയം പരിശോധിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) ചെയർ പേഴ്സണായുള്ള ഒരു കമ്മിറ്റിക്ക് രൂപം നല്കികൊണ്ട് ഉത്തരവാകുകയും (16.8.11-ലെ ജി.ഒ.(ആർടി)332/2016/പി&എആർഡി) വിവിധ സർവീസ് സംഘടനകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി സർവീസ് സംഘടനകളുമായി ചർച്ച നടത്തി അവലോകന റിപ്പോർട്ട് 17.12.16-ൽ സമർപ്പിച്ചു. സെക്രട്ടേറിയറ്റ് ഒഴികെയുള്ള സർവീസ് സംഘടനകൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചപ്പോൾ സെക്രട്ടറിയേറ്റ് സംഘടനകൾ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് അഭികാമ്യമല്ല എന്ന നിലപാടാണ് സ്വീകരിച്ചത്. സെക്രട്ടറിയേറ്റ് സർവ്വീസ് കെ.എ.എസിൽ ഉൾപ്പെടുത്തുന്നതിനു മുമ്പ് മറ്റു സംസ്ഥാനങ്ങളിലെ മാതൃകകൾ പരിശോധനാ വിഷയമാക്കേണ്ടതാണെന്ന് കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

കൊടി (H)

39 NF

28.12.16-ൽ കൂടിയ മന്ത്രിസഭാ യോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കി ഉത്തരവായിരിക്കുകയാണ്. (ജി.ഒ.(കൈ.)1117/17/ത.സ്വ.ഭ.കെ.സർ.കമ്മീ തീയതി 4.1.2017)

കൊടി 6

ഇതു സംബന്ധിച്ച് കരട് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിന് ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും കമ്മിറ്റി 2017 ഫെബ്രുവരി 15-ന് മുമ്പ് സ്പെഷ്യൽ റൂൾസ് മുഖ്യമന്ത്രിക്ക് സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കി ഉത്തരവായിട്ടുണ്ട്.

11/1/17.

MEETING WITH SERVICE ORGANIZATIONS
13.01.2017

Sl. No.	Name of Organizations	Signature
1.	Kerala Secretariat Employees Association	
2.	Kerala Secretariat Association	
3.	Kerala Secretariat Staff Association	
4.	Kerala Finance Secretariat Association	
5.	Kerala Law Secretariat Association	
6.	Kerala Secretariat Employees Sangh	
7.	Kerala Secretariat Non-Gazetted Officers Association	
8.	~~Kerala Secretariat Last Grade Association~~	Ramanath. Attended

179

OFFICE OF THE
CHIEF SECRETARY TO GOVERNMENT
General Administration (Strictly Confidential) Department
THIRUVANANTHAPURAM

No. 10/2017/GEN/CSO

Dated 14-02-2017

NOTE

Chief Secretary desires to discuss the matters in connection with Kerala Administrative Service with Service Organisations in Secretariat at **3 PM on 15-02-2017** in the Chief Secretaries Committee Room.

Kindly make necessary arrangements to invite all organisations concerned.

R. GOPAKUMAR
ADDITIONAL SECRETARY

The Principal Secretary,
Personnel and Administrative Reforms Department.

781

GOVERNMENT OF KERALA

No. 803512/AR-12(1)/2016/P&ARD.

Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated :

From

The Principal Secretary to Government.

To

General Secretary/President,
KERALA SECRETARIAT EMPLOYEES ASSOCIATION/
KERALA SECRETARIAT ASSOCIATION/
KERALA SECRETARIAT STAFF ASSOCIATION/
KERALA FINANCE SECRETARIAT ASSOCIATION/
KERALA LAW SECRETARIAT ASSOCIATION/
KERALA SECRETARIAT EMPLOYEES SANGH/
KERALA SECRETARIAT NGO ASSOCIATION/
KERALA SECRETARIAT LAST GRADE OFFICERS ASSOCIATION.

Sir,

Sub :- Personnel & Administrative Reforms Department– Setting up of Kerala Administrative Service – Discussion with Secretariat Service Organizations- reg.

* * * *

The Chief Secretary desires to a convene a meeting with the service organizations of the Government Secretariat to discuss the matters regarding the setting up of Kerala Administrative Service, at **3.00 PM on 15/02/2017 in the CS's Committee Room** in the Secretariat. Two representative each of the organization are requested to attend the meeting.

Yours faithfully,

14/2/17

Copy to:- PA to Prl. Secy, P&ARD.

3/14/2/17

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനകളുമായി 13.01.2017 ൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം 13.01.2017 ന് വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ചു. ബഹു.മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും പ്രസ്തുത ചർച്ചയിലേയ്ക്ക് നയിച്ച സാഹചര്യം ആമുഖമായി വ്യക്തമാക്കുകയും ചെയ്തു.

സംസ്ഥാന രൂപീകരണത്തെ തുടർന്ന് അധികാരത്തിൽ വന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കപ്പെട്ടപ്പോൾ ഡിപ്പാർട്ട്മെന്റലിസത്തിനും, ഡിപ്പാർട്ട്മെന്റ് കിടമത്സരത്തിനും സ്ഥാനമില്ലാത്ത രീതിയിൽ വേണം ഭരണസംവിധാനം ചിട്ടപ്പെടുത്തേണ്ടതെന്ന് അന്നുതന്നെ വ്യക്തമാക്കുകയുണ്ടായിരുന്നുവെന്നും 1965-ൽ പ്രസിദ്ധ ഐ.സി.എസ് ഉദ്യോഗസ്ഥനായിരുന്ന വെള്ളോടിയുടെ നേതൃത്വത്തിലുള്ള രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ ഐ.എ.എസ് പോലെ ഉയർന്ന ഉദ്യോഗങ്ങൾക്ക് പ്രത്യേക സിവിൽ സർവ്വീസ് വേണമെന്ന നിർദേശം മുന്നോട്ട് വെച്ചു എന്നതും ബഹു.മുഖ്യമന്ത്രി വ്യക്തമാക്കി.

1997-ൽ ഇ.കെ.നായനാർ അധ്യക്ഷനായി മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വന്നപ്പോൾ താഴെ തട്ടിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും, സെക്രട്ടറിയേറ്റിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തണം എന്ന കാര്യം കമ്മീഷന്റെ പ്രധാന പരിഗണനാ വിഷയമായി എന്നും ഇതിനു പുറമെ വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയമിച്ച എസ്.പി. സെൻ കമ്മിറ്റി, വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കാൻ നൽകിയ നിർദ്ദേശങ്ങളും സർക്കാരിന്റെ മുമ്പിലുണ്ട് എന്നും ഇത്തരം ശുപാർശകളെല്ലാം സർവ്വീസിനെ മെച്ചപ്പെടുത്തുന്നതാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ഇത്തരം ശുപാർശകൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതിന് പകരം എം.ജി.പി. പോലുള്ള പരിപാടികളിലൂടെ സിവിൽ സർവ്വീസിനെ ദുർബലപ്പെടുത്തുന്ന നടപടികൾ സർക്കാർ നടപ്പിലാക്കുകയും തുടർന്ന് തസ്തികകൾ വെട്ടിക്കുറയ്ക്കുകയും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുകയും ചെയ്തതും ഇതിനെതിരെ ജീവനക്കാർക്ക് വലിയ സമരം നടത്തേണ്ടി വന്നതും എന്നാൽ, പിന്നീട് ഈ നയങ്ങൾ തിരുത്തപ്പെടുകയും അതിന്റെ ഭാഗമായി വെട്ടിക്കുറച്ച 11,658 തസ്തികകൾക്കുപകരം മുപ്പതിനായിരത്തോളം തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെടുകയും ജീവനക്കാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പിന്നീട് അധികാരത്തിൽ വന്ന സർക്കാർ പുനഃസ്ഥാപിക്കുകയും ചെയ്തകാര്യവും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു. ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുക, തസ്തികകൾ ഇല്ലാതാക്കുക തുടങ്ങിയവയൊന്നും ഈ സർക്കാരിന്റെ നയമല്ലെന്ന് പ്രകടന പത്രികയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപുതന്നെ സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ അധ്യക്ഷനായുള്ള ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നും അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ മേൽനോട്ട കമ്മീഷനെ നിയോഗിക്കുമെന്നും അധികാരത്തിൽവരുന്നതിനുമുമ്പ് പ്രകടന പത്രികയിൽതന്നെ വ്യക്തമാക്കിയിരുന്നു. സ്ഥലംമാറ്റത്തിന് മാനദണ്ഡം ആവിഷ്കരിക്കുക എന്ന വാഗ്ദാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം തന്നെ ശമ്പളപരിഷ്കരണം 10 വർഷത്തിലൊരിക്കൽ ആക്കണമെന്ന ശമ്പളപരിഷ്കരണ കമ്മീഷന്റെ നിർദ്ദേശം തള്ളിക്കളയുമെന്നും പ്രകടന പത്രികയിൽ പറഞ്ഞിരുന്ന ഇക്കാര്യങ്ങളെല്ലാം സർക്കാർ നടപ്പിലാക്കുമെന്നും, പ്രഖ്യാപിച്ച മറ്റ് കാര്യങ്ങളും സമയബന്ധിതമായി സർക്കാർ പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ സെക്രട്ടറിയേറ്റ് അടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കുമെന്നും അതിനായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് പൊതുധാരണ ഉണ്ടാക്കുമെന്ന കാര്യവും പ്രകടന പത്രികയിൽ വ്യക്തമാക്കിയിരുന്നതാണെന്നും അത് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് സെക്രട്ടറിയേറ്റ് അടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

യഥാർത്ഥത്തിൽ ഏറെ മുമ്പേ കേരളത്തിൽ ഉയർന്ന് വന്ന നിർദ്ദേശമാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും മന്ത്രിസഭാ യോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും അതോടൊപ്പം, അതിന്റെ ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ഒരു കമ്മിറ്റിക്കും രൂപം നൽകുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് തോന്നുന്ന തരത്തിലുള്ള ആശങ്കകൾ പലതും വസ്തുതകൾ മനസ്സിലാക്കാത്തതു കൊണ്ടുള്ളതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഭരണനിർവഹണമെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിനനുസൃതമായ ഒരു പുതുതലമുറ സർക്കാരിന്റെ സേവനത്തിന് ലഭ്യമാക്കേണ്ടതുണ്ട്. ആ ഒരു ഉദ്ദേശ്യവും ഈ സർവ്വീസ് രൂപീകരിക്കുന്നതിന് പിന്നിലുണ്ട്.

ആധുനിക സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഭരണനിർവ്വഹണമെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിനനുസൃതമായ ഒരുപുതുതലമുറ സർക്കാരിന്റെ സേവനത്തിന് ലഭ്യമാക്കേണ്ടതുണ്ട്. ആ ഒരു ഉദ്ദേശ്യവും ഈ സർവ്വീസ് രൂപീകരിക്കുന്നതിന് പിന്നിലുണ്ട്.

നിലവിൽ രണ്ടാംനിര ആയി പ്രവർത്തിക്കുന്നതിന് പ്രൊഫഷണലുകളുടെ അഭാവവും പ്രവൃത്തിമേഖലയിലെ പരിചയക്കുറവും പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വികസന വകുപ്പുകളിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും അവ നടപ്പാക്കുന്നതിനും വരുന്ന പോരായ്മകൾ പരിഹരിക്കുവാൻ ഈ പുതിയ തലമുറയുടെ സേവനം പ്രയോജനപ്പെടുത്താനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിന് ഉതകുംവിധം ഈ സർവ്വീസിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ആ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കും. അത്തരം നിയമന രീതിയാണ് പ്രധാനമായും ആവിഷ്കരിക്കുക.

ഇപ്പോൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികയിലെ 10 ശതമാനം ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ഈ സർവ്വീസിലെ

ആകെ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നത്. ആയത് കണ്ടെത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിനു പുറമെ, ഏതൊക്കെ വകുപ്പുകളാണെന്നും അവയിൽ എത്ര തസ്തികകളാണ് ഉൾപ്പെടുത്തേണ്ടത് എന്നും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി പരിശോധിച്ച് അന്തിമ ശുപാർശ നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

സെക്രട്ടറിയേറ്റിലെ രണ്ടാം ഗസറ്റഡ് പോസ്റ്റായ അണ്ടർ സെക്രട്ടറി പോസ്റ്റിന്റെ 10 ശതമാനമാണ് സെക്രട്ടറിയേറ്റിൽനിന്നും കെ.എ.എസ്സിലേക്ക് മാറ്റിവയ്ക്കുന്നതെന്നും അതുതന്നെ മൂന്നു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുകയെന്നും മുഖ്യമന്ത്രി പറഞ്ഞു. സെക്രട്ടറിയേറ്റ് ഇതര സർവ്വീസുകളിൽ നിന്നുള്ള തസ്തികകളും കേരള സിവിൽ സർവ്വീസിൽ ഉൾപ്പെടുന്നതിനാൽ ഇവയിലേക്കും സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് ഉൾപ്പെടെ കടന്നുവരാനുള്ള അവസരമൊരുങ്ങുമെന്നും ചില പോസ്റ്റുകൾ ഇല്ലാതാകുമ്പോൾ മറ്റ് മേഖലയിൽ നിന്ന് വരുന്ന പോസ്റ്റുകളിലേക്ക് സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് എത്തിച്ചേരാനുള്ള സാഹചര്യം കൂടി ഉണ്ടാക്കുമെന്നും അറിയിച്ചു. ഇത് കൂടി പരിഗണിച്ചാൽ ഫലത്തിൽ മേൽ പറഞ്ഞ കുറവ് സാരമായി ബാധിക്കില്ലയെന്ന് വ്യക്തമാണ്. മാത്രമല്ല, സെക്രട്ടറിയേറ്റിലെ ജീവനക്കാർക്ക് ഐ.എ.എസ് പോസ്റ്റുകളിലേക്ക് എത്തുന്നതിനുള്ള സാധ്യതകൾ കൂടുതൽ ഉണ്ടാകുകയും ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഐ.എ.എസ് തസ്തികകളിലേക്ക് പ്രൊമോഷൻ വഴി നികത്തപ്പെടാവുന്ന ഒഴിവുകളിൽ ഇപ്പോൾ കേരള സിവിൽ സർവ്വീസിൽ ഡെപ്യൂട്ടി കളക്ടർമാർ മാത്രമേ ഉൾപ്പെടുന്നുള്ളൂ. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വരുന്നതോടെ കെ.എ.എസ് ആകും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ്. നിലവിൽ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മൂന്നിൽ ഒരു ഭാഗം ഒഴിവുകളിൽ മാത്രമാണ് ഐ.എ.എസിലേക്ക് പരിഗണിക്കപ്പെടുന്നത്. കെ.എ.എസ് വരുന്നതോടെ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ഐ.എ.എസിലേക്ക് കൂടുതൽ പ്രമോഷൻ സാധ്യതകൾ ഇതുവഴി തുറന്ന് കിട്ടുകയും, അതുകൊണ്ട് തന്നെ പ്രമോഷൻ തസ്തികകളുടെ കാര്യത്തിൽ കുറവ് ഉണ്ടാകില്ല എന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വരുമ്പോൾ ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി എന്നീ തസ്തികകൾക്ക് കുറവുവരുന്നതല്ല എന്നതും അതോടൊപ്പം കാണേണ്ടതുണ്ട് എന്നും ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഇതിന് പുറമെ സംഘടനകൾക്ക് പൊതുവായുള്ള പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും ഇപ്പോൾ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തന്നെ ഈ സർവ്വീസ് ചട്ടങ്ങൾ രൂപം നൽകുന്നതിനു മുമ്പ് സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകൾ നിശ്ചയമായും ഉണ്ടാവും. പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവരെ മാത്രമാണ് ഇതിലേക്ക് പരിഗണിക്കുന്നത്.

പ്രകടന പത്രികയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ സർക്കാർ നടപ്പിലാക്കുമെന്നും ജീവനക്കാരുടെ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രകടന പത്രികയിൽ നൽകിയ ഉറപ്പുകൾ പാലിക്കുമെന്നും സംതുലവും, ക്രിയാത്മകവുമായ സിവിൽ സർവ്വീസ് എന്ന സമീപനം സർക്കാർ സ്വീകരിക്കുമെന്നും സർക്കാർ നയത്തോട്

സഹകരിക്കാൻ ജീവനക്കാരും തയ്യാറാകണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

ബഹു.മുഖ്യമന്ത്രിയുടെ ആമുഖപ്രസംഗത്തിനുശേഷം കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ പ്രസിഡന്റ്, ജെ.ബെൻസി സംസാരിച്ചു.

- സംസ്ഥാന സിവിൽ സർവ്വീസ് ക്രിയാത്മകവും കിടമത്സരം ഇല്ലാത്തതും പ്രൊഫഷണലിസം ഉള്ളതുമാവണമെന്ന് പറഞ്ഞത് സ്വാഗതാർഹമാണെന്നും പക്ഷേ അതിനായി മുന്നോട്ടുവച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം എന്നത് ഗുണത്തേക്കാളേറെ ദോഷം ഉണ്ടാക്കുമെന്നുള്ളതുമാണ് അനുഭവപാഠങ്ങൾ തെളിയിട്ടിച്ചുള്ളത്.
- 16.01.2010 ൽ വനംവകുപ്പിൽനിന്നും ഇറക്കിയ സർക്കാർ ഉത്തരവ് Class II ഗസറ്റഡ് തസ്തികയിലേയ്ക്കുള്ള നിയമനം 01.01.1986 ൽ വച്ച് നിരോധിച്ചുകൊണ്ടുള്ളതായിരുന്നു. അതുവരെ Class II ഗസറ്റഡ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനമായിരുന്നു. ഇതുപോലെ തന്നെയായിരുന്ന പോലീസ് വകുപ്പിൽനിന്നും ഇറക്കിയ DySp തസ്തികയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനവും. ഇതുരണ്ടും പരാജയമായിരുന്നെന്ന് കണ്ട് നിർത്തലാക്കിയതാണ്. ബിരുദം അടിസ്ഥാനമാക്കിയിട്ടുള്ളവരുടെ കീഴിൽ ബിരുദംതന്നെ അടിസ്ഥാനമാക്കിയുള്ളവർ മത്സരപരീക്ഷയിലൂടെ കടന്നുവരുന്ന സാഹചര്യത്തിൽ ദീർഘകാലത്തെ സർവ്വീസുള്ളവർ കടന്നുവരേണ്ട സൂപ്പർവൈസറി പോസ്റ്റിൽ നേരിട്ട് നിയമനം നടത്തിയതിന്റെ പരാജയമാണിത്.
- സർവ്വീസ് രംഗം ക്രിയാത്മകമാക്കുന്നതിനും കിടമത്സരം ഒഴിവാക്കുന്നതിനുള്ള സദുദ്ദേശത്തോടുകൂടി കെ.എ.എസ് കൊണ്ടുവരുമ്പോൾ അനുഭവസമ്പത്തും പരിചയസമ്പത്തും ഇല്ലാത്ത ബിരുദം അടിസ്ഥാനമുള്ളവർ വരുമ്പോൾ ഇതെല്ലാമുള്ള വലിയൊരു നിര പരിചയസമ്പത്തുള്ളവർ അവരുടെ കീഴിൽ ജോലി നോക്കേണ്ട സാഹചര്യം വരുന്നു.
- പ്രൊഫഷണൽ ഡിഗ്രിയുള്ള 700 ഓളംപേർ സെക്രട്ടറിയേറ്റിൽ ഉണ്ടെന്നും അത്യാധുനിക ടെയിനിംഗും മറ്റും നൽകികഴിഞ്ഞാൽ ഇന്നുള്ള മാതൃകാപരമായ സംവിധാനം ഏറ്റവും പ്രഗത്ഭമായ രീതിയിൽ ക്രിയാത്മകമായും മത്സരമില്ലാതെയും ജനോപകാരപ്രദവും വളരെ നല്ലരീതിയിൽ കൊണ്ടുപോകുന്നതുമായ ഒരു സർവ്വീസ് ഉണ്ടാകുന്നതാണ്.
- നോൺസിവിൽസർവ്വീസ് കേഡറിലേക്കുള്ള പ്രൊമോഷൻ കാറ്റഗറിയായ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് സമയബന്ധിതമായി പരീക്ഷ നടത്താത്തതാണ് ആവശ്യമായ ഉദ്യോഗസ്ഥരെ ലഭിക്കാത്തതിന് കാരണമെന്നും അതിനാൽ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ തസ്തിക സമാനവൽക്കരിച്ച് സെക്രട്ടറിയേറ്റിലെ അണ്ടർസെക്രട്ടറി തസ്തികയുമായി സമാനത നൽകി മുൻപിറക്കിയ ഉത്തരവ് പരിഗണിക്കണമെന്നും ഇപ്പോൾ കണ്ടെത്തിയ എല്ലാ വകുപ്പുകളിലെയും Class II ഗസറ്റഡ് തസ്തിക സമാനവൽക്കരിച്ച് ഇതിനു പരിഹാരം കണ്ടെത്താവുന്നതുമാണ്.
- മറ്റുസംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ യുവാക്കൾ നേരിട്ട് IAS നേടുന്നുണ്ടെന്നും ബിരുദം അടിസ്ഥാന യോഗ്യതയായി വരുന്നവർക്ക് വളരെ ഉയർന്ന പോസ്റ്റുകളിൽ എത്താൻ ആകർഷമായ മറ്റ് അവസരങ്ങളുണ്ടെന്നും പറഞ്ഞു. കൂടാതെ

ബിരുദം അടിസ്ഥാനയോഗ്യതയായും preliminary test ഉം main test ഉം interview ഉം കഴിഞ്ഞ് 17 ഉം 18 ഉം വർഷം കഴിഞ്ഞ് വരുന്ന തങ്ങൾക്ക് മുകളിലായി യാതൊരു പരിചയസമ്പത്തും ഇല്ലാത്ത തങ്ങളുടെ മക്കളുടെ പ്രായത്തിലുള്ളവർ വരുന്നത് വളരെയേറെ ബുദ്ധിമുണ്ടാക്കുമെന്നും ചൂണ്ടിക്കാട്ടി.

- മറ്റു ഡിപ്പാർട്ടുമെന്റിൽ അച്ചടക്കനടപടിക്കു വിധേയരായവരും വിജിലൻസ് നടപടിനേരിടുന്നവരും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് വരുമ്പോൾ അഴിമതിക്ക് വഴിതെളിയിക്കുകയും ചെയ്യുമെന്നും ഓർമ്മിപ്പിച്ചു. കൂടാതെ ഇത് സെക്രട്ടറിയേറ്റ് ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുകയും ചെയ്യും. അതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിൽനിന്നും സർക്കാർ പിന്മാറണമെന്നും അസോസിയേഷൻ പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

തുടർന്ന് ചർച്ചയിൽ പങ്കെടുത്ത് കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എസ്.ബിജുക്കുട്ടൻ സംസാരിച്ചു. കേരളത്തിലെ സർക്കാർ ജീവനക്കാരുടെ മേഖലയിൽ വികസനോന്മുഖവും ഗുണപരവുമായി പല മാറ്റങ്ങൾക്കും നാന്ദികുറിച്ച ഒരു സർക്കാരാണിതെന്നും എം.ജി.പി.അടക്കമുള്ള പദ്ധതികൾ ജീവനക്കാർക്ക് വരുത്തിവെച്ച നഷ്ടങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട സേവനവ്യവസ്ഥകൾ ഉറപ്പാക്കുന്നതിനും ശ്രമിച്ച മുൻ എൽ.ഡി.എഫ് സർക്കാരുകളുടെ പാതയിലൂടെയാണ് ഈ സർക്കാരും മുന്നോട്ട് പോകുന്നതെന്നും സൂചിപ്പിക്കുകയും അധികാരമേറ്റശേഷം ഈ സർക്കാർ നടപ്പിലാക്കിയ എല്ലാ പ്രവർത്തനങ്ങൾക്കും അസോസിയേഷന്റെ നന്ദിയും കടപ്പാടും അറിയിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ സെക്രട്ടറിയേറ്റ് ജീവനക്കാർക്കിടയിൽ കലുഷിതമായ ഒരു സാഹചര്യമാണ് നിലവിലുള്ളത് ആയതിനാൽതന്നെ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുമുമ്പായി വിശദവും വിഗദ്ധവുമായി പഠനങ്ങൾ അനിവാര്യമാണ്.
- ഇപ്പോൾ ഇറക്കിയ ഉത്തരവ് ക്യാബിനറ്റ് തീരുമാനത്തിന് വിരുദ്ധമായ ഉത്തരവാണെന്നും അതു പുനഃപരിശോധിക്കുന്നതിന് ഒരു മന്ത്രിസഭ ഉപസമിതിയെ നിയോഗിയ്ക്കേണ്ടതുമാണ്.
- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തേണ്ടതില്ലെന്ന പ്രഖ്യാപിതനിലപാടിൽ ഉറച്ചുനിൽക്കുന്നു.
- മറ്റസംസ്ഥാനങ്ങളിൽ നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസിനെ കുറിച്ച് വിശദമായി പഠിക്കുന്നതിനായി നിലവിലുള്ള സെക്രട്ടറിതല സമിതിയെയോ പുതിയ സമിതിയെയോ നിയമിക്കണം.
- ഇത് സംബന്ധിച്ച് പുനഃപരിശോധിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതുവരെ. ഇപ്പോൾ പുറത്തിറക്കിയ ഉത്തരവ് മരവിപ്പിയ്ക്കണമെന്നും അവർ ആവശ്യപ്പെട്ടു.
- സിവിൽ സർവ്വീസ് മേഖലയിലും സാമൂഹിക സേവനരംഗത്തും ഈ സർക്കാർ കൈക്കൊള്ളുന്ന നടപടികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം അതിൽ

സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ പങ്കാളിത്തം ഉറപ്പാക്കുവാൻ കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രതിജ്ഞാബദ്ധമാണെന്നും അറിയിച്ചു.

തുടർന്ന് കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ ജനറൽസെക്രട്ടറി എസ്.ബിജു സംസാരിച്ചു. അഴിമതിരഹിതവും കാര്യക്ഷമവുമായി ഒരു സംവിധാനമെന്ന നിലയിൽ മുഖ്യമന്ത്രി തന്നെ സെക്രട്ടറിയേറ്റ് സർവ്വീസിനെ വിലയിരുത്തിയത് ഈ മേഖലയിലെ ജീവനക്കാരുടെ പ്രതിബദ്ധതയാണ് വെളിവാക്കുന്നതെന്നും ആയതിനാൽതന്നെ ഈ മേഖലയിൽവരുന്ന പരിഷ്കാരങ്ങൾ വിശദമായ ചർച്ചയിലൂടെ മാത്രമേ നടപ്പിലാക്കാനാവൂ എന്നും അവർ ആവശ്യപ്പെട്ടു.

- IAS നുതാഴെ നോൺ ഗസറ്റഡ് തസ്തികയ്ക്കുമുകളിൽ ഒരു മദ്ധ്യതല നിയമനമാണ് കെ.എ.എസ്. സെക്രട്ടറിയേറ്റ് ഇതരവകുപ്പുകളിൽ മദ്ധ്യതല സംവിധാനത്തിലേയ്ക്ക് നേരിട്ടുള്ള നിയമനംവഴി ജോലിയിൽ പ്രവേശിക്കുന്നവരുടെ കാര്യക്ഷമത സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്ന സാഹചര്യം ഒരു പുതിയ മദ്ധ്യതലസംവിധാനം രൂപികരിക്കുന്നത് തികച്ചും വിശദമായ പഠനങ്ങൾക്കൊടുവിലാകണമെന്നും അന്യസംസ്ഥാനങ്ങളിൽ രൂപീകൃതമായ സ്റ്റേറ്റ് സിവിൽ സർവ്വീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള വസ്തുത കണക്കിലെടുത്ത് രൂപീകരണത്തിൽനിന്നും സർക്കാർ പിന്മാറണമെന്നും അവർ ആവശ്യപ്പെട്ടു.
- ഇപ്പോൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകളിൽ സെക്രട്ടറിയേറ്റിലെയും മറ്റുവകുപ്പുകളിലെയും പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യതയിലുള്ള വ്യത്യാസം കണക്കിലെടുത്ത് ഈ വകുപ്പുകളിലെ സമാനതസ്തികകളെ ഒരുമിപ്പിക്കുന്ന തീരുമാനം പുനഃപരിശോധിക്കണം.
- സംഘടന നേതാക്കളുമായുള്ള ചർച്ചയിൽ PSU നെയോ സ്വയംഭരണസ്ഥാപനങ്ങളെയോ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ഇപ്പോൾ ഇറങ്ങിയ ഉത്തരവിൽ അതിനുവിരുദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനോട് വിയോജിപ്പുണ്ട്. ആയത് പരിശോധിക്കണം.

ഇതേ തുടർന്ന് കേരള ഫിനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ പ്രതിനിധി ശ്രീ.അബ്ദുൾ വഹാബ് സംസാരിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനോട് യോജിക്കുന്നില്ല. നിലവിലുള്ളവർക്കുതന്നെ ട്രെയിനിംഗ് നൽകി സിവിൽ സർവ്വീസിനെ മെച്ചപ്പെടുത്തിയാൽ മതി. ഇന്നത്തെ സിവിൽ സർവ്വീസ് തന്നെയാണ് ഇപ്പോഴത്തെ ഭരണപരമായ എല്ലാ നേട്ടങ്ങൾക്കും കാരണമായത്.
- ഫിനാൻസ് സെക്രട്ടറിയേറ്റിലെ 2 സെക്ഷൻ ഒഴികെ എല്ലാ സെക്ഷനുകളും ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. അനുഭവസമ്പത്തിനേക്കാളും മെച്ചമായി ഒന്നിനും കഴിയില്ല.
- പുതുതലമുറയെ പബ്ലിക് സർവ്വീസിൽ കൊണ്ടുവരാൻ നിലവിലുള്ള സിവിൽസർവ്വീസിനെത്തന്നെ വിപുലീകരിച്ചാൽ മതി.
- ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നതിന്റെ ഫലം ഇനിയും 10 വർഷം കഴിഞ്ഞേ ലഭ്യമാകൂ.

- വിവിധ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് സിവിൽ സർവ്വീസിനെകുറിച്ചുകൂടി പഠനംനടത്തി നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മീഷന്റെ terms and conditions കളും ഉൾപ്പെടുത്തി ഇക്കാര്യം പഠനവിധേയമാക്കണം
- 10% മാറ്റിവയ്ക്കുക എന്നത് ജീവനക്കാരിൽ അസംതൃപ്തി ഉണ്ടാക്കുമെന്നും അതിന്റെ പ്രതിഫലനങ്ങൾ ദൂരവ്യാപകമാണെന്നുമുള്ള ആശങ്ക അറിയിച്ചു.

തുടർന്ന് കേരള നിയമവകുപ്പ് സെക്രട്ടറിയേറ്റ് അസോസിയേഷന്റെ പ്രസിഡന്റ് ശ്രീ.വി.എൻ.രാധാകൃഷ്ണൻ സംസാരിച്ചു. സർക്കാർ നടത്തുന്ന എല്ലാകാര്യങ്ങൾക്കും ജീവനക്കാർ പൂർണ്ണമായി സഹകരിക്കുന്നവരാണെന്നും രണ്ടു മാസക്കാലമായി ജീവനക്കാരിൽ പലവിധം ആശങ്കകൾ സൃഷ്ടിച്ചിരിക്കുകയാണെന്നും അഭിപ്രായപ്പെട്ടു.

- ഇപ്രകാരം ഒരു സിവിൽ സർവ്വീസ് കൊണ്ടുവരുമ്പോൾ ഗുണത്തേക്കാളേറെ ദോഷമേ സൃഷ്ടിക്കൂ എന്നും ഇടത്തട്ടിലുള്ള സർവ്വീസ് കൊണ്ടുവന്ന് ഒരു പുതിയ മദ്ധ്യനിരയെ മാത്രംവച്ച് കാര്യക്ഷമമായ സിവിൽ സർവ്വീസ് ഉണ്ടാക്കുമെന്നത് ഒരു മിഥ്യാധാരണ മാത്രമാണ്.
- ഇക്കാര്യം ഒരു മന്ത്രിതല ഉപസമിതി / സെക്രട്ടറിമാരുടെ കമ്മിറ്റിവച്ച് ഇതിന്റെ നേട്ടങ്ങളേയും കോട്ടങ്ങളേയുംപറ്റി പഠിച്ചശേഷം ജീവനക്കാരെക്കൂടി കണക്കിലെടുത്ത് നടപ്പിലാക്കുന്നതാണ് ഉചിതം എന്നും ആയതിനാൽ ഈ ഉത്തരവ് മരവിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

അതിനുശേഷം കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ് പ്രതിനിധി ശ്രീ.രഞ്ജിത്ത് സംസാരിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കരുത്.
- സെക്രട്ടറിയേറ്റ് സർവ്വീസിലേയ്ക്കുള്ള പ്രവേശനം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് സമാനമായി പ്രാഥമികപരീക്ഷ, മെയിൻ പരീക്ഷ, അഭിമുഖം എന്നിവയ്ക്കുശേഷം നടത്തുന്നതിനാൽ കെ.എ.എസ്സിലേയ്ക്ക് വീണ്ടും ഇത്തരമൊരു മത്സരപരീക്ഷയുടെ ആവശ്യം പരിശോധിക്കേണ്ടതാണ്.
- Methodology of creation of Kerala Civil Service എന്നതിൽ പറയുന്നത് Post of Deputy Collector എന്നത് മാത്രമല്ല, OR in any other post or post declared equivalent thereto by State Government എന്നതാണ്. ഡെപ്യൂട്ടി കളക്ടർമാരിൽനിന്നുംമാത്രം എന്ന് ഒരിടത്തും പറയുന്നില്ല എന്നും അതിനുതുല്യമായ പോസ്റ്റ് സെക്രട്ടറിയേറ്റിൽ തന്നെ നിലനിൽക്കുമ്പോൾ IAS promotion ലേയ്ക്ക് സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരും eligible ആണെന്നും IAS ന്റെ Appointment by Promotion, Regulations, 1955, Rule 5(2)ൽ വ്യക്തമായി പറയുന്നുണ്ടെന്നും ആ പദവിയിലേയ്ക്ക് സെക്രട്ടറിയേറ്റിൽനിന്നും ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും അഭിപ്രായപ്പെട്ടു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിവിധവശങ്ങൾ പരിശോധിച്ചതന്നെ മുന്നോട്ടുപോകണമെന്നും താൽക്കാലികമായി ഈ ഉത്തരവ് മരവിപ്പിക്കണമെന്നും സംഘടനാ പ്രതിനിധി ആവശ്യപ്പെട്ടു.

അതേതുടർന്ന് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ പ്രതിനിധി സംസാരിച്ചു. ഇത്തരം ഒരു സിവിൽ സർവ്വീസ് ജീവനക്കാരന്റെ മനോവീര്യവും ആത്മാർത്ഥതയും നഷ്ടപ്പെടുത്തുമെന്നും ഒരു സബ്കമ്മിറ്റി രൂപീകരിച്ച് വിശദമായ പഠനംനടത്തി അതിന്റെ ഗുണവശങ്ങൾ മനസ്സിലാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള സാവകാശം നൽകണമെന്നും അഭിപ്രായപ്പെട്ടു.

ദീർഘമായ ചർച്ചയ്ക്കുശേഷം ബഹു.മുഖ്യമന്ത്രി മറുപടി നൽകി. ചർച്ചയിൽ എല്ലാവരും സമഗ്രമായി പങ്കെടുത്തിട്ടുണ്ടെന്നും എല്ലാവരും പൂർണ്ണഐക്യം പ്രകടമാക്കി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ വലിയ ആശങ്കപ്പെടേണ്ടതില്ല എന്നും ഏതൊരു പുതിയ കാര്യവും വരുമ്പോഴുള്ള ആശങ്കകൾ തന്നെയാണിതെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമ്പോൾ ഈ ആശങ്കകളെല്ലാം പരിഹരിക്കപ്പെടുമെന്നും അറിയിച്ചു. ഇക്കാര്യത്തോട് ഉദ്യോഗസ്ഥർ യോജിക്കണമെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാതിരിക്കാൻ കഴിയില്ല എന്നും ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു. പ്രത്യേകചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ ഉണ്ടാകുമെന്നും ഇനിയൊരു പഠനത്തിന്റെ ആവശ്യമില്ല എന്നും അറിയിച്ചു. എല്ലാവരും സഹകരണത്തിന് മുൻതൂക്കം കൊടുക്കുക എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി യോഗം ഉപസംഹരിച്ചു.

യോഗത്തിൽ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം.വിജയാനന്ദ്, ആഭ്യന്തരവും വിജിലൻസു വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.സത്യജീത് രാജൻ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

യോഗം വൈകുന്നേരം 6.00 മണിക്ക് അവസാനിച്ചു.

17/11/17

18/11

799

DFA

കേരള സർക്കാർ

നമ്പർ. 803512/എ.ആർ.12(1)/2016/ഉ.ഭ.പ.വ.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര
(എ.ആർ.12) വകുപ്പ്,
തിരുവനന്തപുരം,
തീയതി :

പ്രിൻസിപ്പൽ സെക്രട്ടറി.

ജനറൽ സെക്രട്ടറി/പ്രസിഡന്റ്
കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ
കേരള ഫിനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ
കേരള ലാ സെക്രട്ടറിയേറ്റ് അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ്
കേരള സെക്രട്ടറിയേറ്റ് എൻ.ജി.ഒ.അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ മിനിട്ട്സ് - സംബന്ധിച്ച്.

സൂചന :- 13.01.2017 ൽ ബഹു.മുഖ്യമന്ത്രി സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

* * * * *

സൂചനയിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് പ്രസ്തുത നടപടിക്കുറിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

14/2

പകർപ്പ് - അഡീഷണൽ സെക്രട്ടറി, പൊതുഭരണ (എസ്.സി) വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും)യുടെ പി.എ.യ്ക്ക്

401

കേരള സർക്കാർ

നമ്പർ. 803512/എ.ആർ.12(1)/2016/ഉ.ഭ.പ.വ. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്,
തിരുവനന്തപുരം,
തീയതി :14.02.2017

പ്രിൻസിപ്പൽ സെക്രട്ടറി.

ജനറൽ സെക്രട്ടറി/പ്രസിഡന്റ്
കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ
കേരള ഫിനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ
കേരള ലാ സെക്രട്ടറിയേറ്റ് അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ്
കേരള സെക്രട്ടറിയേറ്റ് എൻ.ജി.ഒ.അസോസിയേഷൻ
കേരള സെക്രട്ടറിയേറ്റ് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ മിനിട്സ് - സംബന്ധിച്ച്.

സൂചന :- 13.01.2017 ൽ ബഹു.മുഖ്യമന്ത്രി സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

* * * * *

സൂചനയിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് പ്രസ്തുത നടപടിക്കുറിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
എം.എസ്.ചിത്ര
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനകളുമായി 13.01.2017 ൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം 13.01.2017 ന് വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ചു. ബഹു.മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും പ്രസ്തുത ചർച്ചയിലേയ്ക്ക് നയിച്ച സാഹചര്യം ആമുഖമായി വ്യക്തമാക്കുകയും ചെയ്തു.

സംസ്ഥാന രൂപീകരണത്തെ തുടർന്ന് അധികാരത്തിൽ വന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കപ്പെട്ടപ്പോൾ ഡിപ്പാർട്ട്മെന്റലിസത്തിനും, ഡിപ്പാർട്ട്മെന്റ് കിടമത്സരത്തിനും സ്ഥാനമില്ലാത്ത രീതിയിൽ വേണം ഭരണസംവിധാനം ചിട്ടപ്പെടുത്തേണ്ടതെന്ന് അന്നുതന്നെ വ്യക്തമാക്കുകയുണ്ടായിരുന്നുവെന്നും 1965-ൽ പ്രസിദ്ധ ഐ.സി.എസ് ഉദ്യോഗസ്ഥനായിരുന്ന വെള്ളോടിയുടെ നേതൃത്വത്തിലുള്ള രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ ഐ.എ.എസ് പോലെ ഉയർന്ന ഉദ്യോഗങ്ങൾക്ക് പ്രത്യേക സിവിൽ സർവ്വീസ് വേണമെന്ന നിർദേശം മുന്നോട്ട് വെച്ചു എന്നതും ബഹു.മുഖ്യമന്ത്രി വ്യക്തമാക്കി.

1997-ൽ ഇ.കെ.നായനാർ അധ്യക്ഷനായി മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വന്നപ്പോൾ താഴെ തട്ടിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും, സെക്രട്ടറിയേറ്റിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തണം എന്ന കാര്യം കമ്മീഷന്റെ പ്രധാന പരിഗണനാ വിഷയമായി എന്നും ഇതിനു പുറമെ വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയമിച്ച എസ്.പി. സെൻ കമ്മിറ്റി, വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കാൻ നൽകിയ നിർദ്ദേശങ്ങളും സർക്കാരിന്റെ മുമ്പിലുണ്ട് എന്നും ഇത്തരം ഘടകപദ്ധതികളെല്ലാം സർവ്വീസിനെ മെച്ചപ്പെടുത്തുന്നതാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ഇത്തരം ഘടകപദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതിന് പകരം എം.ജി.പി. പോലുള്ള പരിപാടികളിലൂടെ സിവിൽ സർവ്വീസിനെ ദുർബലപ്പെടുത്തുന്ന നടപടികൾ സർക്കാർ നടപ്പിലാക്കുകയും തുടർന്ന് തസ്തികകൾ വെട്ടിക്കുറയ്ക്കുകയും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുകയും ചെയ്തതും ഇതിനെതിരെ ജീവനക്കാർക്ക് വലിയ സമരം നടത്തേണ്ടി വന്നതും എന്നാൽ, പിന്നീട് ഈ നയങ്ങൾ തിരുത്തപ്പെടുകയും അതിന്റെ ഭാഗമായി വെട്ടിക്കുറച്ച 11,658 തസ്തികകൾക്കുപകരം മുപ്പതിനായിരത്തോളം തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെടുകയും ജീവനക്കാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പിന്നീട് അധികാരത്തിൽ വന്ന സർക്കാർ പുനഃസ്ഥാപിക്കുകയും ചെയ്തകാര്യവും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു. ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുക, തസ്തികകൾ ഇല്ലാതാക്കുക തുടങ്ങിയവയൊന്നും ഈ സർക്കാരിന്റെ നയമല്ലെന്ന് പ്രകടന പത്രികയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപുതന്നെ സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ അധ്യക്ഷനായുള്ള ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നും അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ മേൽനോട്ട കമ്മീഷനെ നിയോഗിക്കുമെന്നും അധികാരത്തിൽവരുന്നതിനുമുമ്പ് പ്രകടന പത്രികയിൽതന്നെ വ്യക്തമാക്കിയിരുന്നു. സ്ഥലംമാറ്റത്തിന് മാനദണ്ഡം ആവിഷ്കരിക്കുക എന്ന വാഗ്ദാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം തന്നെ ശമ്പളപരിഷ്കരണം 10 വർഷത്തിലൊരിക്കൽ ആക്കണമെന്ന ശമ്പളപരിഷ്കരണ കമ്മീഷന്റെ നിർദ്ദേശം തള്ളിക്കളയുമെന്നും പ്രകടന പത്രികയിൽ പറഞ്ഞിരുന്ന ഇക്കാര്യങ്ങളെല്ലാം സർക്കാർ നടപ്പിലാക്കുമെന്നും, പ്രഖ്യാപിച്ച മറ്റ് കാര്യങ്ങളും സമയബന്ധിതമായി സർക്കാർ പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ സെക്രട്ടറിയേറ്റ് അടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കുമെന്നും അതിനായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് പൊതുധാരണ ഉണ്ടാക്കുമെന്ന കാര്യവും പ്രകടന പത്രികയിൽ വ്യക്തമാക്കിയിരുന്നതാണെന്നും അത് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് സെക്രട്ടറിയേറ്റ് അടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

യഥാർത്ഥത്തിൽ ഏറെ മുമ്പേ കേരളത്തിൽ ഉയർന്ന് വന്ന നിർദ്ദേശമാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും മന്ത്രിസഭാ യോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും അതോടൊപ്പം, അതിന്റെ ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ഒരു കമ്മിറ്റിക്കും രൂപം നൽകുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് തോന്നുന്ന തരത്തിലുള്ള ആശങ്കകൾ പലതും വസ്തുതകൾ മനസ്സിലാക്കാത്തതു കൊണ്ടുള്ളതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഭരണനിർവഹണമെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിനനുസൃതമായ ഒരു പുതുതലമുറ സർക്കാരിന്റെ സേവനത്തിന് ലഭ്യമാക്കേണ്ടതുണ്ട്. ആ ഒരു ഉദ്ദേശ്യവും ഈ സർവ്വീസ് രൂപീകരിക്കുന്നതിന് പിന്നിലുണ്ട്.

നിലവിൽ രണ്ടാംനിര ആയി പ്രവർത്തിക്കുന്നതിന് പ്രൊഫഷണലുകളുടെ അഭാവവും പ്രവൃത്തിമേഖലയിലെ പരിചയക്കുറവും പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വികസന വകുപ്പുകളിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും അവ നടപ്പാക്കുന്നതിനും വരുന്ന പോരായ്മകൾ പരിഹരിക്കുവാൻ ഈ പുതിയ തലമുറയുടെ സേവനം പ്രയോജനപ്പെടുത്താനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിന് ഉതകുംവിധം ഈ സർവ്വീസിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ആ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കും. അത്തരം നിയമന രീതിയാണ് പ്രധാനമായും ആവിഷ്കരിക്കുക.

ഇപ്പോൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികയിലെ 10 ശതമാനം ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ഈ സർവ്വീസിലെ ആകെ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നത്. ആയത് കണ്ടെത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിനു പുറമെ, ഏതൊക്കെ വകുപ്പുകളാണെന്നും അവയിൽ എത്ര തസ്തികകളാണ് ഉൾപ്പെടുത്തേണ്ടത് എന്നും

- സംസ്ഥാന സിവിൽ സർവ്വീസ് ക്രിയാത്മകവും കിടമത്സരം ഇല്ലാത്തതും പ്രൊഫഷണലിസം ഉള്ളതുമാവണമെന്ന് പറഞ്ഞത് സ്വാഗതാർഹമാണെന്നും പക്ഷേ അതിനായി മുന്നോട്ടുവച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം എന്നത് ഗുണത്തേക്കാളേറെ ദോഷം ഉണ്ടാക്കുമെന്നുള്ളതുമാണ് അനുഭവപാഠങ്ങൾ തെളിയിട്ടിച്ചുള്ളത്.
- 16.01.2010 ൽ വനംവകുപ്പിൽനിന്നും ഇറക്കിയ സർക്കാർ ഉത്തരവ് Class II ഗസറ്റഡ് തസ്തികയിലേയ്ക്കുള്ള നിയമനം 01.01.1986 ൽ വച്ച് നിരോധിച്ചുകൊണ്ടുള്ളതായിരുന്നു. അതുവരെ Class II ഗസറ്റഡ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനമായിരുന്നു. ഇതുപോലെ തന്നെയായിരുന്ന പോലീസ് വകുപ്പിൽനിന്നും ഇറക്കിയ DySp തസ്തികയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനവും. ഇതുരണ്ടും പരാജയമായിരുന്നെന്ന് കണ്ട് നിർത്തലാക്കിയതാണ്. ബിരുദം അടിസ്ഥാനമാക്കിയിട്ടുള്ളവരുടെ കീഴിൽ ബിരുദംതന്നെ അടിസ്ഥാനമാക്കിയുള്ളവർ മത്സരപരീക്ഷയിലൂടെ കടന്നുവരുന്ന സാഹചര്യത്തിൽ ദീർഘകാലത്തെ സർവ്വീസുള്ളവർ കടന്നുവരേണ്ട സൂപ്പർവൈസറി പോസ്റ്റിൽ നേരിട്ട് നിയമനം നടത്തിയതിന്റെ പരാജയമാണിത്.
- സർവ്വീസ് രംഗം ക്രിയാത്മകമാക്കുന്നതിനും കിടമത്സരം ഒഴിവാക്കുന്നതിനുള്ള സദുദ്ദേശത്തോടുകൂടി കെ.എ.എസ് കൊണ്ടുവരുമ്പോൾ അനുഭവസമ്പത്തും പരിചയസമ്പത്തും ഇല്ലാത്ത ബിരുദം അടിസ്ഥാനമുള്ളവർ വരുമ്പോൾ ഇതെല്ലാമുള്ള വലിയൊരു നിര പരിചയസമ്പത്തുള്ളവർ അവരുടെ കീഴിൽ ജോലി നോക്കേണ്ട സാഹചര്യം വരുന്നു.
- പ്രൊഫഷണൽ ഡിഗ്രിയുള്ള 700 ഓളംപേർ സെക്രട്ടറിയേറ്റിൽ ഉണ്ടെന്നും അത്യാധുനിക ടെയിനിംഗും മറ്റും നൽകികഴിഞ്ഞാൽ ഇന്നുള്ള മാതൃകാപരമായ സംവിധാനം ഏറ്റവും പ്രഗത്ഭമായ രീതിയിൽ ക്രിയാത്മകമായും മത്സരമില്ലാതെയും ജനോപകാരപ്രദവും വളരെ നല്ലരീതിയിൽ കൊണ്ടുപോകുന്നതുമായ ഒരു സർവ്വീസ് ഉണ്ടാകുന്നതാണ്.
- നോൺസിവിൽസർവ്വീസ് കേഡറിലേക്കുള്ള പ്രൊമോഷൻ കാറ്റഗറിയായ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് സമയബന്ധിതമായി പരീക്ഷ നടത്താത്തതാണ് ആവശ്യമായ ഉദ്യോഗസ്ഥരെ ലഭിക്കാത്തതിന് കാരണമെന്നും അതിനാൽ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ തസ്തിക സമാനവൽക്കരിച്ച് സെക്രട്ടറിയേറ്റിലെ അണ്ടർസെക്രട്ടറി തസ്തികയുമായി സമാനത നൽകി മുൻപിറക്കിയ ഉത്തരവ് പരിഗണിക്കണമെന്നും ഇപ്പോൾ കണ്ടെത്തിയ എല്ലാ വകുപ്പുകളിലെയും Class II ഗസറ്റഡ് തസ്തിക സമാനവൽക്കരിച്ച് ഇതിനു പരിഹാരം കണ്ടെത്താവുന്നതുമാണ്.
- മറ്റുസംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ യുവാക്കൾ നേരിട്ട് IAS നേടുന്നുണ്ടെന്നും ബിരുദം അടിസ്ഥാന യോഗ്യതയായി വരുന്നവർക്ക് വളരെ ഉയർന്ന പോസ്റ്റുകളിൽ എത്താൻ ആകർഷമായ മറ്റ് അവസരങ്ങളുണ്ടെന്നും പറഞ്ഞു. കൂടാതെ ബിരുദം അടിസ്ഥാനയോഗ്യതയായും preliminary test ഉം main test ഉം interview ഉം

കഴിഞ്ഞ് 17 ഉം 18 ഉം വർഷം കഴിഞ്ഞ് വരുന്ന തങ്ങൾക്ക് മുകളിലായി യാതൊരു പരിചയസമ്പത്തും ഇല്ലാത്ത തങ്ങളുടെ മക്കളുടെ പ്രായത്തിലുള്ളവർ വരുന്നത് വളരെയേറെ ബുദ്ധിമുണ്ടാക്കുമെന്നും ചൂണ്ടിക്കാട്ടി.

- മറ്റു ഡിപ്പാർട്ടുമെന്റിൽ അച്ചടക്കനടപടിക്കു വിധേയരായവരും വിജിലൻസ് നടപടിനേരിടുന്നവരും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് വരുമ്പോൾ അഴിമതിക്ക് വഴിതെളിയിക്കുകയും ചെയ്യുമെന്നും ഓർമ്മിപ്പിച്ചു. കൂടാതെ ഇത് സെക്രട്ടറിയേറ്റ് ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുകയും ചെയ്യും. അതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിൽനിന്നും സർക്കാർ പിന്മാറണമെന്നും അസോസിയേഷൻ പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

തുടർന്ന് ചർച്ചയിൽ പങ്കെടുത്ത് കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എസ്.ബിജുക്കുട്ടൻ സംസാരിച്ചു. കേരളത്തിലെ സർക്കാർ ജീവനക്കാരുടെ മേഖലയിൽ വികസനോന്മുഖവും ഗുണപരവുമായി പല മാറ്റങ്ങൾക്കും നാന്ദികുറിച്ച ഒരു സർക്കാരാണിതെന്നും എം.ജി.പി.അടക്കമുള്ള പദ്ധതികൾ ജീവനക്കാർക്ക് വരുത്തിവെച്ച നഷ്ടങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട സേവനവ്യവസ്ഥകൾ ഉറപ്പാക്കുന്നതിനും ശ്രമിച്ച മുൻ എൽ.ഡി.എഫ് സർക്കാരുകളുടെ പാതയിലൂടെയാണ് ഈ സർക്കാരും മുന്നോട്ട് പോകുന്നതെന്നും സൂചിപ്പിക്കുകയും അധികാരമേറ്റശേഷം ഈ സർക്കാർ നടപ്പിലാക്കിയ എല്ലാ പ്രവർത്തനങ്ങൾക്കും അസോസിയേഷന്റെ നന്ദിയും കടപ്പാടും അറിയിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ സെക്രട്ടറിയേറ്റ് ജീവനക്കാർക്കിടയിൽ കലുഷിതമായ ഒരു സാഹചര്യമാണ് നിലവിലുള്ളത് ആയതിനാൽതന്നെ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുമുമ്പായി വിശദവും വിഗദ്ധവുമായി പഠനങ്ങൾ അനിവാര്യമാണ്.
- ഇപ്പോൾ ഇറക്കിയ ഉത്തരവ് ക്യാബിനറ്റ് തീരുമാനത്തിന് വിരുദ്ധമായ ഉത്തരവാണെന്നും അതു പുനഃപരിശോധിക്കുന്നതിന് ഒരു മന്ത്രിസഭ ഉപസമിതിയെ നിയോഗിയ്ക്കേണ്ടതുമാണ്.
- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തേണ്ടതില്ലെന്ന പ്രഖ്യാപിതനിലപാടിൽ ഉറച്ചുനിൽക്കുന്നു.
- മറ്റസംസ്ഥാനങ്ങളിൽ നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസിനെ കുറിച്ച് വിശദമായി പഠിക്കുന്നതിനായി നിലവിലുള്ള സെക്രട്ടറിതല സമിതിയെയോ പുതിയ സമിതിയെയോ നിയമിക്കണം.
- ഇത് സംബന്ധിച്ച് പുനഃപരിശോധിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതുവരെ ഇപ്പോൾ പുറത്തിറക്കിയ ഉത്തരവ് മരവിപ്പിയ്ക്കണമെന്നും അവർ ആവശ്യപ്പെട്ടു.
- സിവിൽ സർവ്വീസ് മേഖലയിലും സാമൂഹിക സേവനരംഗത്തും ഈ സർക്കാർ

കൈക്കൊള്ളുന്ന നടപടികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം അതിൽ സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ പങ്കാളിത്തം ഉറപ്പാക്കുവാൻ കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രതിജ്ഞാബദ്ധമാണെന്നും അറിയിച്ചു.

തുടർന്ന് കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ ജനറൽസെക്രട്ടറി എസ്.ബിജു സംസാരിച്ചു. അഴിമതിരഹിതവും കാര്യക്ഷമവുമായി ഒരു സംവിധാനമെന്ന നിലയിൽ മുഖ്യമന്ത്രി തന്നെ സെക്രട്ടറിയേറ്റ് സർവ്വീസിനെ വിലയിരുത്തിയത് ഈ മേഖലയിലെ ജീവനക്കാരുടെ പ്രതിബദ്ധതയാണ് വെളിവാക്കുന്നതെന്നും ആയതിനാൽതന്നെ ഈ മേഖലയിൽവരുന്ന പരിഷ്കാരങ്ങൾ വിശദമായ ചർച്ചയിലൂടെ മാത്രമേ നടപ്പിലാക്കാനാവൂ എന്നും അവർ ആവശ്യപ്പെട്ടു.

- IAS നുതാഴെ നോൺ ഗസറ്റഡ് തസ്തികയ്ക്കുമുകളിൽ ഒരു മദ്ധ്യതല നിയമനമാണ് കെ.എ.എസ്. സെക്രട്ടറിയേറ്റ് ഇതരവകുപ്പുകളിൽ മദ്ധ്യതല സംവിധാനത്തിലേയ്ക്ക് നേരിട്ടുള്ള നിയമനംവഴി ജോലിയിൽ പ്രവേശിക്കുന്നവരുടെ കാര്യക്ഷമത സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്ന സാഹചര്യം ഒരു പുതിയ മദ്ധ്യതലസംവിധാനം രൂപികരിക്കുന്നത് തികച്ചും വിശദമായ പഠനങ്ങൾക്കൊടുവിലാകണമെന്നും അന്യസംസ്ഥാനങ്ങളിൽ രൂപീകൃതമായ സ്റ്റേറ്റ് സിവിൽ സർവ്വീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള വസ്തുത കണക്കിലെടുത്ത് രൂപീകരണത്തിൽനിന്നും സർക്കാർ പിന്മാറണമെന്നും അവർ ആവശ്യപ്പെട്ടു.
- ഇപ്പോൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകളിൽ സെക്രട്ടറിയേറ്റിലെയും മറ്റുവകുപ്പുകളിലെയും പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യതയിലുള്ള വ്യത്യാസം കണക്കിലെടുത്ത് ഈ വകുപ്പുകളിലെ സമാനതസ്തികകളെ ഒരുമിപ്പിക്കുന്ന തീരുമാനം പുനഃപരിശോധിക്കണം.
- സംഘടന നേതാക്കളുമായുള്ള ചർച്ചയിൽ PSU നെയോ സ്വയംഭരണസ്ഥാപനങ്ങളെയോ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ഇപ്പോൾ ഇറങ്ങിയ ഉത്തരവിൽ അതിനുവിരുദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നു.- ഇതിനോട് വിയോജിപ്പുണ്ട്. ആയത് പരിശോധിക്കണം.

ഇതേ തുടർന്ന് കേരള ഫിനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ പ്രതിനിധി ശ്രീ.അബ്ദുൾ വഹാബ് സംസാരിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനോട് യോജിക്കുന്നില്ല. നിലവിലുള്ളവർക്കുതന്നെ ടെയിനിംഗ് നൽകി സിവിൽ സർവ്വീസിനെ മെച്ചപ്പെടുത്തിയാൽ മതി. ഇന്നത്തെ സിവിൽ സർവ്വീസ് തന്നെയാണ് ഇപ്പോഴത്തെ ഭരണപരമായ എല്ലാ നേട്ടങ്ങൾക്കും കാരണമായത്.
- ഫിനാൻസ് സെക്രട്ടറിയേറ്റിലെ 2 സെക്ഷൻ ഒഴികെ എല്ലാ സെക്ഷനുകളും ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. അനുഭവസമ്പത്തിനേക്കാളും മെച്ചമായി ഒന്നിനും കഴിയില്ല.
- പുതുതലമുറയെ പബ്ലിക് സർവ്വീസിൽ കൊണ്ടുവരാൻ നിലവിലുള്ള

സിവിൽസർവ്വീസിനെത്തന്നെ വിപുലീകരിച്ചാൽ മതി.

- ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നതിന്റെ ഫലം ഇനിയും 10 വർഷം കഴിഞ്ഞേ ലഭ്യമാകൂ.
- വിവിധ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് സിവിൽ സർവ്വീസിനെകുറിച്ചുകൂടി പഠനംനടത്തി നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മീഷന്റെ terms and conditions കളും ഉൾപ്പെടുത്തി ഇക്കാര്യം പഠനവിധേയമാക്കണം
- 10% മാറ്റിവയ്ക്കുക എന്നത് ജീവനക്കാരിൽ അസംതൃപ്തി ഉണ്ടാക്കുമെന്നും അതിന്റെ പ്രതിഫലനങ്ങൾ ദൂരവ്യാപകമാണെന്നുമുള്ള ആശങ്ക അറിയിച്ചു.

തുടർന്ന് കേരള നിയമവകുപ്പ് സെക്രട്ടറിയേറ്റ് അസോസിയേഷന്റെ പ്രസിഡന്റ് ശ്രീ.വി.എൻ.രാധാകൃഷ്ണൻ സംസാരിച്ചു. സർക്കാർ നടത്തുന്ന എല്ലാകാര്യങ്ങൾക്കും ജീവനക്കാർ പൂർണ്ണമായി സഹകരിക്കുന്നവരാണെന്നും രണ്ടു മാസക്കാലമായി ജീവനക്കാരിൽ പലവിധം ആശങ്കകൾ സൃഷ്ടിച്ചിരിക്കുകയാണെന്നും അഭിപ്രായപ്പെട്ടു.

- ഇപ്രകാരം ഒരു സിവിൽ സർവ്വീസ് കൊണ്ടുവരുമ്പോൾ ഗുണത്തേക്കാളേറെ ദോഷമേ സൃഷ്ടിക്കൂ എന്നും ഇടത്തട്ടിലുള്ള സർവ്വീസ് കൊണ്ടുവന്ന് ഒരു പുതിയ മദ്ധ്യനിരയെ മാത്രംവച്ച് കാര്യക്ഷമമായ സിവിൽ സർവ്വീസ് ഉണ്ടാക്കുമെന്നത് ഒരു മിഥ്യാധാരണ മാത്രമാണ്.
- ഇക്കാര്യം ഒരു മന്ത്രിതല ഉപസമിതി / സെക്രട്ടറിമാരുടെ കമ്മിറ്റിവച്ച് ഇതിന്റെ നേട്ടങ്ങളേയും കോട്ടങ്ങളേയുംപറ്റി പഠിച്ചശേഷം ജീവനക്കാരെക്കൂടി കണക്കിലെടുത്ത് നടപ്പിലാക്കുന്നതാണ് ഉചിതം എന്നും ആയതിനാൽ ഈ ഉത്തരവ് മരവിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

അതിനുശേഷം കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ് പ്രതിനിധി ശ്രീ.രഞ്ജിത്ത് സംസാരിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കരുത്.
- സെക്രട്ടറിയേറ്റ് സർവ്വീസിലേയ്ക്കുള്ള പ്രവേശനം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് സമാനമായി പ്രാഥമികപരീക്ഷ, മെയിൻ പരീക്ഷ, അഭിമുഖം എന്നിവയ്ക്കുശേഷം നടത്തുന്നതിനാൽ കെ.എ.എസ്സിലേയ്ക്ക് വീണ്ടും ഇത്തരമൊരു മത്സരപരീക്ഷയുടെ ആവശ്യം പരിശോധിക്കേണ്ടതാണ്.
- Methodology of creation of Kerala Civil Service എന്നതിൽ പറയുന്നത് Post of Deputy Collector എന്നത് മാത്രമല്ല, OR in any other post or post declared equivalent thereto by State Government എന്നതാണ്. ഡെപ്യൂട്ടി കളക്ടർമാരിൽനിന്നുംമാത്രം എന്ന് ഒരിടത്തും പറയുന്നില്ല എന്നും അതിനുതുല്യമായ പോസ്റ്റ് സെക്രട്ടറിയേറ്റിൽ തന്നെ നിലനിൽക്കുമ്പോൾ IAS promotion ലേയ്ക്ക് സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരും eligible ആണെന്നും IAS ന്റെ Appointment by Promotion, Regulations, 1955, Rule 5(2)ൽ വ്യക്തമായി പറയുന്നുണ്ടെന്നും ആ

പദവിയിലേയ്ക്ക് സെക്രട്ടറിയേറ്റിൽനിന്നും ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും അഭിപ്രായപ്പെട്ടു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിവിധവശങ്ങൾ പരിശോധിച്ചതന്നെ മുന്നോട്ടുപോകണമെന്നും ത്വരൽക്കാലികമായി ഈ ഉത്തരവ് മരവിപ്പിക്കണമെന്നും സംഘടനാ പ്രതിനിധി ആവശ്യപ്പെട്ടു.

അതേതുടർന്ന് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ പ്രതിനിധി സംസാരിച്ചു. ഇത്തരം ഒരു സിവിൽ സർവ്വീസ് ജീവനക്കാരന്റെ മനോവീര്യവും ആത്മാർത്ഥതയും നഷ്ടപ്പെടുത്തുമെന്നും ഒരു സബ്കമ്മിറ്റി രൂപീകരിച്ച് വിശദമായ പഠനംനടത്തി അതിന്റെ ഗുണവശങ്ങൾ മനസ്സിലാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള സാവകാശം നൽകണമെന്നും അഭിപ്രായപ്പെട്ടു.

ദീർഘമായ ചർച്ചയ്ക്കുശേഷം ബഹു.മുഖ്യമന്ത്രി മറുപടി നൽകി. ചർച്ചയിൽ എല്ലാവരും സമഗ്രമായി പങ്കെടുത്തിട്ടുണ്ടെന്നും എല്ലാവരും പൂർണ്ണഐക്യം പ്രകടമാക്കി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ വലിയ ആശങ്കപ്പെടേണ്ടതില്ല എന്നും ഏതൊരു പുതിയ കാര്യവും വരുമ്പോഴുള്ള ആശങ്കകൾ തന്നെയാണിതെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമ്പോൾ ഈ ആശങ്കകളെല്ലാം പരിഹരിക്കപ്പെടുമെന്നും അറിയിച്ചു. ഇക്കാര്യത്തോട് ഉദ്യോഗസ്ഥർ യോജിക്കണമെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാതിരിക്കാൻ കഴിയില്ല എന്നും ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു. പ്രത്യേകചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ ഉണ്ടാകുമെന്നും ഇനിയൊരു പഠനത്തിന്റെ ആവശ്യമില്ല എന്നും അറിയിച്ചു. എല്ലാവരും സഹകരണത്തിന് മുൻതൂക്കം കൊടുക്കുക എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി യോഗം ഉപസംഹരിച്ചു.

യോഗത്തിൽ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം.വിജയാനന്ദ്, ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.സത്യജീത് രാജൻ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

യോഗം വൈകുന്നേരം 6.00 മണിക്ക് അവസാനിച്ചു.

8189

GOVERNMENT OF KERALA

No. 803512/AR-12(1)/2016/P&ARD.

Personnel & Administrative Reforms,
(AR-12) Department,
Thiruvananthapuram,
Dated : 14.02.2017

From

The Principal Secretary to Government.

To

General Secretary/President,
KERALA SECRETARIAT EMPLOYEES ASSOCIATION/
KERALA SECRETARIAT ASSOCIATION/
KERALA SECRETARIAT STAFF ASSOCIATION/
KERALA FINANCE SECRETARIAT ASSOCIATION/
KERALA LAW SECRETARIAT ASSOCIATION/
KERALA SECRETARIAT EMPLOYEES SANGH/
KERALA SECRETARIAT NGO ASSOCIATION/
KERALA SECRETARIAT LAST GRADE OFFICERS ASSOCIATION.

Sir,

Sub :- Personnel & Administrative Reforms Department– Setting up of Kerala Administrative Service – Discussion with Secretariat Service Organizations- reg.

* * * *

The Chief Secretary desires to a convene a meeting with the service organizations of the Government Secretariat to discuss the matters regarding the setting up of Kerala Administrative Service, at **3.00 PM on 15/02/2017 in the CS's Committee Room** in the Secretariat. Two representative each of the organization are requested to attend the meeting.

Yours faithfully,
Chitra M.S.
Under Secretary
For Principal Secretary to Government

Approved for Issue

Section Officer

LIST OF PARTICIPANTS

	KERALA SECRETARIAT EMPLOYEES ASSOCIATION	
	KERALA SECRETARIAT ASSOCIATION	
	KERALA SECRETARIAT STAFF ASSOCIATION	
2)	KERALA FINANCE SECRETARIAT ASSOCIATION	
3)	KERALA LAW SECRETARIAT ASSOCIATION	
4)	KERALA SECRETARIAT EMPLOYEES SANGH	
5)	KERALA SECRETARIAT NGO ASSOCIATION	
	KERALA SECRETARIAT LAST GRADE OFFICERS ASSOCIATION	

128/17/CM dt. 13/2/17

കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ

റ്റി.സി. 28/1086, തിരുവനന്തപുരം- 695 001. ഫോൺ : 2518160, 2334523
Fax :0471 - 2334523, E-mail: kseags@gmail.com website : www.ksea.in

പ്രസിഡന്റ് : **എൻ. വിജയകുമാർ** 9447764894

ജനറൽ സെക്രട്ടറി : **എം.എസ്. ബിജുക്കുട്ടൻ** 9447021034

PERSONNEL AND ADMINISTRATIVE REFORMS
122622
17 FEB 2017
SECRETARIAT

Chief Secretary

സൂചന: തീയതി 10-02-2017

ബഹു.മുഖ്യമന്ത്രി

വിഷയം: കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം- സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ആശങ്ക പരിഹരിക്കുന്നത് സംബന്ധിച്ച്

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടറിയേറ്റ് ജീവനക്കാരിലുണ്ടായ ആശങ്കയും പ്രതിഷേധവും കണക്കിലെടുത്ത് ജനുവരി 13 ന് അങ്ങ് നടത്തിയ ചർച്ചയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ചർച്ചയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി മുന്നോട്ട് പോകാനുള്ള സർക്കാരിന്റെ ബാദ്ധ്യതയെക്കുറിച്ച് അങ്ങ് വ്യക്തമാക്കുകയും എന്നാൽ ആയത് സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് കൂടുതൽ ഗുണകരമാവുന്ന രൂപത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിശോധിക്കാമെന്ന് ഉറപ്പുനൽകുകയുണ്ടായി. തുടർന്ന് നിർദ്ദിഷ്ട സർവ്വീസ് മൂന്ന് ഘട്ടങ്ങളിലായി മാത്രമെ നടപ്പാക്കുയുള്ളുവെന്നും ഇതിനായി പരിധിയിലുള്ള വകുപ്പിൽ നിന്നും രണ്ടാം ഗസറ്റഡ് തസ്തികയിലുള്ള 10 ശതമാനം തസ്തികകൾ മാത്രമെ എടുക്കുകയുള്ളൂവെന്നും അതിൽ നിയമിക്കപ്പെടുന്നവർക്ക് പ്രത്യേക പ്രമോഷൻ ചാനലായിരിക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഇനിമുതൽ ഐ.എ.എസ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി ഡെപ്യൂട്ടി കളക്ടർമാരെ മാത്രം പരിഗണിക്കുന്ന നിലവിലുള്ള സംവിധാനമായ കേരള സിവിൽ സർവ്വീസ് റൂൾ ഭേദഗതി ചെയ്യുമെന്നും ഇനിമുതൽ കെ.എ.എസ് ആയിരിക്കും ഇതിന്റെ ഫീഡർ കാറ്റഗറിയെന്ന സുപ്രധാന പ്രഖ്യാപനവും അങ്ങ് നടത്തുകയുണ്ടായി. ഇതിന്റെ തുടർ ചർച്ചകൾക്കായി സ്പെഷ്യൽ റൂൾ നിർമ്മിക്കുന്നതിനായി ചുമലപ്പെടുത്തിയ സെക്രട്ടറിതല കമ്മിറ്റിയെ സമീപിക്കാവുന്നതാണെന്നും സൂചിപ്പിക്കപ്പെട്ടു.

തെരഞ്ഞെടുപ്പിന്റെ ഭാഗമായി ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കാനുള്ള ബാധ്യതയും ഇത് സംബന്ധിച്ച് ജനങ്ങൾ പ്രതീക്ഷിക്കുന്ന ഭരണമികവും സർക്കാരിന് പരിഗണിക്കേണ്ടതുണ്ടെന്നും ഒരു സദ്ഭരണം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള സർക്കാർ ഉദ്യമങ്ങളോട് സഹകരിക്കണമെന്നുമുള്ള അങ്ങയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രമങ്ങളുമായി ഞങ്ങൾ

15 FEB 2017

ചീഫ് സെക്രട്ടറി
ബന്ധപ്പെട്ടവരെ വിളിച്ച്
ചർച്ച ചെയ്ത് നടപടി സ്വീകരിക്കുക.
13/2/17
പിണറായി വിജയൻ
മുഖ്യമന്ത്രി

827

S. M. VIJAYANAND
Chief Secretary

Government of Kerala
Secretariat
Thiruvananthapuram-695 001
Tel. +91-471-2333147, 2518181
e-mail : sm.vijayanand@nic.in
chiefsecy@kerala.gov.in

No. 2171 /Misc./2017/CSO. Dated, 25/02/2017.

NOTE

Please see a copy of the draft Special Rules for the Kerala Administrative Service, which have been sent to Chief Minister for policy clearance. In the meanwhile, a team of officers may be put in charge to complete Schedule–II and Schedule-III and confirm the accuracy of the list of Special Rules listed in the report. This may be done immediately.

S.M. VIJAYANAND

Principal Secretary (P&ARD).

JS
Please involve
US (Rules) also.
A→ For Remarks and
Completion of Schedule-II
& List of rules
already
& Schedule-III

SATYAJEET RAJAN
Prl. Secretary
(P & ARD)
Govt. Of Kerala

829

No. 2171 /Misc./2017/CSO. Dated, 25/02/2017.

NOTE

Please see a copy of the draft Special Rules for the Kerala Administrative Service, which have been sent to Chief Minister for policy clearance. In the meanwhile, a team of officers may be put in charge to complete Schedule-II and Schedule-III and confirm the accuracy of the list of Special Rules listed in the report. This may be done immediately.

A

S.M. VIJAYANAND

Principal Secretary (P&ARD).

TS
Please involve abo
& Schedule-III
A-9
& list of rules already
02

(12) 831





Dr.S.KARTHIKEYAN IAS
DIRECTOR OF STATE LOTTERIES

Tel : { OFFICE: 0471- 2305230
- 2305193
(M) 9496007020

FAX : 0471 - 2301740

DIRECTORATE OF STATE LOTTERIES,
VIKAS BHAVAN,
THIRUVANANTHAPURAM- 33.

DO.LETTER No.Estt.4/22287/2017/DSL. Dated: 13.3.2017.

Dear Sir,

In connection with constituting Kerala Administrative Service, the details sought as per DO. Letter No.803512/AR-12 (1)/2016/P & ARD. Dated: 4.3.2017, pertaining to State Lotteries Department is enclosed herewith for information and further action.

Yours Sincerely,

To

Sri.Satyajeet Rajan IAS
Principal Secretary to Government,
P & ARD, Thiruvananthapuram.

KERALA ADMINISTRATIVE SERVICE

Details of Post

(of and above the ranks of 2nd gazette post including common categories)

Department : State Lotteries Department

Post / Designation	Scale of Pay	Cadre Strength	Remarks
Director	IAS	1	
Joint Director	68700 – 110400	3	
Deputy Director	45800 – 89000	4	
District Lottery Officer	40500 – 85000	20	

Certificate

It is certified that the afore-mentioned details / information are verified with the relevant records and ascertained that there is no material misstatement.

Place : Thiruvananthapuram
Date : 13.03.2017

Dr. S. KARTHIKEYAN, IAS
DIRECTOR OF STATE LOTTERIES

(20)

K. K. GOVINDAN NAIR
DIRECTOR

1288729
14 MAR 2017

DEPARTMENT OF SAINIK WELFARE
VIKAS BHAVAN
THIRUVANANTHAPURAM-695 033
Phone
Office : 0471-2304980
Fax : 0471-2304980
Res : 0471-2472401
Mobile : 9447030498
E-mail : dswkerala@gmail.com

DO NO A-1/3157/2017/DSW DATED 07/03/2017

Sir,

Ref: DO No 803512/AR-12 (1)/2016/P & ARD dated 04.03.2017.

Please find attached the details of 2nd Gazetted Posts and above pertaining to Sainik Welfare Department, as desired.

Yours Sincerely

Mr. Satyajeet Rajan
Principal Secretary to Government
Personnel and Administrative Reforms Department
Government of Kerala
Thiruvananthapuram.

837

Kerala Administrative Service
Details of Posts

(of and above the rank of 2nd Gazetted Post Including Common Categories)

Department : **Sainik Welfare**

Post/Designation (higher to lower order including grades)	**Scale of Pay**	**Cadre Strength**	**Remarks**
Director	68700-110400	01*	3rd Gazetted Post
Deputy Director /Zila Sainik Welfare Officer	42500-87000	15*	2nd Gazetted Post 08 - Promotees 07 - Direct .

* All the posts are exclusively reserved for ex-servicemen.

Certificate

It is certified that the afore-mentioned details/information are verified with the relevant records and ascertained that there is no material mis-statements.

Place: Thiruvananthapuram

Date : 13 Mar 2017

(17) 839

E11-4180/2017

Revised

Office of the Director of Panchayats
Thiruvananthapuram, Dated: 08.03.2017
email: directorofpanchayatsestt@gmail.com
Phone – **0471 2321054**

From

The Director of Panchayats
Thiruvananthapuram

To

The Principal Secretary
P&ARD
Thiruvananthapuram.

Sir,

Sub:- Panchayat Department – Kerala Administrative Service – Details of Posts – Reg.

Ref:- D.O. No. 803512 / AR-12 (1) 2016 / P&ARD, Dated: 04.03.2017.

Inviting attention to the reference cited as above. As directed, the Details of Posts of and above the rank of 2nd Gazetted Post including Common Categories forwarded herewith for further necessary action.

Yours faithfully

P. Bala Kiran IAS
Director of Panchayats

Ptk 8/3/17

841

Kerala Administrative Service
Details of Posts

(of and above the rank of 2nd gazette post including common categories)

Department:

Posts/Designation (higher to lower order including grades)	Scale of Pay	Cadre Strength	Remarks
Director of Panchayats	78800-209200	1	IAS
Additional Director of Panchayats	81000-117600	1	
Joint Director of Panchayats	77400-115200	3	Addition to cadre of Joint Director at State Election Commission as Joint Secretary(D)
Deputy Director of Panchayats	45800-89000	18	
Assistant Director of Panchayats	42500-87000	16	

Certificate

It is certified that the afore-mentioned details/information are verified with the relevant records and ascertained that there is no material mis-statements.

Place: Public Office
Date: 08.03.2017

OFFICE OF THE DIRECTOR OF PANCHAYATS
THIRUVANANTHAPURAM-33

(Office seal)

P. Bala Kiran IAS
Director of Panchayats
(Head of the Department with name & seal)

P. BALA KIRAN IAS
Director of Panchayats
Thiruvananthapuram
Kerala

CN.08/03/2017

(15) 843

URGENT

E11/10997/17

Directorate of Social Justice,
Vikasbhavan, Thiruvananthapuram
Date : 09/03/2017

The Director of Social Justice

The Principal Secretary to Government,
P & ARD.

Sir,

Sub : Social Justice Department – Establishment- Kerala Administratve Service – Detais of 2nd Gazetted post and above- Submitting - Reg.

Ref : D.O No 803512/AR-12(1)/2016 P&ARD dated 04/03/2017.

